3352

സാമൂഹ്യപാഠങ്ങൾ

പുസ്തകം 2

1633

ഗവണ്മെൻറിൽനിന്ന് നിയമിച്ച
കമ്മിറ്റി തയാറാക്കിയതു്.

1959

3352

സാമൂഹ്യപാഠങ്ങൾ

പുസ്തകം 2

1633

ഗവണ്മെൻറിൽനിന്നും നിയമിച്ച കമ്മിറ്റി
തയാറാക്കിയതു്.

1959.

വില 50 നയാപൈസെ

കോപ്പി 2,30000

Printed at the Janayugom Press, Quilon
for the Government of Kerala

C

GOVERNMENT OF KERALA.

1959

3352

ഉള്ളടക്കം


		പേജ്
അദ്ധ്യായം	1. ഇന്ത്യാ—സാമാന്യഭൂമിശാസ്ത്രം	1
,,	2 ഇന്ത്യയുടെ പ്രകൃതിസമ്പത്ത്	8
,,	3 സമ്പത്ത് വളർപ്പിക്കുവാനുള്ള മാർഗ്ഗങ്ങൾ	15
,,	4. നമ്മുടെ നഗരങ്ങളും ജനങ്ങളും	23
,,	5. ഇന്ത്യയുടെ ഐക്യം	29
,,	6 ലോകപ്രശസ്തരായ ചില മഹാന്മാർ	38
,,	7. നാണയവ്യവസ്ഥിതി	59
,,	8. രാഷ്ട്രം—രാജ്യസംരക്ഷകനും നീതിപാലകനുമെന്ന നിലയിൽ	67
,,	9. ക്ഷേമരാഷ്ട്രസിദ്ധാന്തം	71

സാമൂഹ്യപാഠങ്ങൾ

അദ്ധ്യായം 1

ഇന്ത്യാ—സാമാന്യസ്വരൂപദർശനം.

1. കിടപ്പും അതിരുകളും. ഇന്ത്യാ അല്ലെങ്കിൽ ഭാരതം നമ്മുടെ മാതൃരാജ്യമാണല്ലോ. ഇതിന്റെ കിടപ്പ് ഏഷ്യാ വൻകരയിലാണ്. ഏഷ്യയുടെ തെക്കുഭാഗത്ത് മദ്ധ്യം അല്പദ്വീപകളുണ്ട്. അവയിൽ മദ്ധ്യഭാഗത്തുള്ളതാണ് ഇന്ത്യാ. ബംഗാൾ ഉൾക്കടലും അറബിക്കടലും ഹിമാലയപർവ്വതവും ഇന്ത്യയെ ഏഷ്യയുടെ മറ്റു ഭാഗങ്ങളിൽനിന്നു വേർതിരിക്കുന്നു. കരയിൽ, ഇന്ത്യയുടെ അതിർത്തിയിൽ ഉള്ള രാജ്യങ്ങൾ, പടിഞ്ഞാറുനിന്നു കിഴക്കോട്ട് പശ്ചിമപാകിസ്ഥാൻ, റഷ്യാ, ചൈന, ബർമ്മാ, കിഴക്കൻ പാകിസ്ഥാൻ എന്നിവയാകുന്നു. കിഴക്കു ബംഗാൾ ഉൾക്കടലും, തെക്ക് ഇന്ത്യാ സമുദ്രവും, പടിഞ്ഞാറ് അറബിക്കടലും കിടക്കുന്നു. മേല്പറഞ്ഞ യുടെ വടക്കാണ് നമ്മുടെ രാജ്യത്തിന്റെ കിടപ്പ്. ഉത്തരായനരേഖ ഏതാണ്ട് ഇന്ത്യയുടെ മദ്ധ്യഭാഗത്തുകൂടിയാണ് പോകുന്നത്. തന്മൂലം ഉഷ്ണമേഖലയിലും മിതോഷ്ണമേഖലയിലും ആയിട്ടാണ് ഇന്ത്യയുടെ കിടപ്പ്. ഇന്ത്യയുടെ കിടപ്പും അതിർത്തിരാജ്യങ്ങളും ഭൂപടത്തിൽനോക്കി മനസ്സിലാക്കുക.



2 **ഭൂപ്രകൃതി.** ഭൂപ്രകൃതിയെ പൊതുവേ നാലായി തിരിക്കാം. വടക്കോട്ടുള്ള ഹിമാലയപർവ്വതപ്രദേശം, അതിനു തെക്കുള്ള ഗംഗാ-ബ്രഹ്മപുത്രാസമതലം, അതിനുതെക്ക് ത്രികോണാകൃതിയിലുള്ള ഡക്കാൺ പീഠഭൂമി, പീഠഭൂമിക്ക് ഇരുവശങ്ങളിലുമുള്ള സമുദ്രതീരപ്രദേശങ്ങൾ എന്നിവയാണവ.

ഇന്ത്യയുടെ വടക്കുഭാഗത്തു കിടക്കുന്ന ഹിമാലയൻപർവ്വതത്തിനു് 1500 മൈൽ നീളമുണ്ടു്. 150 മൈൽ വീതിയുംകാണും. ലോകത്തിൽവെച്ചു് ഏറ്റവും ഉയരംകൂടിയ മലയാണിതു്. ഭൂമിയിലെ ഏറ്റവും പൊക്കം കൂടിയ എവറസ്റ്റ്കൊടുമുടി ഈ പർവ്വതത്തിലത്രെ. സിന്ധു, ഗംഗാ, ബ്രഹ്മപുത്രാ എന്നീ നദികളും അവയുടെ കുറേ പോഷകനദികളും ഉത്ഭവിക്കുന്നതു ഹിമാലയത്തിൽനിന്നാണു്. അവകർഷക വെള്ളം നൽകുന്നതും ഹിമാലയത്തിലെ മഞ്ഞാണു്.

ഗംഗാ-ബ്രഹ്മപുത്രാ സമതലം പടിഞ്ഞാറു് വീതി കൂടിയും കിഴക്കു് വീതികുറഞ്ഞും ഇരിക്കുന്നു. ഈ ഹിന്ദുസ്ഥാൻസമതലത്തിന്റെ തുടച്ചയായ സിന്ധുതടം ഇപ്പോൾ പാകിസ്ഥാനിൽ ഉൾപ്പെട്ടിരിക്കുന്നു. സിന്ധുനദിയിൽ ചെന്നുചേരുന്ന സത്ലജ്നദി, ഗംഗാ, ബ്രഹ്മപുത്രയുടെ കുറേ ഭാഗം എന്നിവ ഈ സമതലത്തിൽകൂടി ഒഴുകുന്നു. ധാരാളംഎക്കൽമണ്ണുള്ള ഈ സമതലം ഫലഭൂയിഷ്ഠമാണു്. ഈ പ്രദേശത്താണു് ഇന്ത്യയിലെ അധികം ജനങ്ങളും താമസിക്കുന്നതു്.


വിന്ധ്യാ-ശിവപുര പർവ്വതങ്ങൾക്കു് തെക്കും പശ്ചിമഘട്ടത്തിനും പൂർവ്വഘട്ടത്തിനും ഇടയിലും കിടക്കുന്ന ഉയർന്ന പീഠഭൂമിയാണു് ഡക്കാൻ. തെക്കോട്ടു വരുമ്പോൾ ഇതിനു വീതി കുറയുന്നു. പീഠഭൂമിക്കു, പടിഞ്ഞാറുനിന്നു കിഴക്കോട്ടുണ്ടു ചരിവു്. അതുകൊണ്ടാണു് മഹാനദി, ഗോദാവരി, കൃഷ്ണ, കാവേരി എന്നീ നദികൾ കിഴക്കോട്ടൊഴുകി ബംഗാൾ ഉൾക്കടലിൽ ചെന്നുചേരുന്നതു്. വടക്കുപടിഞ്ഞാറെ ഭാഗം ഫലപുഷ്ടിയുള്ള കരിമൺ നിറഞ്ഞതാണു്. ചെമ്മൺ നിറഞ്ഞ വരണ്ട പ്രദേശമാണു് ബാക്കിയുള്ളവ. ആകെ പാർപ്പു കുറവാകുന്നു.

ഡക്കാൻ പീഠപ്രദേശത്തിന്റെ ഇരുവശങ്ങളും സാമാന്യം ഫലപുഷ്ടിയും ആൾപാർപ്പും ഉള്ള തീരപ്രദേശമാണു്. പശ്ചിമതീരത്താണു് ബോംബെ, കൊച്ചി എന്നീ തുറമുഖങ്ങൾ. പൂർവ്വതീരത്തിനു വീതി കൂടും. ഒറീസ്സാ, ആന്ധ്രപ്രദേശ്, മദ്രാസ് എന്നീ സ്റ്റേറ്റുകളുടെ കടലോരം പൂർവ്വതീരത്തിലാണു്. പശ്ചിമതീരത്തു് ബോംബെ, മൈസൂർ, കേരളം എന്നീ സ്റ്റേറ്റുകളുടെ തീരപ്രദേശം കാണുന്നു.




3 കാലാവസ്ഥ. ചൂട്, കാറ്റ്, മഴ മുതലായവയുടെ ശരാശരി അവസ്ഥയെയാണ് കാലാവസ്ഥയെന്നു പറയുന്നത്. ഇന്ത്യയുടെ തെക്കേ പകുതി ഉഷ്ണമേഖലയിലും വടക്കേഭാഗം മിതോഷ്ണമേഖലയിലുമാണ്. അതുകൊണ്ട് തെക്കുനിന്നു വടക്കോട്ടു പോകുന്തോറും ഉഷ്ണം കുറഞ്ഞുകുറഞ്ഞുവരും. സമുദ്രത്തിന്റെയും മലയുടെയും സ്വാധീനം ഉള്ള സ്ഥലങ്ങളിൽ ഉഷ്ണകാഠിന്യം അത്രയില്ല. കടലിൽനിന്നും മലയിൽനിന്നും ദൂരെ സ്ഥിതിചെയ്യുന്ന സ്ഥലങ്ങ

ളിൽ ഉഷ്ണകാലത്തു നല്ല ചൂടും ശീതകാലത്തു നല്ല തണുപ്പുമനുഭവപ്പെടും. കേരളത്തിൽ താമസിക്കുന്നവർക്ക് ഉഷ്ണവ്യത്യാസം കാര്യമായി അനുഭവപ്പെടുന്നില്ല. ദൽഹിയിലും ആഗ്രായിലും, ഉള്ളവർക്ക് ഉഷ്ണവ്യത്യാസം നല്ലപോലെ അനുഭവപ്പെടും. മാർച്ചുമാസം മുതൽ സെപ്തംബർവരെ, സൂര്യൻ ഇന്ത്യയുടെ മുകളിലായി കാണപ്പെടും. അക്കാലത്തു് പൊതുവേ ഇന്ത്യയിൽ വലിയ ചൂടാണു്. സെപ്തംബർ കഴിഞ്ഞാൽ സൂര്യന്റെ തെക്കോട്ടുള്ള സങ്കല്പയാത്രയായി. ഡിസംബർ, ജനുവരിമാസങ്ങളിൽ സൂര്യൻ ദക്ഷിണായനരേഖാപ്രദേശത്താ



ഴിരിക്കും. അപ്പോൾ ഇന്ത്യയിൽ പൊതുവേ തണുപ്പാണ്. തെക്കോട്ട നീങ്ങുന്തോറും കലശലായ തണുപ്പായിരിക്കും.

ഉഷ്ണത്തെ ആശ്രയിച്ചാണ് കാറ്റിന്റെ നില. ജൂൺ മുതൽ സെപ്തംബർവരെ ഇന്ത്യയിൽ നല്ല ചൂടാണ്. അവിടത്തെ വായു ചൂടുപിടിച്ചു മേല്പോട്ടുയരുന്നു. അപ്പോൾ ഇന്ത്യാസമുദ്രത്തിൽനിന്നു നീരാവിനിറഞ്ഞ തെക്കുപടിഞ്ഞാറൻ മൺസൂൺകാറ്റ് ഇന്ത്യയിലേയ്ക്കടിക്കുന്നു. പശ്ചിമഘട്ടം തടഞ്ഞുനിർത്തുന്നതുകൊണ്ട് പടി



ഞാറേതിരത്തും, ഹിമാലയവും ആസ്സാമിലെ മലകളും തടഞ്ഞു നിർത്തുന്നതുകൊണ്ട് ആസ്സാം ബംഗാൾപ്രദേശത്തും, ഈ കാറ്റിൽ നിന്ന നല്ല മഴ കിട്ടുന്നു. ഹിന്ദുസ്ഥാൻ സമതലത്തിൽ കിഴക്കു ഭാഗത്തു കിട്ടുന്നതു മഴ പടിഞ്ഞാറോട്ടു നീങ്ങുമ്പോൾ ഉണ്ടാകുന്നില്ല. കാരണമെന്തു? സെപ്തംബർ കഴിഞ്ഞാൽ സൂര്യന്റെ ഗതിയനുസരിച്ചു്, ഇന്ത്യക്കു തെക്കു് ഉഷ്ണം അധികമാകുന്നു. തന്മൂലം ഒക്ടോബർ നവംബർ മാസങ്ങളിൽ ഉഷ്ണമേഖലയിൽ വടക്കുകിഴക്കൻ ഭാഗങ്ങളിൽനിന്നു് ഇന്ത്യയിലേയ്ക്കു കാറടിക്കുന്നു. ഇതിനെ വടക്കുകിഴക്കൻ മൺസൂൺകാറ്റു് അല്ലെങ്കിൽ പിന്മാറ്റ മൺസൂൺ കാറ്റു് എന്നു പറയുന്നു. ഈ കാറ്റു് വരണ്ട കാറ്റാണു്. എന്നാൽ ബംഗാൾ ഉൾക്കടൽ കടന്നുവരുമ്പോൾ കുറച്ചു നീരാവി കിട്ടും. തന്മൂലം പൂർവ്വതിരത്തും കേരളത്തിലും ഈ കാറ്റിൽനിന്നു് അല്പം മഴ കിട്ടും. ഇന്ത്യയിൽ ലഭിക്കുന്ന മഴയിൽ തൊണ്ണൂറുശതമാനവും തെക്കുപടിഞ്ഞാറൻ മൺസൂൺകാറ്റിൽനിന്നാണു്.

കാലാവസ്ഥയെ അടിസ്ഥാനമാക്കി ഇന്ത്യയിൽ മൂന്നു കാലങ്ങൾ ഉണ്ടെന്നു പറയാം. ജൂൺമുതൽ നവംബർവരെ മൺസൂൺ കാലവർഷക്കാലമാണു്. ഇന്ത്യയുടെ മഴക്കാലമാണിതു്. ഇന്ത്യയിൽ എല്ലായിടത്തും ഒക്ടോബർ നവംബർമാസങ്ങളിൽ മഴയുണ്ടാകുകയില്ലെന്നു് ഓർക്കണം. ഡിസംബർമുതൽ ഫെബ്രുവരിവരെ മഴയില്ലാത്ത ശീതകാലമാണു്. മാർച്ചു മുതൽ മേയ്വരെ വരൾച്ചയുള്ള വേനൽക്കാലമാകുന്നു. ഇന്ത്യാ വളരെ വിശാലമായ ഒരു രാജ്യമായതുകൊണ്ടു്, കാലങ്ങളുടെ മാസങ്ങൾ പറഞ്ഞിട്ടുള്ളതു് എല്ലായിടത്തും ശരിയാകണമെന്നില്ല. അല്പസ്വല്പം വ്യത്യാസങ്ങൾ കാണാം.

ചോദ്യങ്ങൾ:—

1. ഇന്ത്യാ ഏതെല്ലാം മേഖലകളിൽ കിടക്കുന്നു?
2. കരയിൽ ഇന്ത്യയുടെ അതിർത്തിയിൽകിടക്കുന്ന രാജ്യങ്ങളേവ?
3. ഇന്ത്യയുടെ പ്രധാന പ്രകൃതിവിഭാഗങ്ങളേവ?
4. കാലാവസ്ഥയനുസരിച്ചു് ഇന്ത്യയിൽ എത്ര കാലങ്ങളുണ്ടു്?

5. ഇന്ത്യയിൽ അടിക്കടി കാറ്റുകൾ ഏവ?
6. ഏതു കാറ്റിൽനിന്നു് ഇന്ത്യയ്ക്കു സമൃദ്ധിയായി മഴ ലഭിക്കുന്നു? എന്തുകൊണ്ടു്?

അദ്ധ്യായം 2

ഇന്ത്യയുടെ പ്രകൃതിസമ്പത്തു്

പ്രകൃതിയുടെ അനുഗ്രഹം നല്ലപോലെയുള്ള ഒരു രാജ്യമാണു് ഭാരതം. മൃഗങ്ങളും സസ്യങ്ങളും ധാതുദ്രവ്യങ്ങളും മൺതരങ്ങളും മലകളും നദികളും സമുദ്രവുമെല്ലാം ഇന്ത്യയുടെ പ്രകൃതിസമ്പത്താണു്. ഈ പ്രകൃതിവിഭവങ്ങളെ വർദ്ധിപ്പിക്കുന്നതിനും കൂടുതൽ ഉപയോഗയോഗ്യമാക്കുന്നതിനും ആവശ്യമായ മനുഷ്യപ്രയത്നവും ധാരാളമുണ്ടു്. ഇന്ത്യയിൽ സുലഭമായി കാണുന്ന പ്രകൃതിസമ്പത്തു് ഇനം തിരിച്ചു പഠിക്കാം.

1. മൃഗങ്ങൾ. കാടുകളിലും അവയോടു തൊട്ടുകിടക്കുന്ന കുറിക്കാടുകളിലും പുൽപ്രദേശങ്ങളിലുമാണു് വന്യമൃഗങ്ങൾ ധാരാളമായി കാണുന്നതു്. ഇവയുടെ തോൽ, കൊമ്പു്, എല്ലു് മുതലായവ മനുഷ്യർക്കു പ്രയോജനപ്പെടുന്നവയാണു്. മാൻ, പന്നി, മുയൽ, കാട്ടുപോത്തു് ആദിയായ മൃഗങ്ങളുടെ മാംസവും ചിലർ ഉപയോഗിക്കുന്നു. അനേകതരം മൃഗങ്ങളും പക്ഷികളും പാമ്പുകളും ഇന്ത്യയിൽ കാണുന്നുണ്ടു്. സിംഹം, പുലി, കരടി, കടുവാ, കാണ്ടാമൃഗം, ആന, ചെന്നായ്, കീരി, വെരു, കാട്ടുപോത്തു്, മാൻ, പന്നി, കുരങ്ങു്, മുയൽ, മയിൽ, ചീങ്കണ്ണി, മുതല എന്നിവയെ ഇന്ത്യയുടെ പല ഭാഗങ്ങളിലും കാണാം. സിംഹം കത്തിയവാർ ഉപദ്വീപിനടുത്തുള്ള വനങ്ങളിൽമാത്രമേ ഇപ്പോഴുള്ളു. കാണ്ടാമൃഗം ആസ്സാമിലെ കാടുകളിലും, ആന ആസ്സാമിലെയും തെക്കേഇന്ത്യയിലെയും കാടുകളിലുമാണുള്ളതു്. മറവുള്ള ജീവികളെ എല്ലാ ഭാഗത്തും കാണാം. കരടി, വരയാടു്, കാട്ടാടു്, എന്നിവ ഹിമാലയൻകാടുകളിൽ സുലഭമാണു്. പശ്ചിമഘട്ടത്തിലെയും പൂർവ്വഘട്ടത്തിലെയും കാടുകളിൽ കാട്ടുപോത്തു് ധാരാളമുണ്ടു്. ഇന്ത്യയിൽ അപൂർവ്വമായി കണ്ടുവരുന്ന സിംഹവും കാണ്ടാമൃഗവും

നശിച്ചുപോകാതിരിക്കുവാൻ ഗവണ്മെൻറ് ചില മുൻകരുതലുകൾ ചെയ്തിട്ടുണ്ട്. ചില വനങ്ങളിൽ വന്യമൃഗസംരക്ഷണകേന്ദ്രങ്ങൾ തുറന്നിരിക്കുന്നു. നമ്മുടെ സ്റ്റോറിലെ തേക്കടി അപ്രകാരമുള്ള ഒന്നാണ്.


വളർത്തുമൃഗങ്ങളും ഇന്ത്യയിൽ സുലഭമാണ്. കന്നുകാലികൾ, ആട്, കുതിര, കഴുത, പോത്ത്, ഒട്ടകം, ആന എന്നിവയാണ് നമ്മുടെ വളർത്തുമൃഗങ്ങൾ. ലോകത്തിലേയ്ക്കും അധികം കന്നുകാലികളുള്ള രാജ്യമാണ് ഇന്ത്യാ. രാജസ്ഥാനിൽ ഒട്ടകവും ഉത്തരേന്ത്യൻമലനാട്ടുകളിൽ കഴുതയും, മൺസൂൺകാടുകളിൽ ആനയും സവാരിക്കും ഭാരംചുമക്കുന്നതിനും ഉപയോഗിക്കപ്പെടുന്നു. കാള, പോത്ത്, എന്നിവയെ നിലംഉഴുന്നതിനുപയോഗിച്ചുവരുന്നു. ഇന്ത്യയിൽ 15 കോടി കന്നുകാലികളും എട്ടുകോടി ആടുകളും നാലു കോടി എരുമകളും ഉണ്ടത്രേ. വർഷംപ്രതി ഇവയിൽനിന്നു വമ്പിച്ച ആദായം കിട്ടുന്നുണ്ട്.

2. സസ്യങ്ങൾ. കാലാവസ്ഥയും ഭൂപ്രകൃതിയും അനുസരിച്ചാണല്ലോ പ്രാകൃതിക സസ്യവർഗ്ഗങ്ങളുണ്ടാകുന്നത്. മഴ കൂടുതലുള്ള സ്ഥലങ്ങളിൽ കാടുകളും, കുറവുള്ള സ്ഥലങ്ങളിൽ കുറിക്കാടുകളും പുല്ലും വളരുന്നു. ഇന്ത്യയിൽ ഏകദേശം അഞ്ചിലൊരുഭാഗം വനങ്ങളുണ്ട്. വനങ്ങൾ നമുക്ക് മരം, വിറക്, ഔഷധങ്ങൾ, തേൻ, ചൂരൽ മുതലായവ തരുന്നു. ക്രമംതെറ്റാതെ മണ്ണൊലിപ്പു തടയും; ഉണ്ണുന്നതിനുമിതപ്പെടുത്തും; വർഷവാതം, ഫലപുഷ്ടി എന്നിവയെ അനുകൂലമാക്കിത്തരും. വനങ്ങളില്ലെങ്കിൽ പല മൃഗങ്ങളും നശിച്ചുപോകുകയും ചെയ്യും

വനങ്ങളിൽനിന്നുകിട്ടുന്ന ഉറപ്പുള്ള മരങ്ങൾ തേക്ക്, ഈട്ടി, എബണി, സാൽ എന്നിവയാണ്. ഹിമാലയൻവനങ്ങളിൽനിന്ന് പൈൻ, ദേവതാരം മുതലായ മൃദുമരങ്ങൾ ലഭിക്കുന്നു. സിങ്കോണ നീലഗിരിക്കാടുകളിലും, ചന്ദനം മൈസൂർവനങ്ങളിലും, യൂക്കാലിപ്റ്റസ് ദക്ഷിണേന്ത്യൻകാടുകളിലും വളരുന്നു. ഇവ ഔഷധങ്ങൾഉൽപാദകമാകുന്നവയാണ്. മുളയും ചൂരലും മൺസൂൺകാടുകളിൽ ധാരാളമുണ്ട്. മലഞ്ചരുവിൽ ഏലം, തേയില, കാപ്പി, റബ്ബർ, ഈന്തപ്പുൽ മുതലായ തോട്ടക്കൃഷികൾ ചെയ്തുവരുന്നു. മാവ്, പ്ലാവ്, കശുമാവ്, വാഴ മുതലായവ എല്ലാഭാഗങ്ങളിലും കാണാം. തെങ്ങ് അധികവും കാണുന്നതു കേരളക്കരയിലാണ്. വടക്കു

കിഴക്കൻ സംസ്ഥാനങ്ങളിലെ കാടുകളിൽകാണുന്ന ഒരുതരം വൃക്ഷത്തിന്റെ ഇലകൾതിന്നു ജീവിക്കുന്ന ജന്തുക്കളിൽനിന്നാണ് അരക്ക് ലഭിക്കുന്നു. കടലാസ്സുണ്ടാക്കുവാൻ ഉതകുന്ന വൃക്ഷങ്ങളും ടർപ്പൻറൈൻലഭിക്കുന്ന മരങ്ങളും ഹിമാലയൻപ്രദേശത്തെ സൂചിയിലക്കാടുകളിൽ ഉണ്ടല്ലോ.

3. ധാതുദ്രവ്യങ്ങൾ. ഭൂഗർഭത്തിൽനിന്നു ഖനനംചെയ്യെടുക്കുന്ന വിലയേറിയ വസ്തുക്കളാണ് ധാതുദ്രവ്യങ്ങൾ. ലോഹങ്ങളും കല്ലുകളി, പെട്രോൾ ആദിയായവയും ഖനനവസ്തുക്കളാണ്. പല വിലപിടിച്ച ധാതുപദാർത്ഥങ്ങളും ഇന്ത്യയിൽനിന്നു ലഭിക്കുന്നുണ്ട്.



i) കല്ലുരി. ഫാക്ടറികളിലും മില്ലുകളിലും തീവണ്ടികളിലും യന്ത്രങ്ങൾനടത്തുന്നതിനു് കൽക്കരി ആവശ്യമാണു്. ബീഹാർ, പശ്ചിമബംഗാൾ, ഒറീസ്സാ, മദ്ധ്യപ്രദേശു് എന്നിവിടങ്ങളിൽനിന്നു് ഇതു കുഴിച്ചെടുക്കുന്നു.

ii) ഇരുമ്പു്: യന്ത്രങ്ങളും, റയിൽപാതകളും പാലങ്ങളും നിർമ്മിക്കുവാൻ ഇരുമ്പു് ആവശ്യമാണല്ലോ. ബീഹാർ, ഒറീസ്സ, മദ്ധ്യപ്രദേശു്, മദ്രാസു്, മൈസൂർ എന്നീ സംസ്ഥാനങ്ങളിൽ ഇരുമ്പു് ഖനനംചെയ്യുന്നുണ്ടു്


iii) മാംഗനീസു്. നല്ലതരം ഉരുക്കുനിർമ്മിക്കുവാൻ മാംഗനീസു് ഉപകരിക്കുന്നു. സ്വാതന്ത്ര്യലബ്ധിക്കുശേഷം ഏറ്റവും അധികം മാംഗനീസു് ഉല്പാദിപ്പിക്കുന്ന രാജ്യം ഇന്ത്യയാണു്. മദ്ധ്യപ്രദേശു്, ആന്ധ്രപ്രദേശു്, മൈസൂർ എന്നീ സ്ഥലങ്ങളിൽ ഇതു ഖനനംചെയ്തെടുക്കുന്നു.

iv) അഭ്രം. വിദ്യുച്ഛക്തി ഉപകരണങ്ങളും ഉണ്ടാക്കുവാനും ചില്ലിനുപകരം ഉപയോഗിക്കുവാനും അഭ്രം ഉപകരിക്കുന്നു. ലോകത്തിൽ ഏറ്റവും അധികം അഭ്രം ഉല്പാദിപ്പിക്കുന്ന രാജ്യം ഇന്ത്യയത്രെ. ബീഹാർ, ആന്ധ്രപ്രദേശു് എന്നീ സ്ഥലങ്ങളിൽനിന്നു് ഇതു ലഭിക്കുന്നു.


v) ലോഹമണലുകൾ. ഇൽമനൈറ്റു്, മോണസൈറ്റു് എന്നീ ലോഹമണലുകളിൽനിന്നു് ടൈറ്റാനിയം, തോറിയം, യൂറാനിയം മുതലായവ ലഭിക്കുന്നു. ടൈറ്റാനിയം ചായംനിർമ്മിക്കുന്നതിനും, തോറിയം ഗ്യാസ്മാൻറിൽ ഉണ്ടാക്കുന്നതിനും, യൂറാനിയം അണുശക്തി ഉല്പാദനത്തിനും ആവശ്യമാണു്. കേരളത്തിലെ കടലോരത്തു് ഇവ ധാരാളം കാണപ്പെടുന്നു.

vi) അലൂമിനിയം. വീട്ടിലുപയോഗിക്കുന്ന പാത്രങ്ങൾ ഉണ്ടാക്കുവാനും വിമാനങ്ങൾ നിർമ്മിക്കുവാനും അലൂമിനിയം ഉപയോഗിക്കുന്നു. ഘനംകുറഞ്ഞു് ഉറപ്പുള്ള ഒരു ലോഹമാണിതു്. ബീഹാർ മദ്ധ്യപ്രദേശു്, ബൊംബെ എന്നീ സ്ഥലങ്ങളിൽനിന്നു കിട്ടുന്നു.

ഇവ കൂടാതെ മറ്റു പല ധാതുദ്രവ്യങ്ങളും ഇന്ത്യയിൽ പല ഭാഗങ്ങളിലായി കുഴിച്ചെടുക്കുന്നുണ്ടു്. സ്വർണ്ണം, പെട്രോൾ, ഉപ്പു്, ചെമ്പു്, ഗന്ധകം എന്നിവ ദുർല്ലഭമായിട്ടേ കിട്ടുന്നുള്ളു. ഇരുമ്പും, മാംഗനീസും, അഭ്രവുമാണു് ധാരാളം.



4. മൺതരങ്ങൾ. മുഖ്യമായും ഇന്ത്യയിൽ നാലുതരം മണ്ണ് കണ്ടുവരുന്നു. നദീതടങ്ങളിലും സമതലങ്ങളിലും കാണുന്ന ഫല പുഷ്ടിയുള്ള എക്കൽമണ്ണ്, നെല്ല്, ഗോതമ്പ്, കരിമ്പ് മുതലായ കൃഷികൾ യോജിച്ചതാണ്. ഗംഗാ–ബ്രഹ്മപുത്ര സമതലത്തിലും സമുദ്രതീരപ്രദേശങ്ങളിലും ഇത്തരം എക്കൽ (വണ്ടൽ) മണ്ണാണുള്ളത്. ഡക്കാൻറെ വടക്കുപടിഞ്ഞാറെഭാഗത്തു പരുത്തിക്കൃഷിക്കുപറ്റിയ കരിമണ്ണു കാണുന്നു. മണൽപ്രദേശമാണ് രാജസ്ഥാൻ. ഇന്ത്യയുടെ മറ്റുഭാഗങ്ങളിൽ, ഉയരംകൂടിയ പ്രദേശങ്ങളിൽ പ്രത്യേകിച്ചും, കാണുന്നതു പാറകലർന്നുണ്ടാകുന്ന ഒരുതരം ചെമ്മണ്ണാണ്.



5. മലകളും നദികളും. ഭൂഗർഭങ്ങളും സമുദ്രങ്ങളും ഖനനവസ്തുക്കളുംപോലെ മറെറാരു വിലപിടിച്ച പ്രകൃതിസമ്പത്താണ് നമ്മുടെ രാജ്യത്തിലെ മലകളും നദികളും. കാലാവസ്ഥയെ നിയന്ത്രിക്കുന്നതിനും, കാട്ടുകൾ വളരുന്നതിനും, നദികൾക്കു വെള്ളംലഭിക്കുന്നതിനും മലകൾ പ്രയോജനപ്പെടുന്നു. ഹിമാലയം വടക്കുനിന്നുള്ള ശത്രുക്കളുടെ ആക്രമണത്തിൽനിന്നും രക്ഷനല്കുന്ന ഒരു വലിയകോട്ട മതിൽക്കുടിയാണ്. ഹിമാലയം, ആസ്സാംമലകൾ, ആരവല്ലി, വിന്ധ്യാ, ശതപുർ, പശ്ചിമഘട്ടം, പൂർവ്വഘട്ടം എന്നിവയാണ നമ്മുടെ മലകൾ. ഇന്ത്യയിലെ കാട്ടുകളും ഇവിടങ്ങളിലാണല്ലോ.

കൃഷിക്കു വെള്ളവും, വ്യവസായങ്ങൾക്കു വിദ്യുച്ഛക്തിയും, ഗതാഗതത്തിനുവേണ്ട സൗകര്യവും, ആഹാരത്തിനുമത്സ്യവും നമുക്കു നദികളിൽനിന്നു ലഭിക്കുന്നു. സിന്ധു, സത്‌ലജ്, യമുന, ഗംഗാ, ബ്രഹ്മപുത്ര എന്നിവ ഹിമാലയത്തിൽനിന്നുത്ഭവിക്കുന്നു. വിന്ധ്യാപർവ്വതങ്ങളിൽനിന്നുത്ഭവിച്ചു് ചമ്പാൽനദി യമുനയിലും സോൺനദി ഗംഗയിലും ചെന്നുചേരുന്നു. നർമ്മദാ, തപ്തി, കാവേരി, കൃഷ്ണ, ഗോദാവരി, മഹാനദി, ദാമോദർ എന്നീ നദികളുടെ ഉത്ഭവവും പതനവും ഭൂപടംനോക്കി മനസ്സിലാക്കുക. ഹിമാലയത്തിൽനിന്നുത്ഭവിക്കുന്ന ഉത്തരേന്ത്യൻനദികളിൽ എല്ലാക്കാലത്തും വെള്ളമുണ്ടു്. വേനൽക്കാലത്തു് വെള്ളപ്പൊക്കവും ഉണ്ടാകും. ഡക്കാനിലെ നദികളിൽ മൺസൂൺമഴക്കാലത്തു ധാരാളം വെള്ളംകാണുന്നു. വേനൽക്കാലത്തു് ഇവ വെള്ളംകുറഞ്ഞു വരണ്ടിരിക്കും. ഒക്ഷിണേന്ത്യൻനദികൾക്കു ദൈർഘ്യവും കുറവാണു്.

6. കടൽസമ്പത്തു്. ഇന്ത്യയുടെ മൂന്നുഭാഗത്തുമുള്ള കടലുകളിൽനിന്നു് നമുക്കുകിട്ടുന്നതു് ഉപ്പു്, മത്സ്യം, മുത്തു് എന്നിവയാണു്. ബോംബെ, കേരളം, മദ്രാസു്, ഒറീസ്സ എന്നീ സ്റ്റേയിറ്റുകളിൽ കടൽവെള്ളം വറ്റിച്ചു് ഉപ്പുണ്ടാക്കുന്നു. മദ്രാസു് സംസ്ഥാനത്തിന്റെ കിഴക്കു് കടലിൽനിന്നു് മുത്തുച്ചിപ്പി മുങ്ങിയെടുക്കുന്നുണ്ടു്. ഇന്ത്യയുടെ സമുദ്രതീരത്തിൽ എല്ലാഭാഗത്തും മത്സ്യംപിടിക്കുന്നുണ്ടു്. പുറംകടലിൽപോയി മത്സ്യംപിടിക്കുന്നതിനു് ഇപ്പോൾ ശ്രമംചെയ്തുവരുന്നു.

ചോദ്യങ്ങൾ:—

1. ഇന്ത്യൻവനങ്ങളിൽ കണ്ടുവരുന്ന പ്രധാനമൃഗങ്ങൾ ഏവ?
2. ഇന്ത്യയിൽകാണുന്ന പ്രധാന വളർത്തുമൃഗങ്ങൾ ഏതെല്ലാം?
3. വനങ്ങൾകൊണ്ടുള്ള പ്രയോജനമെന്തു്?
4. നമ്മുടെ വനങ്ങളിലെ മുഖ്യവൃക്ഷങ്ങളേവ?
5. ഇന്ത്യയിൽ ലഭിക്കുന്ന പ്രധാന ഖനനവസ്തുക്കൾ ഏവ? അവ എവിടെ ലഭിക്കുന്നു?
6. ഇന്ത്യയുടെ വിവിധഭാഗങ്ങളിൽ ഏതുതരം മണ്ണുകൾ കാണുന്നു?
7. നമ്മുടെ പ്രധാനനദികൾ ഏവ? എവിടെനിന്നു് ഉത്ഭവിക്കുന്നു? എവിടെച്ചെന്നു പതിക്കുന്നു?
8. കടലിൽനിന്നു നമുക്കു കിട്ടുന്ന വിഭവങ്ങൾ വിവരിക്കുക.

അദ്ധ്യായം 3

സമ്പത്തുവർദ്ധിപ്പിക്കുവാനുള്ള മാർഗ്ഗങ്ങൾ

I ആമുഖം. പ്രകൃതിദത്തമായി നമുക്കുകിട്ടിയിട്ടുള്ള സമ്പത്തി നെ വർദ്ധിപ്പിച്ചാൽമാത്രമേ നമ്മുടെരാജ്യത്തു് ഐശ്വര്യമുണ്ടാക്കുകയുള്ളു. സമ്പത്തു വർദ്ധിപ്പിക്കുന്നതിൽ നദീതടപദ്ധതികൾക്കും കൃഷിവികസനത്തിനും വ്യവസായപുരോഗതിക്കും കാര്യമായ പങ്കുണ്ടു്. ഈ മൂന്നു മാർഗ്ഗങ്ങളും അന്യോന്യം ബന്ധപ്പെട്ട നിലുനാവയാണു്. നദീതടപദ്ധതികൾകൊണ്ടു ലഭിക്കുന്ന ജലം കൃഷിക്കും, ജലവൈദ്യുതശക്തി വ്യവസായത്തിനും പ്രയോജനപ്പെടുന്നു. കൂടാതെ വനസമ്പത്തു്, മൃഗസമ്പത്തു്, മത്സ്യസമ്പത്തു് എന്നിവയെ വർദ്ധിപ്പിക്കുവാനും, ഗതാഗതസൗകര്യങ്ങൾ അധികമാക്കുന്നതിനും, വെള്ളപ്പൊക്കം, വരൾച്ചകൊണ്ടുള്ള നാശം, എന്നിവ തടയുന്നതിനും നദീതടപദ്ധതികൾ ഉപകരിക്കും. കൃഷിവികസനം വ്യവസായപുരോഗതിയേയും, വ്യവസായവൽക്കരണം കാർഷികവികാസത്തേയും, ഒരുപോലെ സഹായിക്കുന്നു. 1947-ൽ നമ്മുടെ മാതൃഭൂമി സ്വതന്ത്രമായതിനുശേഷം, മുഖ്യമായും ഈ മൂന്നുമാർഗ്ഗങ്ങളിൽക്കൂടി നമ്മുടെ രാജ്യത്തിലെ പ്രകൃതിസമ്പത്തു വർദ്ധിപ്പിക്കുന്നതിനു് ഒരു വലിയശ്രമം നടന്നുകൊണ്ടിരിക്കുന്നു. ഇതിനുവേണ്ടിയാണു് 1951—56-ൽ നടപ്പാക്കിയ ഒന്നാംപഞ്ചവത്സരപദ്ധതിയും 1956—61-ൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന രണ്ടാംപഞ്ചവത്സരപദ്ധതിയും ഇന്ത്യാഗവണ്മെൻ്റ് ആവിഷ്കരിച്ചതു്.

2. നദീതടപദ്ധതികൾ. ഒന്നാം പഞ്ചവത്സരപദ്ധതിക്കാലത്തു നമ്മുടെ രാജ്യത്തു് ഒരു നൂറിലധികം നദീതടപദ്ധതികൾ ആരംഭിച്ചു. ഇവയിൽ ക്രോ—നംഗൽ, ദാമോദർ ആദിയായ വൻകിടപദ്ധതികളും മംഗലാ, വാഴാനി മുതലായ ചെറുകിടപദ്ധതികളും ഉൾപ്പെടും. ചെറിയ പദ്ധതികൾ സാമാന്യം എല്ലാം പൂർത്തിയായിക്കഴിഞ്ഞു. വലിയ പദ്ധതികൾ രണ്ടാംപഞ്ചവത്സരപദ്ധതിക്കാലത്തും പണിതീർന്നുകൊണ്ടിരിക്കുന്നതേയുള്ളു. പല പുതിയപദ്ധതികളും രണ്ടാംപഞ്ചവത്സരപദ്ധതിക്കാലത്തു് ആരംഭിച്ചിട്ടുമുണ്ടു്.

ഈ നദീതടപദ്ധതികളിൽ ചിലതു ജലസേചനത്തിനുമാത്രം ഉപകരിക്കുന്നതാകുന്നു. ഇവയെ ഏകമുഖപദ്ധതിയെന്നു പറയും.



വാഴാനി ജലസേചനപദ്ധതി ഈ വകുപ്പിൽപെടുന്നു. വേറെ ചിലതു് ജലവൈദ്യുതശക്തിയുല്പാദനത്തിനുമാത്രം ഉപകാരപ്പെടുന്നു. ഇവയും ഏകമുഖപദ്ധതിതന്നെ. പള്ളിവാസൽ ജലവൈദ്യുതപദ്ധതി ഇത്തരത്തിൽപെട്ടതാണല്ലോ. ഇനിയും ചിലതു ജലസേചനത്തിനും, ജലവൈദ്യുതശക്തിയുൽപ്പാദനത്തിനും, വെള്ളപ്പൊക്കനിവാരണം, ഗതാഗതം, മീൻവളർത്തൽ മുതലായവയ്ക്കും ഉപകരിക്കുന്നു. ഇവയെ വിവിധോദ്ദേശപദ്ധതികൾ എന്നു പറയുന്നു. ക്രോ–നംഗൽ ഒരു വിവിധോദ്ദേശപദ്ധതിയാണു്.

പണിതീർന്നതും പണി തീർന്നവരുന്നതുമായ അനേകം പദ്ധതികൾ ഇപ്പോൾ ഇന്ത്യയിൽ ഉണ്ട്. ചില പ്രസിദ്ധപദ്ധതികളെപ്പറ്റി അറിഞ്ഞിരിക്കുന്നതു് രസാവഹമായിരിക്കും.

ഭക്രാ-നംഗൽപദ്ധതി. ലോകത്തിലെ ഏറ്റവും വലിയ പദ്ധതികളിൽ ഒന്നാണിതു്. പഞ്ചാബിലെ സത്‌ലജ്നദിയിൽ ഭക്രായിലും നംഗലിലും അണകെട്ടി ജലസേചനത്തിനും വൈദ്യുതശക്തിയുല്പാദനത്തിനും ഉപയോഗിക്കുന്നു. 10.5 ലക്ഷം കിലോവാട്ട് ശക്തി ലഭിക്കും. 60 ലക്ഷം ഏക്കർ കൃഷിക്കുവേണ്ട ജലവും കിട്ടും. ആകെ 174 കോടി രൂപ ചിലവുവരുമത്രേ.

ദാമോദർപദ്ധതി ബീഹാറിലും പശ്ചിമബംഗാളിലുംകൂടി ഒഴുകി ഗംഗയിൽപതിക്കുന്ന ദാമോദർനദിയിൽ നാലുസ്ഥലത്തു് അണകെട്ടി ജലസേചനംനടത്തുകയും ജലശക്തി എടുക്കുകയും ചെയ്യുന്ന ഒരു പദ്ധതിയാണിതു്. 2.75 ലക്ഷം കിലോവാട്ട് ശക്തി കിട്ടും. 13 ലക്ഷം ഏക്കർ ഭൂമി നനയ്ക്കുവാനും കഴിയും. ആകെ 90 കോടി ഉറുപ്പിക ചിലവുവരും.

ഹീരക്കുഡ്പദ്ധതി. ഒറീസ്സയിൽക്കൂടി ഒഴുകുന്ന മഹാനദിയിലാണു് ഹീരക്കുഡ് അണകെട്ടു്. ഇതുകൊണ്ടു് 18 ലക്ഷം ഏക്കർ ജലസേചനം നടക്കും. 2 ലക്ഷം കിലോവാട്ട് വൈദ്യുതശക്തിയും ഇതിൽനിന്നു ലഭിക്കുമത്രേ. മൊത്തം ചിലവു് 90 കോടി ഉറുപ്പികയാണു്.

തുംഗഭദ്രാപദ്ധതി. കൃഷ്ണാനദിയുടെ പോഷകനദിയായ തുംഗഭദ്രയിലെ വെള്ളം കൃഷിയാവശ്യത്തിനും വൈദ്യുതശക്തിയുല്പാദനത്തിനും ഉപയോഗിക്കുവാനുള്ള ഒരു പദ്ധതിയാണിതു്. 7 ലക്ഷം ഏക്കർ കൃഷിക്കു ഗുണംകിട്ടും. 60,000 കിലോവാട്ട് വൈദ്യുതശക്തിയും ലഭിക്കും. ആകെച്ചിലവു് 120 കോടി ഉറുപ്പിക വരുമത്രേ. ഇതിന്റെ പ്രയോജനം മൈസൂർ, ആന്ധ്ര എന്നീ സ്റ്റേയിറ്റുകൾക്കാണു്.

ഇവ കൂടാതെ അനേകം പദ്ധതികൾ ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലുമായി ഇപ്പോൾത്തന്നെ നിലവിലുണ്ടു്. പല പദ്ധതികളുടെയും പണി പൂർത്തിയാക്കിക്കൊണ്ടിരിക്കുന്നു. പുതിയ പദ്ധതികൾ നടപ്പിൽവരുത്തുന്നതിനുവേണ്ടി അന്വേഷണങ്ങളും നടത്തുന്നുണ്ടു്. നമ്മുടെ കേരളാസ്റ്റേയിറ്റിലെ ഇട്ടക്കിപദ്ധതി

അന്വേഷണദശയിലിരിക്കുകയാണല്ലോ. മൈസൂർ സ്റ്റെയിററിലെ ഭദ്രാവതിനദിയിൽനിന്ന് ജലവൈദ്യുതശക്തി ഏടുക്കുന്നതിനുള്ള വൻകിട പദ്ധതിയുടെ ഉൽഘാടനം 1958 ആരംഭത്തിലാണ നടന്നത്. 10 ലക്ഷം കിലോവാട്ട് വിദ്യുച്ഛക്തി ഉല്പാദിപ്പിക്കുവാൻ കഴിയുന്ന ഒരു പദ്ധതിയാണിത്. മദ്രാസ് സ്റ്റെയിററിലെ പ്രോവർ ഭവാനി പദ്ധതി, ബോംബെ സ്റ്റെയിററിലെ തപ്തിനദിയിലുള്ള കുറ്റ്യാറപദ്ധതി, രാജസ്ഥാൻ, മദ്ധ്യപ്രദേശ് എന്നീ സ്റ്റെയിററുകളിൽക്കൂടി ഒഴുകുന്ന ചമ്പാൽനദിയിലെ പദ്ധതി, ഉത്തരപ്രദേശിലെ ശാർദാപദ്ധതി എന്നിവയാണ് മററുചില പ്രസിദ്ധ പദ്ധതികൾ.

3. കൃഷിവികസനം. ഏതു രാജ്യത്തും വ്യവസായവൽക്കരിക്കുന്നതിൽ കൃഷിവികസനത്തിനു കാര്യമായ പങ്കുണ്ട്. ഇന്ത്യയിൽ കൃഷിവികസനം സർവ്വശ്രേഷ്ഠമായ പ്രാധാന്യം അർഹിക്കുന്നു. ഒന്നാമതായി ഭൂരിഭാഗം ജനങ്ങളും കൃഷിയെ ആശ്രയിച്ചാണ ജീവിക്കുന്നത്. രണ്ടാമതു ഭക്ഷ്യകാര്യത്തിൽ ഇന്ത്യ ഒരു കമ്മിരാജ്യമാണ് ഇതുകൊണ്ടുതന്നെയാണ് ഒന്നാംപഞ്ചവത്സരപദ്ധതിയിൽ കൃഷിക്ക് ഏറ്റവും പ്രാധാന്യം നല്കിയത്. രണ്ടാംപഞ്ചവത്സരപദ്ധതിയിലും കൃഷിവികസനത്തിനു ഗണ്യമായ സംഖ്യ വകയിരുത്തിയിട്ടുണ്ട്.

ഇന്ത്യയിലെ മുഖ്യമായ വിളവു നെല്ലാകുന്നു. രാജ്യത്തിൻെറ തെക്കും കിഴക്കും ഭാഗങ്ങളിലാണ് നെൽക്കൃഷി അധികവും നടക്കുന്നത്. രണ്ടാംസ്ഥാനം ഗോതമ്പിനാണ്. അല്പം ശൈത്യമുള്ള പ്രദേശങ്ങളിൽ ഗോതമ്പു കൃഷിചെയ്യുന്നു. ചോളം, തിന, പയറുവർഗ്ഗങ്ങൾ, കരിമ്പ്, എണ്ണവിത്തുകൾ, പരുത്തി, ചണം, തേയില, കാപ്പി, റബ്ബർ, പുകയില, സുഗന്ധദ്രവ്യങ്ങൾ, തേങ്ങ മുതലായവയാണ് ഇന്ത്യയിലെ മറെറാരു പ്രധാന വിളവുകൾ.


കൃഷികാര്യത്തിൽ നമുക്കുള്ള പ്രധാന ന്യൂനത ശരിയായ രീതിയിൽ കൃഷിചെയ്യുന്നില്ല എന്നുള്ളതാകുന്നു. കൃഷിവികസനം മൂലം ഭക്ഷ്യോല്പാദനം വർദ്ധിപ്പിക്കുവാൻ നാം അടിയന്തിരമായി ശ്രദ്ധിക്കേണ്ട സംഗതികൾ താഴെ പറയുന്നു. (1) കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിനു ഭൂമിയിൽ അഭ്യാനിക്കുന്നവർക്ക് പ്രോത്സാഹനം നല്കുവാൻ ആവശ്യമായ സാമൂഹ്യപരിഷ്കാരങ്ങൾ നടപ്പിലാക്കണം. (2) ജലസേചനസൗകര്യം വർദ്ധിപ്പിക്കണം. (3) നല്ല വിത്തുകൾ, വളം മുതലായവ വിതരണംചെയ്യണം. (4) ശാസ്ത്രീയ

കൃഷിസമ്പ്രദായങ്ങളും പ്രചരിപ്പിക്കണം. (5) കൃഷിനിലങ്ങളുടെ വിസ്തീർണ്ണക്കുറവു പരിഹരിക്കണം.

പ്രകൃത്യാ കിട്ടിയിട്ടുള്ള നിലവും ജലവും വേണ്ടപോലെ യോഗിച്ചു മനുഷ്യപ്രയത്നംകൊണ്ട് വിളവു വർദ്ധിപ്പിക്കേണ്ടതു നമ്മുടെ കർത്തവ്യമാണ്.

4. വ്യവസായവികസനം. ഒരു രാജ്യത്തിന്റെ സാമ്പത്തികസ്ഥിതി ഉയർത്താൻ ഉതകുന്ന സംഗതികളിൽ പ്രധാനപ്പെട്ടതാണു വ്യവസായം. പ്രകൃതിവിഭവങ്ങൾ ദിക്കുവാനും അതേ നിലയിൽ ഉപയോഗിക്കത്തക്കവയല്ല. ഇവയെ പാകപ്പെടുത്തി ഉപയോഗപ്രദമായ സാധനങ്ങളായി രൂപാന്തരപ്പെടുത്തുകയാണു വ്യവസായത്തിന്റെ ഉദ്ദേശം. വ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതിന് എന്തൊക്കെവേണം? (1) അസംസ്കൃതസാധനങ്ങൾ. (2) ജോലിചെയ്യുന്നതിനുള്ള ആളുകൾ. (3) യന്ത്രങ്ങൾ നടത്തുന്നതിന് ആവശ്യമായ വിദ്യുച്ഛക്തി, കല്ക്കരി തുടങ്ങിയ യാന്ത്രികശക്തി. (4) ഉല്പാദനവസ്തുക്കൾ വിറ്റഴിക്കാനുള്ള വിപണികൾ (5) വ്യവസായങ്ങളുടെ നടത്തിപ്പിനുള്ള മൂലധനം.

ഈ പരിതഃസ്ഥിതികൾ നമുക്കു വേണ്ടിടത്തോളമുണ്ട്. തന്മൂലം വ്യവസായപുരോഗതിയിൽ നമ്മുടെ രാജ്യം മുന്നിട്ടുനിന്നിരുന്നു. എന്നാൽ നാം ബ്രിട്ടീഷ് ഭരണത്തിൻകീഴിലായപ്പോൾ നമ്മുടെ വ്യവസായങ്ങളെല്ലാം ക്ഷയിച്ചുപോയി. ഇന്ത്യ സ്വതന്ത്രമായപ്പോൾ നമ്മുടെ ദേശീയഗവർമ്മെൻറ് വ്യവസായകാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കുവാൻ തുടങ്ങി. രാജ്യത്തുള്ള വ്യവസായങ്ങൾക്കു രക്ഷനല്കുന്നതോടൊപ്പം പുതിയവ്യവസായങ്ങൾ തുടങ്ങുകയുംചെയ്യുന്ന ഒരു നയമാണ് ഇപ്പോൾ നമ്മുടെ ഗവർമ്മെൻറിനുള്ളത്. ഒന്നാംപഞ്ചവത്സരപദ്ധതിയിൽ കൃഷിക്കാണു പ്രാധാന്യംനല്കിയിട്ടുള്ളത്. എങ്കിലും വ്യവസായപുരോഗതിക്കു സഹായിക്കുന്ന പല ശാസ്ത്രീയഗവേഷണശാലകളും ഇക്കാലത്തു സ്ഥാപിച്ചുകഴിഞ്ഞു. ക്രമേണ അത്യാവശ്യംവേണ്ട കുറെ പുതിയ വ്യവസായങ്ങളും തുടങ്ങി. ചില ഉദാഹരണങ്ങൾ ഇവിടെ കാണാം. (1) ഡൽഹിയിലെ ഡി. ഡി. ടി. ഫാക്ടറി. (2) സിന്ദ്രിയിലെ വളംനിർമ്മാണഫാക്ടറി. (3) പൂനായ്ക്കു സമീപം പിംപ്രിയിൽ സ്ഥാപിച്ച പെനിസിലിൻഫാക്ടറി. (4) വിശാഖപട്ടണത്തിലെ കപ്പൽനിർമ്മാണശാല. (5) ബാംഗ്ലൂരിലെ



ടെലിഫോൺ ഫാക്ടറി. (6) ചിത്തരഞ്ജനിലെ തീവണ്ടിയന്ത്ര നിർമ്മാണശാല.

രണ്ടാംപഞ്ചവത്സരപദ്ധതിയിൽ വ്യവസായീകരണത്തിലാണ് ശ്രദ്ധ പ്രധാനമായും കേന്ദ്രീകരിച്ചിരിക്കുന്നത്. വ്യവസായപുരോഗതിയെ സഹായിക്കുന്ന റോഡുനിർമ്മാണം, റെയിൽവേവികസനം, ജലവൈദ്യുതപദ്ധതികൾ എന്നിവയും പുറമേ പല ഖനിവ്യവസായശാലകളും നിർമ്മിക്കുന്നതിനു് ഈ രണ്ടാംപദ്ധതിയിൽ വകകൊള്ളിച്ചിട്ടുണ്ട്. ഒറീസ്സ, മദ്ധ്യപ്രദേശ്, പശ്ചിമബംഗാൾ എന്നീ സ്റ്റെയിറ്റുകളിൽ ഓരോ ഇരുമ്പുരുക്കുവ്യവസായശാല നിർമ്മിച്ചുവരുന്നു. വർഷംതോറും ഓരോന്നിലും ഏഴരലക്ഷം

ടൺ സ്റ്റീൽ ഉല്പാദിപ്പിക്കുവാൻ കഴിയുന്ന വ്യവസായശാലകളാണുള്ളത്. ഇവ. പശ്ചിമജർമ്മനി ഒറീസ്സയിലെ വ്യവസായശാലാനിർമ്മാണത്തെ സഹായിക്കുന്നു. അതുപോലെ റഷ്യാ മദ്ധ്യപ്രദേശിലെ ശാലയേയും, ബ്രിട്ടൺ ബംഗാളിലെ ശാലയേയും സഹായിക്കുന്നു. ഇരുമ്പുരുക്കുവ്യവസായത്തിൽ നമ്മുടെ ഗവണ്മെൻറ് പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. എന്തുകൊണ്ടെന്നാൽ അതു് ഒരു അടിസ്ഥാനവ്യവസായമാണു്. മറ്റു വ്യവസായങ്ങളുടെ പുരോഗതിക്കു് ഇതു് അത്യാവശ്യമാണു്.

വ്യവസായീകരണത്തിൽ ഇന്ത്യാഗവമ്മെൻറ് മൂന്നു തത്ത്വങ്ങൾ സ്വീകരിച്ചിട്ടുണ്ടു്. (1) സമരായുധങ്ങൾ, വെടിക്കോപ്പു്, അണുശക്തി മുതലായ വ്യവസായങ്ങൾ നടത്തുവാൻ ഗവണ്മെന്റിനു മാത്രമേ പാടുള്ളൂ. (2) കല്ക്കരി, ഇരുമ്പും ഉരുക്കും, വിമാനം, കപ്പൽ, ടെലിഫോൺ, റേഡിയോ, ഖനിയെണ്ണ മുതലായ വ്യവസായങ്ങളുടെ ഉത്തരവാദിത്വം ഗവമ്മെന്റിനാണു്. സ്വർക്കോടകങ്ങൾ നടത്തുന്ന ഇത്തരം ശാലകളുടെ ഭാവി നിയന്ത്രിക്കുവാൻ ഗവണ്മെൻറിനു് അധികാരമുണ്ടു്. (3) ബാക്കിയുള്ള വ്യവസായങ്ങൾ സ്വകാര്യമേഖലയ്ക്കു വിട്ടുകൊടുത്തിരിക്കുന്നു. തുണി, ചണം, കമ്പിളി, തുകൽ, സിമൻറു്, പഞ്ചസാര, തേയില മുതലായവ സ്വകാര്യവ്യക്തികൾക്കു നടത്താം.

പൊതുമേഖലയിലും സ്വകാര്യമേഖലയിലും അനേകം വ്യവസായശാലകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടു്. ഗവണ്മെന്റിൽ നിന്നു് അവയ്ക്കു നല്ല പ്രോത്സാഹനവും കിട്ടുന്നു. ഇന്ത്യൻജനതയുടെ അന്നദിനജീവിതത്തിനു് ആവശ്യമായ സാധനങ്ങൾക്കു വിദേശികളെ ആശ്രയിക്കാതെ ഇവിടെത്തന്നെ അവ ഉല്പാദിപ്പിക്കുകയെന്നതാണു് നമ്മുടെ ഗവണ്മെൻറിന്റെ വ്യാവസായികനയം. നിർമ്മിതസാധനങ്ങളുടെ ഇറക്കുമതിയിൽ കുറവുവരുത്തിയും സാമ്പത്തികസഹായം നല്കിയും ഇന്ത്യൻവ്യവസായങ്ങളെ ഗവണ്മെൻറു് അഭിവൃദ്ധിപ്പെടുത്തിവരുന്നു. ഇന്ത്യയിലെ പ്രമുഖ വ്യവസായങ്ങൾ താഴെ ചേർക്കുന്നവയാണു്.

1. തുണിവ്യവസായം —ബോംബെ, മദ്രാസു്.
2. പഞ്ചസാരവ്യവസായം —ഉത്തരപ്രദേശു്, ബീഹാർ.
3. ഇരുമ്പും ഉരുക്കും —ബംഗാൾ, ബീഹാർ.
4. ചണവ്യവസായം —ബംഗാൾ, ആസ്സാം.

5. കടലാസ് വ്യവസായം —ബംഗാൾ, ഉത്തർപ്രദേശ്.
6. തുകൽവ്യവസായം —മദ്രാസ്, ഉത്തരപ്രദേശ്.
7. കയർവ്യവസായം —കേരളം.
8. പെട്രോൾ ശുദ്ധീകരണം —ബോംബെ.
9. കൃത്രിമവളം —ബീഹാർ, കേരളം.
10. കൽക്കരി —ബീഹാർ, ബംഗാൾ.
11. തേയില —അസ്സാം, കേരളം.
12. സിമൻറ് —ബീഹാർ, മദ്രാസ്.
13. റബ്ബർ —കേരളം, അസ്സാം.
14. വിമാനം —മൈസൂർ.
15. കപ്പൽ —ആന്ധ്രപ്രദേശ്.

ചോദ്യങ്ങൾ:—

1. നമ്മുടെ സമ്പൽസമൃദ്ധി വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ഏവ?
2. നദീതടപദ്ധതികൾകൊണ്ട് നമുക്കു കിട്ടാവുന്ന മെച്ചങ്ങൾ എന്തു്?
3. ഇന്ത്യയിലെ പ്രധാന നദീതടപദ്ധതികൾ ഏവ? ഇന്ത്യയുടെ ഒരു പടംവരച്ചു് അവയെ അടയാളപ്പെടുത്തുക.
4. ജലസേചനം ഏതെല്ലാംവിധത്തിൽ സാധിക്കും?
5. ഇന്ത്യയിലെ പ്രധാന കാഷ്ടികോല്പന്നങ്ങൾ ഏവ?
6. നമ്മുടെ രാജ്യത്തിലെ കൃഷി അഭിവൃദ്ധിപ്പെടുത്തുവാൻ എന്തുചെയ്യണം?
7. വ്യവസായാഭിവൃദ്ധിക്കു് ആവശ്യമായ സംഗതികളെന്തെല്ലാം?
8. ഇന്ത്യാഗവൺമെൻറിന്റെ വ്യാവസായികനയം വിവരിക്കുക.

അദ്ധ്യായം 4


നമ്മുടെ നഗരങ്ങളും ജനങ്ങളും

1. ഇന്ത്യയിലെ മുഖ്യപട്ടണങ്ങൾ

a. ആമുഖം: ഇന്ത്യ ഒരു കാഷ്ികരാജ്യമാണ്. എൺപത്തി മൂന്നു ശതമാനം ജനങ്ങളും ഗ്രാമങ്ങളിലാണു താമസിക്കുന്നത്. അതുകൊണ്ട് ഇന്ത്യയിൽ ലക്ഷക്കണക്കിനു ഗ്രാമങ്ങളുണ്ട്. അധികം ആളുകൾ ഇടതിങ്ങി താമസിക്കുന്ന സ്ഥലത്തിനാണല്ലോ പട്ടണമെന്നു പറയുന്നത്. നമ്മുടെ രാജ്യം വ്യവസായീകരിക്കപ്പെട്ടുവരുന്നതോടുകൂടി ഇത്തരം പട്ടണങ്ങളുടെ എണ്ണം വർദ്ധിച്ചുവരുന്നു. ഒരു ലക്ഷത്തിലധികം ജനങ്ങൾ താമസിക്കുന്ന പട്ടണങ്ങളെ നഗരങ്ങൾ എന്നു പറയുന്നു. ഇങ്ങനെയുള്ള നഗരങ്ങളും ഇന്ത്യയിൽ കുറവല്ല. പത്തുലക്ഷത്തിലധികംവീതം ജനങ്ങൾ താമസിക്കുന്ന അഞ്ചു വൻനഗരങ്ങൾ ഇന്ത്യയിലുണ്ട്. ബോംബെ, കൽക്കത്ത, മദ്രാസ്, ദൽഹി, ഹൈദരബാദ് എന്നിവയാണവ.

b. പട്ടണങ്ങളുടെ വളർച്ചയ്ക്കുള്ള കാരണങ്ങൾ. നഗരങ്ങളും പട്ടണങ്ങളും വളർന്നുവരുന്നതിനുള്ള കാരണങ്ങൾ പരിശോധിച്ചുനോക്കാം. ഓരോന്നും ഓരോ കാരണംകൊണ്ടു പ്രാധാന്യം അർഹിക്കുന്നു. ചില പട്ടണങ്ങളുടെ വളർച്ചയ്ക്ക് ഒരേസമയം പല കാരണങ്ങളുമുണ്ടായിരിക്കും. പട്ടണങ്ങളുടെ വളർച്ചയെ സഹായിക്കുന്ന മുഖ്യസംഗതികൾ താഴെ വിവരിക്കുന്നു: (1) രാജ്യത്തിന്റെ അല്ലെങ്കിൽ സംസ്ഥാനത്തിന്റെ തലസ്ഥാനം. (2) വളരെക്കാലത്തെ ചരിത്രപ്രാധാന്യം. (3) കച്ചവടപ്രാധാന്യം. (4) മതപരമായ പ്രാധാന്യം. (5) വ്യവസായശാലകളുടെ സാന്നിദ്ധ്യം. (6) തുറമുഖസൗകര്യം. (7) സുഖവാസസ്ഥലം. (8) റെയിൽവേ കേന്ദ്രം. (9) വിദ്യാകേന്ദ്രം. (10) പട്ടാളപരിശീലനകേന്ദ്രം.

c. ഉദാഹരണങ്ങൾ. തലസ്ഥാനപട്ടണങ്ങൾ എന്ന നിലയിൽ ദൽഹിയും മറ്റു സംസ്ഥാനഭരണകേന്ദ്രങ്ങളും ഉദാഹരണമായെടുക്കാം. ശ്രീനഗർ, ചാന്ദിഗർ, ജയ്പൂർ, ലക്നൗ, ജോധ്പൂർ, ബോംബെ, ബാംഗ്ലൂർ, തിരുവനന്തപുരം, മദ്രാസ്,



ഹൈദരബാദ്, ഭുവനേശ്വർ, പാറ്റ്ന, കൽക്കത്ത, ഷില്ലോങ് എന്നിവയാണ് 14 സ്റ്റെയിറ്റു തലസ്ഥാനങ്ങൾ.

ആഗ്ര, മധുര, പൂന എന്നീ നഗരങ്ങൾ ചരിത്രപ്രസിദ്ധിയുള്ളവയാണ്. മുഗളചരിത്രത്തിൽ ആഗ്രയും പാണ്ഡ്യചരിത്രത്തിൽ മധുരയും, മഹാരാഷ്ട്രചരിത്രത്തിൽ പൂനയും കേന്ദ്രംവിപ്പെട്ടിരിക്കുന്നു.

കച്ചവടപ്രാധാന്യംമൂലം ഉയർന്നുവന്ന അനേകം നഗരങ്ങളുണ്ട്. ഇന്ത്യയിലെ വൻനഗരങ്ങളെല്ലാം കച്ചവടപ്രാധാന്യം ഉള്ള

വയാണല്ലോ. ആലപ്പുഴ, മംഗലാപുരം, വിജയവാഡ എന്നിവ മറ്റുദാഹരണങ്ങളാണ്.

മതപരമായ പ്രാധാന്യംകൊണ്ട് ഇന്ത്യയിൽ പല പട്ടണങ്ങളും വളർന്നുവന്നിട്ടുണ്ട്. ഹിന്ദുക്കളുടെ പുണ്യസ്ഥലമായ ബനാറസ് (കാശി) ഇതിനു് ഒരു നല്ല ഉദാഹരണമാണു്. അലഹബാദും, അമൃതസരസ്സും ഇത്തരത്തിൽപ്പെട്ടവതന്നെ.

വ്യവസായനഗരങ്ങൾ എന്നനിലയിൽ ഇന്ത്യയിൽ ഇപ്പോൾ അതിവേഗം പട്ടണങ്ങൾ ഉയർന്നുവരുന്നു. ബോംബെ, കല്ക്കത്ത, മദ്രാസ് മുതലായവ വ്യവസായകേന്ദ്രങ്ങളുംകൂടിയാണു്. ഒറീസ്സയിലെ രൂർക്കേല, മദ്ധ്യപ്രദേശിലെ ഭിലായ്, പശ്ചിമബംഗാളിലെ ദുർഗ്ഗാപൂർ എന്നിവ അടുത്തുതന്നെ വലിയ സ്റ്റീൽനഗരങ്ങളായി വളർന്നുവരും. കോയമ്പത്തൂർ, അഹമ്മദാബാദ്, കാൺപൂർ, ജാംഷഡ്പൂർ എന്നിവ ഇപ്പോഴുള്ള പ്രമുഖ വ്യവസായനഗരങ്ങളാകുന്നു.

തുറമുഖങ്ങൾ വലിയ നഗരങ്ങളായി വളർന്നുവരുന്നതു് സ്വാഭാവികമാണു്. ബോംബെയും കല്ക്കത്തയും മദ്രാസും ഈ വകുപ്പിലുൾപ്പെടുന്നു. വിശാഖപട്ടണം, കൊച്ചി, കാണ്ട്ലാ എന്നിവയാണു് മറ്റു പ്രധാന തുറമുഖങ്ങൾ.

സിംലാ, ഡാർജിലിംഗ്, ഊട്ടി എന്നിവ സുഖവാസസ്ഥലങ്ങൾ എന്ന നിലയിൽ പ്രസിദ്ധിയാർജ്ജിച്ചിട്ടുണ്ട്. വേനൽകാലത്തു ധാരാളം ജനങ്ങൾ ഇത്തരം സ്ഥലങ്ങളിൽ വന്നു വസിക്കുന്നു.

റയിൽവേ കേന്ദ്രങ്ങൾ എന്ന നിലയിൽ വികസിച്ച നഗരങ്ങളാണു് തിരുച്ചിറപ്പള്ളി, ഗുണ്ടക്കൽ, ഗോരക്പൂർ മുതലായവ.

വിദ്യാകേന്ദ്രങ്ങൾ എന്ന നിലയിലും പല പട്ടണങ്ങളും നമ്മുടെ രാജ്യത്തു വളർന്നുവന്നിട്ടുണ്ട്. സാമാന്യം എല്ലാ സ്റ്റേയിറ്റുതലസ്ഥാനങ്ങളിലും സർവ്വകലാശാലകളുണ്ടല്ലോ. അലിഗാർ, ബറോഡ, നാഗ്പൂർ, വാൾട്ടയർ മുതലായവയും കലാശാലാനഗരങ്ങളാണു്.

അംബാല, ജബൽപൂർ, സെക്കന്തരബാദ് മുതലായവ പട്ടാളപരിശീലനകേന്ദ്രങ്ങൾ എന്ന നിലയിൽ വളർച്ചപ്രാപിച്ചവയാണു്.

2. ഇന്ത്യയിലെ ജനങ്ങൾ

a. ആമുഖം. ഇന്ത്യ നല്ല ജനപ്പെരുപ്പമുള്ള രാജ്യമാണ്. ലോകത്തിൽ ഏറ്റവും ജനസംഖ്യയുള്ള രാഷ്ട്രം ചൈനയും അതിനടുത്തത് ഇന്ത്യയുമാകുന്നു. 1951-ലെ ജനസംഖ്യാക്കണക്കനുസരിച്ചു നമ്മുടെ രാജ്യത്ത് 36 കോടിയിലധികം ജനങ്ങളുണ്ട്. 1000 പുരുഷന്മാർക്ക് 947 സ്ത്രീകളുണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ഇന്ത്യയിലാകമാനം ചതുരശ്രമൈലിന് 312 പേർ മാത്രമേ വസിക്കുന്നുള്ളൂ. 17 ശതമാനംപേർ പട്ടണങ്ങളിലും ബാക്കിയുള്ളവർ ഗ്രാമപ്രദേശങ്ങളിലും വസിക്കുന്നു.

b. ഭാഷകൾ. കേരളീയരുടെ ഭാഷ മലയാളമാണല്ലോ. അയൽ സ്റ്റേയിററായ മദ്രാസിൽ തമിഴാണ് സംസാരിക്കുന്നത്. മൈസൂർ സ്റ്റേയിററിൽ ജനങ്ങളുടെ ഭാഷ കന്നഡമാണ്. ഇങ്ങനെ ഇന്ത്യയിൽ പ്രധാനമായും 13 ഭാഷകൾ കാണാം— കാഷ്മീരി, പഞ്ചാബി, ഹിന്ദി, ഉർദു, ഗുജറാത്തി, മറാത്തി, കന്നഡം, മലയാളം, തമിഴ്, തെലുങ്ക്, ഓറിയ, ബംഗാളി, ആസ്സാമീസ്. സംസ്കൃതവും ഇന്ത്യയിലെ ഒരു അംഗീകൃതഭാഷയാണ്. ഇംഗ്ലീഷുഭാഷയും പൊതുവെ ഇന്ത്യയുടെ നാനാഭാഗങ്ങളിലും അറിയപ്പെടുന്നു. പല സംസ്ഥാനഗവണ്മെൻറുകളും കേന്ദ്രഗവണ്മെൻറും ഇംഗ്ലീഷ് ഒരു ഔദ്യോഗികഭാഷയായി ഉപയോഗിക്കുന്നുണ്ട്. ഇന്ത്യയിലെ അധികം ജനങ്ങളും സംസാരിക്കുന്നത് ഹിന്ദിയാണ്. ഹിന്ദിയും ഉർദുവും പഞ്ചാബിയും പരസ്പരം ബന്ധപ്പെട്ട ഭാഷകളാണ്. 15 കോടി ജനങ്ങൾ ഹിന്ദി സംസാരിക്കുന്നു. അതുകൊണ്ട് ഹിന്ദിയെ നമ്മുടെ ദേശീയ ഔദ്യോഗികഭാഷയായി അംഗീകരിച്ചിരിക്കുന്നു.

c. പുതിയ സ്റ്റേയിററുകൾ. 1956 നവമ്പർ 1-ാംതീയതി നാം കേരളപ്പിറവി ആഘോഷിച്ചത് നിങ്ങൾ ഓർക്കുന്നുണ്ടായിരിക്കും. അന്ന് ഇന്ത്യയിൽ സംസ്ഥാനങ്ങളുടെ ഒരു പുനർവിഭജനം നടന്നു. അതു് ഏറെക്കുറെ ഈ ഭാഷകളുടെ അടിസ്ഥാനത്തിലാണ്. ഇന്ത്യയെ 14 സംസ്ഥാനങ്ങൾ (സ്റ്റേയിററുകൾ) ആയി വിഭജിച്ചിരിക്കുന്നു. കേന്ദ്രഭരണത്തിൻകീഴിലുള്ള 6 പ്രദേശങ്ങളുമുണ്ട്. പുതിയ സംസ്ഥാനങ്ങളുടെ പേരുകൾ, തലസ്ഥാനം, പ്രധാന ഭാഷ എന്നിവ ചുവടെ ചേർക്കുന്നു:

സംസ്ഥാനം.	തലസ്ഥാനം.	ഭാഷ.
1. കാഷ്മീർ	ശ്രീനഗർ	കാഷ്മീരി
2. പഞ്ചാബ്	ചാന്ദിഗാർ	പഞ്ചാബി
3. രാജസ്ഥാൻ	ജയപ്പൂർ	ഹിന്ദി
4. ഉത്തരപ്രദേശ്	ലക്നൗ	ഹിന്ദി
5. മദ്ധ്യപ്രദേശ്	ഭോപ്പാൽ	ഹിന്ദി
6. ബോംബെ	ബോംബെ	ഗുജറാത്തി, മറാത്തി
7. മൈസൂർ	ബാങ്കളൂർ	കണ്ണാടകം
8. കേരളം	തിരുവനന്തപുരം	മലയാളം
9. മദ്രാസ്	മദ്രാസ്	തമിഴ്
10 ആന്ധ്രപ്രദേശ്	ഹൈദരബാദ്	തെലുങ്ക്
11. ഒറീസ്സ	ഭുവനേശ്വർ	ഒറിയ
12. ബീഹാർ	പാറ്റ്നാ	ഹിന്ദി
13 പശ്ചിമബംഗാൾ	കല്ക്കത്ത	ബംഗാളി
14 ആസ്സാം	ഷില്ലോങ്ങ്	ആസ്സാമീസ്

കേന്ദ്രഭരണപ്രദേശം.	തലസ്ഥാനം.
1. ഹിമാചലപ്രദേശ്	സിംലാ
2. ഡൽഹി	ഡൽഹി
3 ത്രിപുരം	അഗർത്തല
4. മണിപുരം	ഇംഫാൽ
5. ആന്തമാൻ-നിക്കോബാർ	പോർട്ട് ബ്ലയർ
6. ലക്ഷദ്വീപുകൾ	(താല്ക്കാലികമായി കോഴിക്കോട്ട്)

ഈ 14 സ്റ്റേയിറ്റുകളിൽ വിസ്തീർണ്ണത്തിൽ ഏറ്റവും വലിയതു് ബോംബെയും, ഏറ്റവും ചെറുതു് കേരളവുമാകുന്നു. ബോംബെ ഒരു ദ്വിഭാഷാസംസ്ഥാനവുംകൂടിയാണു്. ജനസംഖ്യയിൽ ഏറ്റവും വലുതു് ഉത്തരപ്രദേശും, ഏറ്റവും ചെറുതു് കാഷ്മീരുമാകുന്നു.

d. മതങ്ങൾ. മതസഹിഷ്ണുതയുടെ പേർപെറ്റ രാജ്യമാണു് ഭാരതം. മിക്കവാറും ലോകത്തുള്ള എല്ലാ മതങ്ങളും ഇന്ത്യയിലുണ്ടു്. ഹിന്ദുമതം, ബുദ്ധമതം, ജൈനമതം, സിക്കുമതം എന്നിവ ഇന്ത്യയിൽതന്നെ ഉത്ഭവിച്ചു വളർന്നവയാണു്. ഇന്ത്യയിലെ ബഹുഭൂരിപക്ഷം ജനങ്ങളും ഹിന്ദുക്കളാകുന്നു. 30 കോ

ടിയിലധികംവരും അവർ. പുറമേനിന്നു വന്നു് ഇന്ത്യയിൽ പ്രചരിച്ച മതങ്ങളാണു് ക്രിസ്തുമതം, ഇസ്ലാംമതം മുതലായവ. ഹിന്ദുക്കൾ കഴിഞ്ഞാൽപിന്നെ ജനസംഖ്യയിൽ ക്രൂതലുള്ളതു മുസ്ലിങ്ങളാണു്. മൂന്നരക്കോടി മുസ്ലീങ്ങൾ ഉണ്ടു് ഇന്ത്യയിൽ. അടുത്തതു ക്രിസ്ത്യാനികളാണു്. 82 ലക്ഷമുണ്ടവർ. ക്രിസ്ത്വബ്ദത്തിന്റെ ആരംഭദേശയിൽ മതപരിവർത്തനം ചെയ്യപ്പെട്ടവരുടെ പിൻഗാമികളായ സുറിയാനിക്രിസ്ത്യാനികളും, ആധുനികകാലഘട്ടത്തിന്റെ ആരംഭംമുതൽവന്ന പാശ്ചാത്യക്രൈസ്തവമിഷണറിമാരാൽ മതപരിവർത്തനം ചെയ്യപ്പെട്ട ക്രിസ്ത്യാനികളും എന്നിങ്ങനെ രണ്ടുകൂട്ടരുണ്ടു് അവരുടെ ഇടയിൽ. ജനസംഖ്യയിൽ ക്രിസ്ത്യാനികൾ കഴിഞ്ഞാൽപിന്നെ സിക്കുമതക്കാരാണധികം.

e. ജനവിതരണം. ഗംഗാതീരം, ബ്രഹ്മപുത്രാതീരം, പൂർവ്വപശ്ചിമതീരസമതലങ്ങൾ എന്നിവിടങ്ങളിൽ കൂടുതൽ ജനനിബിഡത കാണാം. ഭൂമിയുടെ ഫലപുഷ്ടി, സമതലസ്വഭാവം, മഴ, ജലസേചനസൗകര്യം മുതലായവയാണു് ഈ ഭാഗങ്ങളിൽ ജനങ്ങൾ കൂടുതൽ തിങ്ങിപ്പാർക്കാൻ കാരണം. ഇന്ത്യയിൽ പൊതുവേ ജനനിബിഡത ചതുരശ്രമൈലൊന്നിനു് 312 ആകുന്നു. ജനനിബിഡത ഏറ്റവും കൂടിയ സംസ്ഥാനം കേരളംതന്നെ. ഇവിടെ ചതുരശ്രമൈലൊന്നിനു് ആയിരംപേർ വസിക്കുന്നുണ്ടു്. ഇന്ത്യയിലെ വൻനഗരങ്ങളിൽ മാത്രമെ ജനനിബിഡത ഈ നിരക്കിൽ കൂടുതലുള്ളൂ.

ചോദ്യങ്ങൾ:—

1. പട്ടണങ്ങളുടെ പ്രാധാന്യത്തിനുള്ള കാരണങ്ങളേവ?
2. ഇന്ത്യയുടെ 5 വൻനഗരങ്ങൾ ഭൂപടത്തിൽ അടയാളപ്പെടുത്തുക?
3. ഇന്ത്യയിലെ പ്രധാന ഭാഷകൾ ഏവ?
4. പുതിയ 14 സംസ്ഥാനങ്ങളുടെ പേരു പറയുക. ഇവയിൽ ഏതാണു് ദ്വിഭാഷാസംസ്ഥാനം?
5. ഇന്ത്യയിൽ ജനനിബിഡത കൂടുതലായ പ്രദേശങ്ങളേവ? അതിനു കാരണമെന്തു്?

(i) നീലഗിരി—തലസ്ഥാനം: ഊട്ടി.
(ii) സിക്കിം — ,, ഗാങ്ങ്ടോക്ക്
(iii) ഭൂട്ടാൻ — ,, പൂനാക്ക.


അദ്ധ്യായം 5

ഇന്ത്യയുടെ ഐക്യം

1. ആമുഖം. ഏകഭാരതം എന്നുള്ള ആശയം പണ്ടുമുതൽ ഇന്ത്യയിലുണ്ടായിരുന്നതാണു്. പുരാതനസാഹിത്യകൃതികളെല്ലാം ഭാരതഭൂമിയെ മുഴുവൻ ഒന്നായി കണക്കാക്കിയിട്ടുള്ളതു കാണാം. വേദഭാഷയായ സംസ്കൃതം ഒരു കാലത്തു് ഇന്ത്യയൊട്ടുക്കുള്ള വിദ്വാന്മാരെ കൂട്ടിയിണക്കിയിരുന്നു. ആചാരങ്ങളും ആദർശങ്ങളും ഇന്ത്യയിലാകമാനം എല്ലാം ഒന്നുതന്നെയായിരുന്നു. ഐതിഹ്യപരവും സംസ്കാരപരവും ആയ ഐക്യം ക്രമേണ രാഷ്ട്രീയൈക്യത്തിനും വഴിതെളിച്ചു. അശോകനും അക്ബറും മറ്റു ചക്രവർത്തിമാരും ഏകഭാരതം സ്ഥാപിക്കുന്നതിൽ ഏറെക്കുറെ വിജയം കൈവരിച്ചിട്ടുള്ളവരാണു് ഇംഗ്ലീഷുഭരണകാലത്തു സ്ഥാപിതമായ രാഷ്ട്രീയൈക്യം, 1947–ൽ ഇന്ത്യ സ്വതന്ത്രമായപ്പോൾ കുറച്ചു നഷ്ടപ്പെട്ടു. ഭാരതം രണ്ടായി വിഭജിക്കപ്പെട്ടശേഷമാണല്ലോ അതിനു സ്വാതന്ത്ര്യം നല്കപ്പെട്ടതു്. പാകിസ്ഥാൻ ഒഴികെയുള്ള ഇന്ത്യയുടെ ദേശീയൈക്യം ശക്തിപ്പെട്ടുവരികയാണു്. ഐക്യബോധം വളർത്തുന്ന ഘടകങ്ങൾ ഏവയാണെന്നു ചിന്തിക്കാം.

2. ഗതാഗതം. ഗതാഗതസൗകര്യങ്ങൾ വർദ്ധിക്കുന്നതോടൊപ്പം ദേശീയൈക്യം ദൃഢതരമായി വരും. നാനാഭാഗങ്ങളിൽ കിടക്കുന്ന ജനവിഭാഗങ്ങളെ തമ്മിൽത്തമ്മിൽ അടുപ്പിക്കുന്നതിനു് ഗതാഗതസൗകര്യങ്ങൾ ഉപകരിക്കുന്നു. റോഡു്, ജലം, വായു, റെയിൽ എന്നീ മാർഗ്ഗങ്ങൾ ജനങ്ങൾ ഗതാഗതത്തിനുപയോഗിക്കുന്നു. ഈ ഗതാഗതമാർഗ്ഗങ്ങൾ വികസിപ്പിക്കുന്നതിനു് ഗവണ്മെൻറു ശ്രദ്ധിക്കുന്നുണ്ടു്.

ഇന്ത്യയിലെ വൻനഗരങ്ങളെല്ലാം നല്ല റോഡുകൾമൂലം ബന്ധിക്കപ്പെട്ടിരിക്കുന്നു. ഇവ ദേശീയപ്രാധാന്യമുള്ള നിരത്തുകളാണു്. നല്ലവണ്ണം കല്ലിട്ടുറപ്പിച്ചു് അവയെ വേണ്ടപോലെ കേന്ദ്രഗവണ്മെൻറുതന്നെ സംരക്ഷിച്ചുവരുന്നു. പ്രധാന റോഡുകളുടെപേർ താഴെ കൊടുക്കുന്നു. (1) ബംഗാളിൽനിന്നു പഞ്ചാബിലേയ്ക്കും അവിടെനിന്നു് കാഷ്മീരിലേയ്ക്കും പോകുന്ന ഗ്രാൻറുട്രങ്ക്




റോഡ്. (2) ഇന്ത്യയുടെ കിഴക്കേതീരത്തിലൂടെ കടന്നുപോകുന്ന കൽക്കത്ത, മദ്രാസ്-മധുര-കന്യാകുമാരി റോഡ്. (3) ഇന്ത്യയുടെ പടിഞ്ഞാറേതീരത്തിലൂടെപോകുന്ന ബോംബെ-കന്യാകുമാരിറോഡ്. ചില സ്ഥലങ്ങളിൽ ഇതിന്റെ പണി ഇനിയും പൂർത്തിയാകാനുണ്ട്. (4) ഇന്ത്യയുടെ മദ്ധ്യത്തിൽക്കൂടി കിഴക്കുപടിഞ്ഞാറോട്ടു പോകുന്ന ബോംബെ-നാഗ്പൂർ-കട്ടാക്ക്-കൽക്കത്തറോഡ്. (5) ബോംബെ-ദൽഹി റോഡ്. (6) ബോംബെ-ഹൈദരബാദ്-വിജയവാഡ റോഡ്. (7) ബോംബെ-ബാംഗ്ലൂർ-കൊച്ചി റോഡ്

ഇന്ത്യയ്ക്ക് 3500 നഗരിക കടലോരമുണ്ട്. തന്നിമിത്തം കപ്പൽ ഗതാഗതസൗകര്യം തീരപ്രദേശത്തു വേണ്ടുവോളമുണ്ട് 6 വലിയ തുറമുഖങ്ങളും 200 ചെറിയ തുറമുഖങ്ങളും ഉള്ള രാജ്യമാണ് ഇന്ത്യാ. കല്ക്കത്ത, വിശാഖപട്ടണം, മദ്രാസ്, കൊച്ചി, ബോംബെ, കാണ്ട്ലാ എന്നിവയാണ വലിയ തുറമുഖങ്ങൾ. കൊക്കനാട, മസൂലിപട്ടണം, പോണ്ടിച്ചേരി, തൂത്തുക്കുടി, തിരുവനന്തപുരം, അലപ്പുഴ, കോഴിക്കോട്, മംഗലാപുരം, സൂററ് മുതലായവ ചെറിയ തുറമുഖങ്ങൾ ത്രകന്നു. നമ്മുടെ വലിയ നദികളിൽ കൂടെയും കപ്പലുകൾ സഞ്ചരിക്കുന്നു. ബോട്ടുകളും വഞ്ചികളും ചെറിയ നദികളിലും തോടുകളിലും ധാരാളം ഉപയോഗിക്കുന്നു. നമ്മുടെ നദികളിലും തോടുകളിലുമായി 5500 നാഴികയോളം ജലഗതാഗതമാർഗ്ഗം ഇന്നുണ്ട്. കേരളത്തിലെ കായലുകളും തോടുകളും ജലഗതാഗതത്തിനു പ്രസിദ്ധമാണല്ലോ.


ഇന്ത്യ സ്വതന്ത്രമായതിനുശേഷം വ്യോമസഞ്ചാരം വളരെ വിപുലമായിട്ടുണ്ട്. വിമാനസഞ്ചാരം സൗകര്യപ്രദമായി നടത്തുന്നതിൽ വിമാനസർവ്വീസ് നടത്തിയിരുന്ന കമ്പനികൾ എല്ലാം കേന്ദ്രഗവർമ്മെൻറ് ഏറ്റെടുത്തു ദേശസാൽക്കരിച്ചു. ഇന്ത്യയുടെ അകത്തു് വിമാനസർവ്വീസ് നടത്തുന്നതിനു് "ഇന്ത്യൻ എയർ ലൈൻസ് കോർപ്പറേഷ"നും, ഇന്ത്യയും വിദേശരാജ്യങ്ങളുമായി വിമാനസർവ്വീസ് നടത്തുന്നതിനു് "എയർ ഇന്ത്യാ ഇൻടർ നാഷനൽ" എന്ന കമ്പനിയും സ്ഥാപിച്ചു. ഇന്ത്യയിൽ ഇപ്പോൾ എൺപതോളം വിമാനത്താവളങ്ങളുണ്ട്. ബോംബേ, കൽക്കത്ത, ദൽഹി എന്നിവിടങ്ങളിലാണ് അന്തർദ്ദേശീയ വിമാനത്താവളങ്ങളുള്ളതു്. നാഗപ്പൂർ, മദ്രാസ്, അഗർത്തല, ഗൗഹതി, അഹമ്മദാബാദ് എന്നിവയും പ്രധാന വിമാനത്താവളങ്ങളാണു്. ഇന്ത്യയിലെ പ്രധാന നഗരങ്ങളെല്ലാം വ്യോമമാർഗ്ഗം ബന്ധിക്കപ്പെട്ടിരിക്കുന്നു. പ്രധാന സർവ്വീസുകൾ ദൽഹി, കൽക്കത്ത, മദ്രാസ്, ബോംബെ എന്നീ നഗരങ്ങൾതമ്മിലാണു്. തിരുവനന്തപുരത്തുനിന്ന് കൊച്ചി, കോയമ്പത്തൂർ, ബാംഗ്ലൂർ, ഹൈദരബാദ്, നാഗ്പൂർവഴി ദൽഹിയിലേയ്ക്കു വിമാനസർവ്വീസ് നടത്തുന്നുണ്ട്. മറ്റു സർവ്വീസുകൾ ഭൂപടത്തിൽനോക്കി മനസ്സിലാക്കുക.

റയിൽവേഗതാഗതത്തിന്റെ കാര്യത്തിലും ഇന്ത്യയുടെ നിലമോശമല്ല. ഏഷ്യയിൽവച്ച് ഏറ്റവും വലുതാണ് ഇന്ത്യൻ റെ



തിൽവേ. രാജ്യം മുഴുവൻ നടത്തുന്ന ഏറ്റവും വലിയ പൊതു സംരംഭങ്ങളിൽ ഒന്നാണ് ഇത്. 9 ലക്ഷം ജനങ്ങൾ റെയിൽവേയിൽ ജോലിചെയ്യുന്നു. റെയിൽവേ യന്ത്രങ്ങൾ ഇപ്പോൾ ഇന്ത്യയിൽ ഉണ്ടാക്കുന്നുണ്ടല്ലോ. കോച്ചുകൾ, മദ്രാസിലും ബാഗ്ലൂരിലും നിർമ്മിച്ചുവരുന്നു. 35000 നാഴിക റെയിൽപ്പാതയാണ് ഇന്ത്യയിൽ ഇപ്പോൾ ഉള്ളത്. രാജ്യത്തിന്റെ വിസ്തൃതി നോക്കുമ്പോൾ ഇനിയും റെയിൽവേ വികസിപ്പിക്കേണ്ടതുണ്ട്. കേരളത്തിൽ

അടുത്തു പണിതീർത്ത റെയിൽപാത നിങ്ങൾക്ക് മാർഗ്ഗം യുണ്ടല്ലോ. ഇന്ത്യൻ റെയിൽവേയെ 7 മേഖലകളായി തിരിച്ചിരിക്കുന്നു. (1) ദക്ഷിണറെയിൽവേ—കേന്ദ്രം: മദ്രാസ് (2) മദ്ധ്യറെയിൽവേ—കേന്ദ്രം: ബോമ്പേ. (3) പടിഞ്ഞാറൻ റെയിൽവെ—കേന്ദ്രം: ബോമ്പെ. (4) വടക്കൻ റെയിൽവേ—കേന്ദ്രം: ദൽഹി. (5) വടക്കുകിഴക്കൻ റെയിൽവെ—കേന്ദ്രം: ഗോരക്പൂർ. (6) കിഴക്കൻറെയിൽവെ—കേന്ദ്രം: കല്ക്കത്ത. (7) തെക്കുകിഴക്കൻ റെയിൽവെ—കേന്ദ്രം: കല്ക്കത്ത പ്രധാന റെയിൽപാതകളും ഭൂപടത്തിൽ നോക്കി മനസ്സിലാക്കുക.



3. വാർത്താവിനിമയം. ജനങ്ങളെ തമ്മിൽ തമ്മിൽ അടുപ്പിക്കുന്നതിനുള്ള ഒരു സുപ്രധാനമായ കണ്ണിയാണ് വാർത്താവിനിമയസൗകര്യങ്ങൾ. തപാൽ (Post), കമ്പിത്തപാൽ (Telegraph), ടെലഫോൺ, കമ്പിയില്ലാക്കമ്പി (Wireless), റേഡിയോപ്രക്ഷേപണങ്ങൾ, സ്വന്തമായുള്ള പത്രങ്ങൾ എന്നിവയാണല്ലൊ വാർത്തകൾ വിതരണംചെയ്യുവാനുള്ള ഏർപ്പാടുകൾ

ഇന്ത്യയിലെ മിക്കവാറും എല്ലാ സ്ഥലങ്ങളിലും തപാൽ ആപ്പീസുകൾ ഉണ്ട്. അവിടെനിന്നു കിട്ടുന്ന തപാൽകാർഡോ, തപാൽകൂടോ വാങ്ങി നമുക്ക് എവിടേയ്ക്കു വേണമെങ്കിലും കത്തുകളയയ്ക്കാം. ചിലവും നിസ്സാരമാണ്. ഒരു കാർഡിന് എത്ര വിലയുണ്ട്? 5 നയാ പൈസമാത്രം. പണവും, പുസ്തകങ്ങളും, അധികം ഭാരമില്ലാത്ത സാധനങ്ങളും തപാൽവഴി അയയ്ക്കാം. ഇന്ത്യയിൽ ഏതു സ്ഥലത്തും കത്തുകൾ എത്തുന്നതിന് അഞ്ചാവർത്തിവസംമതി. മദ്രാസ്, കല്ക്കത്ത, ഡൽഹി, ബോമ്പേ എന്നീ നഗരങ്ങളിൽനിന്നു വിമാനമാർഗ്ഗം കത്തുകൾ നാഗപ്പൂരിൽ കൊണ്ടുവന്ന് കൈമാറംചെയ്യുന്ന ദ്രുതഗതിയിൽ ഏഴുനാളുകൾ മേൽവിലാസക്കാരന് എത്തിച്ചുകൊടുക്കുന്നതിനാണ് എയർ മെയിൽ സർവ്വീസ് ഏർപ്പെടുത്തിയിട്ടുള്ളത്.

കൂടുതൽ വേഗത്തിൽ വിവരങ്ങൾ അറിയിക്കുന്നതിന് പ്രധാനപട്ടണങ്ങളിലെല്ലാം കമ്പി അടിക്കുന്നതിനുള്ള സൗകര്യങ്ങളുണ്ട്. എല്ലാ തപാലാപ്പീസുകളിലും കമ്പി അടിക്കുന്നതിനുള്ള ഏർപ്പാടില്ല. കേരളത്തിൽനിന്നു ആസ്സാമിലേക്ക് തപാൽവഴി കത്തയച്ചാൽ അഞ്ചേദിവസം എടുക്കും കമ്പി അടിച്ചാൽ അന്നുതന്നെ അവിടെ വിവരം കിട്ടും.

കമ്പിത്തപാലിനെക്കാൾ കൂടുതൽ സൗകര്യപ്രദമാണ് ടെലഫോൺ. ദൂരദേശത്തുള്ള ആളുകളോട് ഇതിൽകൂടി നമുക്ക് നമ്മുടെ വീട്ടിൽതന്നെയിരുന്നു സംസാരിക്കാം. എന്നാൽ പ്രധാന കേന്ദ്രങ്ങളിൽ മാത്രമേ ടെലഫോൺ ഏർപ്പാടുള്ളു. കേന്ദ്രഗവണ്മെൻറ് ഇക്കാര്യത്തിലും വികസനപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

കമ്പി അടിക്കുന്നതിന് കമ്പി ആപ്പീസുകളും അവ തമ്മിൽ ബന്ധിപ്പിക്കുന്ന തൂണുകളും ലോഹക്കമ്പികളും ആവശ്യമാണല്ലോ. തൂണുകൾ നാട്ടി ലോഹക്കമ്പികൾ ഘടിപ്പിച്ച് പട്ടണങ്ങൾ തമ്മിൽ ബന്ധിപ്പിക്കാതെതന്നെ വാർത്താവിതരണം നടത്തുന്ന ഒരു ഏർപ്പാടുണ്ട്. അതാണ് കമ്പിയില്ലാക്കമ്പി (Wireless Telegraph).

1947-നുമുമ്പ് ഇന്ത്യയിൽ 3 വയർലസ് സ്റ്റേഷനുകൾമാത്രമേ ഉണ്ടായിരുന്നുള്ളു. അവ സമുദ്രസഞ്ചാരം ചെയ്യുന്ന കപ്പലുകൾക്ക വാർത്തകൾ നല്കുന്നതിനായിരുന്നു. ഇപ്പോൾ ഇന്ത്യയുടെ നാനാഭാഗത്തും വയർലസ് സ്റ്റേഷനുകൾ സ്ഥാപിച്ച് ഇന്ത്യയുടെ തലസ്ഥാനമായ ദൽഹിയുമായി ബന്ധം പുലർത്തിവരുന്നു.

വാർത്താവിനിമയകാര്യത്തിൽ റേഡിയോവിനു് ഇന്നു വലിയ പങ്കുണ്ടു്. 1927-ലാണു് ഇന്ത്യയിൽ ആദ്യമായി പ്രക്ഷേപണകേന്ദ്രങ്ങൾ സ്ഥാപിതമായതു്. അന്നു് ഒരു സ്വകാര്യകമ്പനിയാണു് ബ്രാഡ്കാസ്റ്റിങ്ങ് സർവ്വീസു് (Broadcasting Service) നടത്തിയിരുന്നതു്. 1930-ൽ ഈ കമ്പനിക്കു ധനസംബന്ധമായ കുഴപ്പങ്ങളുണ്ടായി. അപ്പോൾ ഇന്ത്യാഗവണ്മെൻറ് ഇതിൻെറ ചുമതല ഏറെറടുത്തു. 1936-ൽ ഇതിൻെറ പേർ ആൾ ഇന്ത്യാ റേഡിയോ (All India Radio) എന്നാക്കി. ഇന്നു് ആൾ ഇന്ത്യാറേഡിയോയ്ക്കു് എല്ലാ സംസ്ഥാനങ്ങളിലും അതാതിടങ്ങളിലെ ഭാഷകളിൽ പ്രക്ഷേപണം നടത്തുന്ന ഇരുപത്തഞ്ചോളം ബ്രാഡ്കാസ്റ്റിങ്ങ് സ്റ്റേഷൻസ് ഉണ്ടു്. ഇതോടൊപ്പം റേഡിയോ സ്വീകരണികൾ വാങ്ങുന്നവരുടെ എണ്ണവും വർദ്ധിച്ചുവരുന്നു. വിനോദത്തിനും വിജ്ഞാനത്തിനും വാർത്താപ്രചരണത്തിനും ഉപകരിക്കുന്ന അനേകം പരിപാടികൾ ദിനംപ്രതി എ. ഐ. ആർ. (A. I. R.) പ്രക്ഷേപണം ചെയ്യുന്നു. ഇന്ത്യൻ ജനതയുടെ ഐക്യബോധത്തെ ശക്തിപ്പെടുത്തുന്നതിനു് എ. ഐ. ആറും പ്രയോജനപ്പെടുന്നുണ്ടു്.

വാർത്താവിനിമയകാര്യത്തിൽ അതിപ്രധാനമായ പങ്കു വഹിക്കുന്ന മറെറാരു ഘടകമാണു വർത്തമാനപത്രങ്ങൾ. കേരളത്തിൽ ധാരാളം മലയാളദിനപത്രങ്ങൾ ഉള്ളതു നിങ്ങൾക്കറിയാം. ഇതുപോലെ ഇംഗ്ലീഷ് ഒട്ടുക്കു് പ്രചാരത്തിലുള്ള ഹിന്ദിദിനപത്രങ്ങളും ഇംഗ്ലീഷ് ദിനപത്രങ്ങളുമുണ്ടു്. ഇന്ത്യയുടെ വിവിധഭാഗങ്ങളിൽ താമസിക്കുന്ന ജനങ്ങളുടെ ചിന്താഗതിയും ആശയാഭിലാഷങ്ങളും അന്യോന്യം കൈമാറുന്നതിനും പത്രങ്ങൾ ഉപകരിക്കുന്നു. പത്രങ്ങൾ വാർത്തകൾ വിതരണംചെയ്യുക മാത്രമല്ല, ദൈനംദിനസംഭവങ്ങളെ നിരൂപണംചെയ്തു പൊതുജനാഭിപ്രായത്തെ രൂപീകരിക്കുകയും ചെയ്യുന്നു. പത്രങ്ങൾക്കു ടെലിപ്രിൻറർ സർവ്വീസടക്കമുള്ള പല ആനുകൂല്യങ്ങളും ഗവണ്മെൻറ് ചെയ്തുകൊടുക്കുന്നു.

4. വാണിജ്യം. ഒരു ഭാഗത്തു വസിക്കുന്ന ജനങ്ങൾ, അവ
ക്ക് ആവശ്യത്തിലധികമുള്ള സാധനങ്ങൾ കൈമാറ്റംചെയ്യ പക
രം അവക്ക് ഇല്ലാത്തതോ അല്ലെങ്കിൽ ആവശ്യത്തിനു തികയാത്ത
തോ ആയ വസ്തുക്കൾ വാങ്ങുന്നതാണല്ലോ വാണിജ്യം. ജനങ്ങൾ
തമ്മിലുള്ള സമ്പർക്കം വളർത്തുന്നതിനു ഈ കച്ചവടം ഒരു നല്ല ഉപാ
ധിയാണു്. കച്ചവടക്കാരോ അവരുടെ ഏജൻമാരോ നാട്ടതോറും
സഞ്ചരിച്ചു് അവക്ക് ആവശ്യമുള്ള വസ്തുക്കൾ വാങ്ങുന്നതായി കാ
ണാം. ജനങ്ങളുടെ ഐകൃബോധം വളർത്തുവാനും പരസ്പരാധി
നത്വം മനസ്സിലാക്കുവാനും വാണിജ്യം ഉപകരിക്കുന്നു.

ഇന്നു്യയിൽ ഉണ്ടാകുന്ന എല്ലാ സാധനങ്ങളും നമുക്കു് ഉപയോ
ഗിച്ചുതീർക്കുവാൻ സാദ്ധ്യമല്ല. നമുക്കു് ആവശ്യമുള്ള എല്ലാ വസ്തു
ക്കളും ഇവിടെ ഉല്പാദിപ്പിക്കുന്നുമില്ല. നമ്മുടെ ഉപയോഗം കഴിച്ചു്
അധികമുള്ള സാധനങ്ങൾ നാം ആവശ്യമുള്ള അന്യദേശക്കാർക്കു
കൊടുക്കുന്നു. ഇതിനു് കയറുമതിക്കച്ചവടം എന്നു പറയും. നമു
ക്കില്ലാത്ത സാമഗ്രികൾ നാം അവയുള്ള അന്യദേശക്കാരുടെ പക്കൽ
നിന്നു വാങ്ങുന്നു. ഇതിനെയാണു് ഇറക്കുമതിക്കച്ചവടം എന്നു
പറയുന്നതു്. തുറമുഖങ്ങൾവഴിയാണു് നമ്മുടെ വിദേശവാണിജ്യ
ത്തിന്റെ അധികപങ്കും നടക്കുന്നതു്. കൽക്കത്തയിൽനിന്നു തേയി
ലയും ചണവും കയറുമതിചെയ്യുന്നു. വിശാഖപട്ടണത്തിൽനിന്നു
മാംഗനീസു് കയറുമതിചെയ്യുന്നു. മദ്രാസിൽക്കൂടി അയയ്ക്കുന്നതു്
തുകൽ, എണ്ണവിത്തുകൾ, പഞ്ഞിവസ്ത്രങ്ങൾ എന്നിവയാണു്.
കയർ, റബ്ബർ, തേയില, സുഗന്ധദ്രവ്യങ്ങൾ എന്നിവയാണു കൊച്ചി
യിലെ കയറുമതികൾ. ബോംബെ പരുത്തിയും പഞ്ഞിവസ്ത്ര
ങ്ങളും, എണ്ണവിത്തുകളും കയറ്റി അയയ്ക്കുന്നു. കാണ്ട്ലയിൽനിന്നു
പഞ്ഞിയും എണ്ണവിത്തുകളുംതന്നെയാണു് പുറത്തേയ്ക്കു പോകുക.
കൃഷ്യുപകരണങ്ങൾ, യന്ത്രങ്ങൾ, പഞ്ഞി, പെട്രോൾ, രാസവസ്തു
ക്കൾ, ഔഷധങ്ങൾ, ലോഹവസ്തുക്കൾ, വാഹനങ്ങൾ എന്നിവയാണു
നമ്മുടെ പ്രധാന ഇറക്കുമതിച്ചരക്കുകൾ.

5. പരസ്പരാശ്രയം. മനുഷ്യൻ ഒരു സാമൂഹ്യജീവിയാണു്.
അവനു ഒറ്റതിരിഞ്ഞു ജീവിക്കുക സാദ്ധ്യമല്ല. അവന്റെ ജീവി
താവശ്യങ്ങൾ നിവൃത്തിക്കുവാൻ സമൂഹമായി വസിക്കേണ്ടതുണ്ടു്.
അതുകൊണ്ടാണു് മനുഷ്യൻ കൂട്ടായി കുടുംബങ്ങളിൽ താമസിക്കു
ന്നതു്. ഓരോ കുടുംബവും ഒറ്റയ്ക്കല്ല താമസിക്കുന്നതു്. കുടുംബ

ങ്ങൾചേർന്ന ഗ്രാമങ്ങളായും പട്ടണങ്ങളായും മനുഷ്യർ ജീവിക്കുന്നു. ഈ ഗ്രാമങ്ങൾക്കും പട്ടണങ്ങൾക്കും ഒറ്റതിരിഞ്ഞു കഴിഞ്ഞുകൂട്ടുവാൻ സാദ്ധ്യമല്ല. അവ കൂടിച്ചേർന്ന സംസ്ഥാനങ്ങളായും, സംസ്ഥാനങ്ങൾ ഒന്നുചേർന്ന രാഷ്ട്രങ്ങളായുമാണ മനുഷ്യർ ജീവിക്കുന്നത്. ഇന്ത്യാ ഒരു രാഷ്ട്രമാണ്. കേരളമോ? കേരളം ഇന്ത്യാരാഷ്ട്രത്തിലെ ഒരു സംസ്ഥാനം മാത്രമാണ്. നമ്മുടെ ഭരണഘടനപ്രകാരം ആ സംസ്ഥാനത്തെ സ്റ്റെയിറ്റ് എന്നാണ വിളിക്കുന്നത്. കേരളം, മൈസൂർ, മദ്രാസ് തുടങ്ങിയ 14 സ്റ്റേറ്റുകളാണല്ലോ ഇന്ത്യയിൽ. വിവിധസ്റ്റേറ്റുകളിൽ താമസിക്കുന്ന ജനങ്ങളെല്ലാം ഇന്ത്യയിലെ പൗരന്മാരാണ്. നമ്മുടെ രാഷ്ട്രത്തിന്റെ ശക്തിക്കും പുരോഗതിക്കും ജനങ്ങളുടെ ഇടയിലുള്ള ഐക്യബോധവും സഹകരണവും ഐക്യപ്പും അത്യാവശ്യമാണ്. പരസ്പരാശ്രയംകൂടാതെ നമുക്ക മാത്രമല്ല, ലോകത്തിലെ ഒരു ജനതയ്ക്കും ജീവിക്കുവാൻ കഴികയില്ല.

ഗതാഗതമാർഗ്ഗങ്ങളും, വാർത്താവിനിമയസൗകര്യങ്ങളും, വാണിജ്യവും എല്ലാം നമ്മുടെ പരസ്പരാശ്രയത്തെ വിളിച്ചുപറയുന്നു. ഇവ നമ്മുടെ ഐക്യബോധത്തെ വളർത്തുകയും ചെയ്യുന്നു. ഇവകൂടാതെ നമ്മുടെ ഐക്യബോധത്തെ വളർത്തുന്ന പല സംഗതികളുമുണ്ട്. പൊതുഭാഷ, പൊതുആചാരങ്ങൾ തുടങ്ങിയവും ദേശീയൈക്യത്തെ ദൃഢതരമാക്കും.

ചോദ്യങ്ങൾ:—

1. ഇന്ത്യയുടെ പ്രധാന തുറമുഖങ്ങളുടെ പേരുകൾ പറയുക

2. ഇന്ത്യയിലെ പ്രധാന വിമാനമാർഗ്ഗങ്ങൾ ഏവ?

3. നമ്മുടെ രാജ്യത്തെ വാർത്താവിതരണസൗകര്യങ്ങൾ വിവരിക്കുക.

4. ഇന്ത്യൻ റെയിൽവേയെ എത്ര മേഖലകളായി തിരിച്ചിരിക്കുന്നു? അവ ഏവ?

5. നമ്മുടെ രാജ്യത്തെ ഇറക്കുമതികളും കയറ്റുമതികളും എന്തെല്ലാം?

6. ഇന്ത്യയുടെ ഐക്യത്തെ സുദൃഢമാക്കുന്ന ഉപാധികൾ ഏവ്?

അദ്ധ്യായം 6

ലോകപ്രശസ്തരായ ചില മഹാന്മാർ

1. സോക്രട്ടീസ്.

പ്രാചീനലോകത്തിനു് എന്നല്ല എല്ലാക്കാലത്തേയും ചിന്തകന്മാരുടെ ഇടയിൽ അദ്വിതീയമായ ഒരു സ്ഥാനമുള്ള മഹാനത്രെ സോക്രട്ടീസ്. അദ്ദേഹം ബി. സി. 470 മുതൽ ബി. സി. 399 വരെ ആതെൻസിൽ ജീവിച്ചിരുന്നു. വളരെ മെച്ചമായ ജനകീയ ഭരണം നടന്നിരുന്ന ഗ്രീസ്സിലെ ഒരു നഗരരാഷ്ട്രമായിരുന്നു ആതെൻസ്.

സോക്രട്ടീസു് പാവപ്പെട്ട ഒരു കൊത്തുപണിക്കാരനായിരുന്നു. മറവുള്ള പൗരന്മാക്കൊപ്പം കുറേക്കാലം അദ്ദേഹം യുദ്ധസേവനം ചെയ്കയും ഉദ്യോഗം ഭരിക്കുകയുംചെയ്തു. അദ്ദേഹത്തിന്റെ തന്റേടവും സ്വാതന്ത്ര്യബുദ്ധിയും അക്കാലത്തു തെളിഞ്ഞുകണ്ടു.

പിന്നീടുള്ള സമയം മുഴുവനും അദ്ദേഹം ചെലവാക്കിയിരുന്നതു് ഇങ്ങനെയാണു്. ആളുകൾ കൂടുന്ന ചന്തസ്ഥലങ്ങളിൽചെന്നു് അറിവുള്ളവരെന്നു ഭാവിക്കുന്നവരോടു സംഭാഷണത്തിലേർപ്പെടും. ഒന്നും അറിഞ്ഞുകൂടെന്നുള്ള ഭാവത്തിൽ ചോദ്യങ്ങൾ ചോദിച്ചു്, ഒടുവിൽ അവർക്കു ശരിയായ അറിവില്ലെന്നു വരുത്തും. എന്നിട്ടു് അവരെക്കൊണ്ടു ശരിയായ രീതിയിൽ ചിന്തിപ്പിച്ചു് സത്യം കണ്ടുപിടിക്കുന്നതിനു ശ്രമിക്കും.

കാഴ്ചയിൽ തീരെ വിരൂപനായിരുന്നുവെങ്കിലും ആളുകളുടെ ഇടയിൽ അദ്ദേഹത്തെപ്പറ്റി വലിയ മതിപ്പായി. ഗ്രീസ്സിലെ ഏറ്റവും ബുദ്ധിമാനായ മനുഷ്യനെന്നു് അധികൃതമായി സമ്മതിക്കപ്പെട്ടു. വിശിഷ്ടരായ ശിഷ്യന്മാർ അടുത്തുകൂടി. ഇതിൽ ഒരാളാണു് പ്ലേറ്റോ എന്ന ചിന്തകൻ. അദ്ദേഹത്തിന്റെ കൃതികളിൽക്കൂടെയാണു് സോക്രട്ടീസിനെപ്പറ്റി നമുക്കു് അറിയാവുന്നതു്.

സോക്രട്ടീസിന്റെ സത്യാന്വേഷണപ്രവൃത്തിയുടെ ഫലം ആളുകൾ അന്നത്തെ വ്യവസ്ഥയിലെ തെറ്റുകൾ മനസ്സിലാക്കിയതായിരുന്നു. ഇതു പലരേയും അമ്പരപ്പിച്ചു. ദൈവങ്ങളേയും സ്ഥാപിതമതസ്ഥാദകളേയും അവഹേളിക്കുന്നതിനു ചെറുപ്പക്കാരെ പ്രേരിപ്പിക്കുന്നു എന്ന കുറ്റം ചുമത്തി അവിടത്തെ ജനകീയകോടതി അദ്ദേ



സോക്രട്ടീസ്

ഹത്തിനു മരണശിക്ഷ വിധിച്ചു. മേലാൽ മനുഷ്യരുടെ മനസ്സു മാറുന്നതിനുവേണ്ടിയുള്ള സംഭാഷണങ്ങളിൽ ഏർപ്പെടുകയില്ലെന്നു ഉറപ്പുനൽകാമെങ്കിൽ വിട്ടയയ്ക്കാമെന്നു ജനകീയകോടതി അദ്ദേഹത്തോടു പറഞ്ഞു. അതിനു അദ്ദേഹം പറഞ്ഞ മറുപടി ഇതാണു: "നിങ്ങളെ അനുസരിക്കുന്നതിനെക്കാൾ ഈശ്വരനെ അനുസരിക്കുന്നതാണു എനിക്കിഷ്ടം? സ്വന്തം ജീവനുവേണ്ടി സത്യം ബലികഴിക്കുക സാദ്ധ്യമല്ല. മരണത്തെ ഭയന്നു ഞാൻ തെറ്റു ചെയ്യുകയില്ല."

നിർഭയമായി ഉറച്ച സ്വരത്തിൽ ഇങ്ങനെ അദ്ദേഹം ചെയ്ത പ്രസ്താവന ഇന്നു ലോകപ്രസിദ്ധമാണു. ഒരു കോപ്പ വിഷം ആ ജീവിതം അവസാനിപ്പിച്ചു. സത്യാന്വേഷണത്തിനുവേണ്ടി ജീവൻ ബലിയർപ്പിച്ച ആദ്യത്തെ മഹാത്മാക്കളിൽ ഒരാളായി ലോകം [illegible] അദ്ദേഹത്തെ ഓർമ്മിക്കും.

2. അബ്രഹാം ലിങ്കൺ

"മരക്കുടിലിൽനിന്നു മനോഹരമായ കൊട്ടാരത്തിലേയ്ക്ക്" സ്വപ്രയത്നംകൊണ്ടു ഉയർന്ന ഒരു മാതൃകാപുരുഷനാണു അബ്രഹാം ലിങ്കൺ. മനുഷ്യരെ മൃഗങ്ങളെപ്പോലെ വിചാരിച്ചു പെരുമാറുന്നതു തെറ്റാണെന്നു കരുതി അതിനെതിരായി പ്രവർത്തിച്ച ഒരു മഹാനുഭാവനാണു്. മഹാത്മാഗാന്ധിയെപ്പോലെയുള്ള ഒരു ആദർശപുരുഷനായി അമേരിക്കയിൽ അദ്ദേഹത്തെ ബഹുമാനിച്ചുവരുന്നു.

അമേരിക്കയിലെ കെൻറക്കിസംസ്ഥാനത്തിൽ ഒരു സാധുവായ കൃഷിക്കാരന്റെ മകനായി 1809-ൽ അബ്രഹാംലിങ്കൺ ജനിച്ചു. പിതാവിനു് എഴുതാനും വായിക്കാനും അറിഞ്ഞുകൂടായിരുന്നു. എങ്കിലും പുത്രൻ, പെറുപ്പത്തിലേ പുസ്തകങ്ങൾ വായിച്ചും എഴുതിയും സ്വമാനുഷജ്ഞാനം സമ്പാദിച്ചു. 19 വയസ്സായപ്പോൾ മിസ്സിസിപ്പി നദിതീരത്തു് ഒരു ദിക്കിലേയ്ക്കു് ആ കുടുംബം മാറിത്താമസമായി. അവിടത്തെ തോട്ടങ്ങളിൽ ധാരാളം നിഗ്രോജാതിക്കാർ ജോലിചെയ്യുന്നുണ്ടായിരുന്നു. ആഫ്രിക്കയിൽനിന്നും മൃഗങ്ങളെപ്പോലെ പിടിച്ചുകൊണ്ടുവന്ന തോട്ടമുടമസ്ഥന്മാർക്കു് വില്പപ്പെട്ടവരോ അവരുടെ സന്താനങ്ങളോ ആയിരുന്ന ഈ കറുത്ത മനുഷ്യർ. മൃഗങ്ങളെപ്പോലെ അവരെ വാങ്ങുകയും വില്ക്കുകയും, അവരെ കഠിനമായി ജോലിചെയ്യിക്കുകയും ക്രൂരമായി ശിക്ഷിക്കുകയുമെല്ലാം വെള്ളക്കാരായ തോട്ടക്കാർ ചെയ്തിരുന്നു. ഒരു ദിവസം മിസ്സിസിപ്പിയിൽ കൂടി ഒരു വള്ളത്തിൽ കുറെ സാധനങ്ങൾ വില്ക്കുന്നതിനു കൊണ്ടുപോകുന്ന വഴിക്കു ലിങ്കൺ ഈ അടിമകളെ കാണുന്നതിനിടയായി. അതു ഹൃദയഭേദകമായ ഒരു കാഴ്ചയായി അദ്ദേഹത്തിനു തോന്നി.

പിന്നിട് ഒരു വ്യാപാരശാലയുടെ മാനേജരായി ലിങ്കൺ ജോലിനോക്കി. എഴുതാനും വായിക്കാനും അറിയാവുന്ന ചുരുക്കം പേരിൽ ഒരാളായിരുന്നതുകൊണ്ടു് തെരഞ്ഞെടുപ്പുകൾ സംബന്ധിച്ചുള്ള ചില ജോലികൾ ചെയ്യുന്നതിനു് ലിങ്കണു് ഇക്കാലത്തു പോകേണ്ടിയിരുന്നു. അതോടുകൂടി ലിങ്കൺ രാഷ്ട്രീയകാര്യങ്ങളിൽ ശ്രദ്ധ പതിപ്പിക്കുവാൻ തുടങ്ങി. 27-ാമത്തെ വയസ്സിൽ സംസ്ഥാന നിർമ്മാണസമിതിയിലേയ്ക്കു് അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടു. പിന്നിട് സ്പ്രിംഗ് ഫീൽഡ് പട്ടണത്തിലേക്കു താമസം മാറിക്കൊണ്ടു്, ലിങ്കൺ അഭിഭാഷകവൃത്തി സ്വീകരിച്ചു. പത്തുകൊല്ലത്തെ പരിശ്രമം അദ്ദേഹത്തിനു നല്ല പേരും ആദായവുമുണ്ടാക്കിക്കൊടുത്തു.



അബ്രഹാംലിങ്കൺ

അതോടുകൂടി ഐക്യനാട്ടിലെ ജനസഭയായ കാൺഗ്രസ്സിലേക്ക് അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടു. അടിമവ്യാപാരത്തിനെതിരായി അദ്ദേഹം ചെയ്ത പ്രവർത്തനങ്ങൾമൂലം അദ്ദേഹം പ്രശസ്തനായി. 1860-ൽ അമേരിക്കൻ ഐക്യനാട്ടിലെ പ്രസിഡൻറായി അദ്ദേഹത്തെ തെരഞ്ഞെടുത്തു.

ഐക്യനാട്ടിലെ തെക്കുള്ള സംസ്ഥാനങ്ങളിലായിരുന്ന തോട്ടങ്ങളധികവും. അവയായിരുന്ന അടിമവ്യാപാരത്തിൻെറ കേന്ദ്രങ്ങളും. ലിങ്കൺ പ്രസിഡൻറായതോടുകൂടി ഐക്യനാട്ടിൽനിന്നു പിരിഞ്ഞുമാറി പോകാമെന്നതന്നെ ആ സംസ്ഥാനങ്ങൾ നിശ്ചയിച്ചു അതിലേക്കുവേണ്ടി അവർ ഉടനെ യുദ്ധമാരംഭിച്ചു. 5 ലക്ഷം

ജനങ്ങളും ഈ യുദ്ധത്തിൽ മരിച്ചുവത്രെ. 4 കൊല്ലം നിണ്ടുനിന്ന ഈ ഘോരസമരം ഒടുവിൽ വടക്കരുടെ വിജയത്തിൽ അവസാനിച്ചു.

ഈ യുദ്ധം തുടങ്ങി കുറേ മാസങ്ങളും കഴിഞ്ഞതിനുശേഷം 1862-ൽ ലിങ്കൺ എല്ലാ അടിമകൾക്കും മോചനം നൽകിക്കൊണ്ടുള്ള ഒരു വിളംബരം പ്രസിദ്ധപ്പെടുത്തി. 40 ലക്ഷം അടിമകൾ അതോടുകൂടി സ്വതന്ത്രരായി. അതിനു മുമ്പുതന്നെ അടിമക്കച്ചവടം നിരോധിച്ചുകഴിഞ്ഞിരുന്നു.

യുദ്ധമവസാനിച്ചു് അധികം ദിവസങ്ങളും കഴിയുന്നതിനു മുമ്പു് ലിങ്കനെ ഒരു പൂവ്വകാലശത്രു വെടിവെച്ചുകൊന്നു. വിജയം ആഘോഷിക്കുവാൻ ആളുകൾ കൂടിയിരുന്ന സദസ്സിൽവച്ചു് ഈ അത്യാഹിതം നടന്നു. ആദർശങ്ങൾക്കുവേണ്ടി ആത്മബലി അർപ്പിച്ച സോക്രട്ടീസ്, ക്രിസ്തു തുടങ്ങിയ മഹാത്മാക്കളുടെ കൂട്ടത്തിൽ ഒരാൾ കൂടിയായി ലിങ്കൺ.

3. ഫ്ളോറൻസ് നൈറ്റിംഗേൽ

ഇരുനൂറുകൊല്ലം മുമ്പു്, പരിഷ്കൃതരാജ്യമായിരുന്ന ഇംഗ്ലണ്ടിൽ പോലും വളരെ കുറച്ചു് ആശുപത്രികൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഈ ആശുപത്രികളിൽപോലും വേണ്ടത്ര ഡാക്ടർമാരോ നഴ്സുകളോ ഉണ്ടായിരുന്നില്ല. നഴ്സുകൾ വിദ്യാവിഹീനരും, വിവരമില്ലാത്തവരും, വൃത്തികെട്ടവരും, പലപ്പോഴും ദുർവൃത്തരുമായ സ്ത്രീകൾ മാത്രമായിരുന്നതാണു്.

എ. ഡി. 1820-ൽ ഇറാലിയിലെ ഫ്ളോറൻസ് നഗരത്തിൽവച്ചു് ഒരു ഇംഗ്ലീഷുകാരന്റെ ഭാര്യയ്ക്കു് ഒരു പെൺകുട്ടി ജനിച്ചു. ഫ്ളോറൻസ്, നൈറ്റിംഗേൽ എന്നു് മാതാപിതാക്കന്മാർ ആ കുട്ടിക്കു് പേരുംവിളിച്ചു. ധനവാനും മാന്യനും ഉന്നതകുലജാതനുമായ പിതാവു് പുത്രിയ്ക്കു നല്ല വിദ്യാഭ്യാസം നല്കുകയും അവളെ യൂറോപ്പിൽ പല സ്ഥലത്തും കൊണ്ടുപോയി കാണിക്കുകയും ചെയ്തു. സുന്ദരിക്കുട്ടിയായിരുന്ന പെൺകുട്ടിക്കു് യുവത്വം വന്നതോടുകൂടി പലരും വിവാഹാലോചനയുമായെത്തി. പക്ഷേ, വിവാഹം വേണ്ട എന്നു് അവൾ തീരുമാനിച്ചു. പിതാവു് ഇതു കേട്ടു് ഞെട്ടി. അതു മാത്രമല്ല ഒരു നഴ്സു് ആകണമെന്നുകൂടി അവൾ തീരുമാനിച്ചുവത്രേ! ആർക്കും കേട്ടാൽ നീരസം തോന്നുന്ന ഒരു കാര്യമായിരുന്നു അതു്.



ഫ്ളോറൻസ് നൈറിംഗ്ഗേൽ

ഉന്നതകുലജാതയായ, വിദ്യാസമ്പന്നയായ ഒരു സ്ത്രീ, നഴ്സ് ആവുക ആദ്യമായിരുന്നു. ലണ്ടനിലെ ആശുപത്രികളും സന്ദർശിച്ചു് അവിടെ ശുശ്രൂഷയ്ക്കുതകുന്ന പലതും പഠിച്ചു യൂറോപ്പിലും, ഈജിപ്തിലുമുള്ള പല ആശുപത്രികളിലും കന്യാസ്ത്രീമഠങ്ങളിലും ചെന്നു് അവിടെ ആതുരശുശ്രൂഷ അഭ്യസിച്ചു. അതിനുശേഷം സ്ത്രീകൾക്കായുള്ള ലണ്ടനിലെ ഒരാതുരാലയത്തിലെ സൂപ്രണ്ടായി ജോലി സ്വീകരിച്ചു.

ഈസമയത്തു് റഷ്യയും തുർക്കിയുംതമ്മിൽ ഒരു യുദ്ധമുണ്ടായി. (എ. ഡി. 1854) ഇംഗ്ലണ്ടും ഫ്രാൻസും തുർക്കിയെ സഹായിക്കുവാൻചെന്നു. ക്രീമിയ എന്നൊരു ദ്വീപു് കരിങ്കടലിലുണ്ടു്. അവിടെയായിരുന്നു യുദ്ധംനടന്നതു്. റഷ്യാക്കാരുടെ ഒരു പ്രബലസങ്കേതമായിരുന്ന സെബാസ്റ്റപ്പോൾകോട്ട പിടിക്കുന്നതിനുവേണ്ടി അയ്യായിരത്തിൽപരം ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും കുറേ മാസങ്ങൾക്കു പൊരുതു. 600 ഇംഗ്ലീഷ്പടയാളികൾ ഒരുമിച്ചു കൊല്ലപ്പെട്ടു. ആയിരക്കണക്കിനു് ആളുകൾക്കു സുഖക്കേടായി. അസഹനീയമായ തണുപ്പു്; അതിനുപറ്റിയ ഉടുപ്പുകൾ ആർക്കുമില്ലായിരുന്നു. സുഖക്കേടായവർക്കു കിടക്കാൻ വെളിച്ചംകിട്ടുന്ന മുറികളില്ലായിരുന്നു; കഴിക്കാൻ നല്ല ആഹാരമോ കുടിക്കാൻ മരുന്നുകളോ ശുശ്രൂഷിക്കാൻ ആളുകളോ ഒന്നുമില്ലായിരുന്നു. പട്ടാളങ്ങളിൽ മരിച്ചുവീഴുന്നതിലധികംപേർ സുഖക്കേടുകൊണ്ടു മരിച്ചു. ഈവിവരം അചിരേണ ഇംഗ്ലണ്ടിലറിഞ്ഞു. ഉടനേ ഫ്ളോറൻസ്നൈറ്റിംഗേൽ തന്നെ ക്രീമിയയിലേക്കുപോകാൻ അനുവദിക്കണമെന്നു് ഗവണ്മെൻറിനോടാവശ്യപ്പെട്ടു. 38 നഴ്സുകൂടി അവരുടെകൂടെ പോകാൻ തയ്യാറായി. അനവധിയാളുകളും വൻതുകകളും കൊടുത്തയച്ചു.

ഇരുപതു മുപ്പതുകളുമായി നൈറ്റിംഗേൽ ക്രീമിയയിലെത്തി. വേണ്ടതു ആഹാരസാധനങ്ങളും തുണികളും എല്ലാം അവർ കരുതിയിരുന്നു. താമസംവിനാതന്നെ അവർ രോഗികളെ ശുശ്രൂഷിച്ചുതുടങ്ങി. അവർക്കു നല്ല ഉടുപ്പുകളും കിടക്കകളും നൽകുക, ആഹാരംനൽകുക, എന്നിവയിലെല്ലാം അവരുടെ ശ്രദ്ധപതിഞ്ഞു. ഒരു വിളക്കുമായി എല്ലാ കിടക്കകളുടേയും അടുത്തുകൂടി അവർ കടന്നുപോകുമത്രെ! ആ 'വിളക്കേന്തിയ വനിതാരത്നം' എല്ലാ ഭടന്മാരുടേയും കൺകണ്ട ദൈവമായി മാറി.


നിരന്തരമായ ജോലിചെയ്തു് ആ മഹിളാമണിയുടെ ആരോഗ്യം ക്ഷയിച്ചു. എങ്കിലുമവർ ക്രീമിയ വിട്ടുപോകാൻ വിസമ്മതിച്ചു.

നം. 3352

ആശുപത്രികൾ, വായനശാലകൾ, വിനോദശാലകൾ എന്നിവ ഏർപ്പെടുത്തി ക്ഷീണിതരായിരുന്ന ഭടന്മാർക്ക് ഒരു നവോന്മേഷം നല്കുന്നതിൽ അവർ വിജയിച്ചു. 1855-ൽ യുദ്ധം ജയിച്ചു സൈന്യങ്ങൾ ഇംഗ്ലണ്ടിലേക്കു മടങ്ങി. അതിനുശേഷം മാത്രമാണ് ഫ്ലോറൻസ് നൈറ്റിംഗേൽ ക്രിമിയ വിട്ടതു്. വിക്ടോറിയാമഹാരാജ്ഞി അവരെ അനുമോദിച്ചുകൊണ്ട് ചില പാരിതോഷികങ്ങൾ നൽകി. രാജ്ഞിയുടെ സഹായത്തോടുകൂടി ഇംഗ്ലണ്ടിൽ നല്ല ആശുപത്രികൾ, ആതുരാലയങ്ങൾ, സൈനികാലയങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനു് പിന്നീടുള്ള കാലം മുഴുവൻ അവർ പ്രയത്നിച്ചു. ലണ്ടനിൽ 'നൈറ്റിംഗേൽ നഴ്സിംഗ് പരിശീലനസ്കൂൾ' എന്നൊരു മാതൃകാവിദ്യാലയം സ്ഥാപിച്ചതും അവരുടെ ഒരു നേട്ടമാണു്. എ. ഡി. 1907-ൽ എഡ്വേർഡ് ചക്രവർത്തി ഒരുന്നതബഹുമതി നൽകി വീണ്ടും അവരോടുള്ള ബഹുമാനം രേഖപ്പെടുത്തി. മൂന്നുകൊല്ലം കഴിഞ്ഞു് അവർ ദിവംഗതയായി.

4. കാറൽമാർക്സ്

ജർമ്മനിയിലെ ഒരു ജൂതകുടുംബത്തിൽ എ. ഡി. 1818-ൽ ജാതനായ കാറൽമാർക്സാണു് 'കമ്മ്യൂണിസം' എന്നു് ഇന്നറിയപ്പെടുന്ന പ്രത്യാഗതിയുടെ ജനയിതാവു്. കഞ്ഞിനു് ആവശ്യമുള്ളപ്പോൾ കുടുംബത്തിലെ എല്ലാവരും ക്രിസ്തുമതം സ്വീകരിച്ചുവെങ്കിലും മാർക്സ് ആദ്യംമുതല്ക്കേ ഒരു മതവൈരിയായിത്തന്നെ വളർന്നവനു. വിദ്യാഭ്യാസംകഴിഞ്ഞു് അദ്ദേഹം പത്രപ്രവർത്തനം തൊഴിലായി സ്വീകരിച്ചു. അദ്ദേഹത്തിന്റെ ലേഖനങ്ങൾ മതവിശ്വാസികൾക്കു് വളരെ വേദനയുണ്ടാക്കുന്നവയായിരുന്നു. തന്മൂലം ജർമ്മനിയിൽ നിന്നു് ഫ്രാൻസിലേക്കും, അവിടെനിന്നു ബൽജിയത്തിലേക്കും ഒടുവിൽ ഇംഗ്ലണ്ടിലേക്കും അദ്ദേഹത്തിനു് മാറിത്താമസിക്കേണ്ടിവന്നു. സ്വന്തം ആശയങ്ങൾക്കുവേണ്ടി അവസാനംവരെ ഒരു സമരംതന്നെ അദ്ദേഹം നടത്തി. ദാരിദ്ര്യവും ദേഹാസ്വാസ്ഥ്യവും കഠിനാദ്ധ്വാനവും അതിന്റെ ഫലമായി അദ്ദേഹത്തിനു വരിക്കേണ്ടിവന്നു. പക്ഷെ, ഇക്കാലമെല്ലാം അദ്ദേഹത്തിന്റെ ജീവിതത്തിൽ സന്തോഷത്തോടുകൂടി പങ്കുകൊണ്ടു് അദ്ദേഹത്തെ ആനന്ദിപ്പിക്കുവാൻ സ്നേഹമൂർത്തിയായ ഒരു സഹധർമ്മിണി അദ്ദേഹത്തിനുണ്ടായിരുന്നു. ജെന്നി എന്നായിരുന്ന ആ സ്ത്രീയുടെ പേരു്. ഒരു ധനികന്റെ പുത്രിയായ ജെന്നിയെ മാർക്സ് ബാലനായിരുന്നകാലത്തു് പരിചയ



കാറൽമാർക്സ്

പ്പെട്ടകയും അവരുടെ സ്നേഹം വളർന്ന് വിവാഹത്തിൽ കലാശിക്കുകയുമാണുണ്ടായതു്. ജെന്നിയെപ്പറ്റിയും പ്രേമത്തെപ്പറ്റിയും മാർക്സ് പല നല്ല കവിതകളുമെഴുതിയിട്ടുണ്ടത്രെ.

മാർക്സിന്റെ ഒരു ഉത്തമസ്നേഹിതനും ആരാധകനും സഹപ്രവർത്തകനുമായി എൻജൽസ് എന്നൊരാളുണ്ടായിരുന്നു. ജർമ്മൻകാരനായ എൻജൽസ് ഇംഗ്ലണ്ടിൽ താമസിച്ചു് അവിടത്തെ തൊഴിലാളിപ്രവർത്തനങ്ങൾ കണ്ടു മനസ്സിലാക്കിയിരുന്നു. മാർക്സിനെ അദ്ദേഹം ഇംഗ്ലണ്ടിൽ കൊണ്ടുചെന്നു് ചില പ്രവർത്തകരുമായി പരിചയപ്പെടുത്തി. ബൽജിയത്തിൽ തിരിച്ചെത്തിയ ഉടനെ മാർക്സ് 'ജർമ്മൻതൊഴിലാളിസമാജം' എന്നൊരു സംഘടന രൂപീകരിച്ചു് കമ്മൂണിസം പ്രചരിപ്പിക്കാൻതുടങ്ങി. എ. ഡി. 1847-ൽ ലണ്ടനിൽ കമ്മൂണിസ്റ്റ്കാരുടെ ഒരു സമ്മേളനംചേരുകയും, ഒരു അന്തർദ്ദേശീയകമ്മൂണിസ്റ്റ് സംഘടന ഉണ്ടാക്കുകയുംചെയ്തു. അതിനുവേ


ണ്ടി മാർക്സും എൻജൽസുംകൂടി എഴുതിയുണ്ടാക്കിയ 'കമ്മൂ ണിസ്റ്റ്മാനിഫെസ്റ്റോ' എന്ന ഗ്രന്ഥത്തിൽ കമ്മൂണിസത്തിന്റെ ഒരു വ്യാഖ്യാനം നൽകിയിട്ടുണ്ട്. നമ്മുടെ ചരിത്രം ഒരു വർഗ്ഗ സമരത്തിന്റെ ചരിത്രമായി ചിത്രീകരിക്കപ്പെടുകയും അതിന്റെ അടിസ്ഥാനത്തിൽ 'ഭൗതികവാദം' എന്നറിയപ്പെടുന്ന ഒരു തത്വ സംഹിത രൂപീകരിക്കുയും അതിൽ ചെയ്തിട്ടുണ്ട്. തൊഴിലാളി കൾക്കു ചെല്ലേണ്ടതായ വേതനം മുഴുവൻ നല്കാതെ അതപഹരിച്ചു മുതൽമുട്ടിയാണ് മുതലാളിമാർ സമ്പാദ്യമുണ്ടാക്കുന്നതെന്നും, അതി നെതിരായി തൊഴിലാളികൾ ഒരുകാലത്തു ഇളകി, ആ സാമൂഹ്യവ്യ വസ്ഥയെ തകിടംമറിക്കുമെന്നും അതോടുകൂടി സമത്വസുന്ദരമായ ഒരു സാമൂഹ്യവ്യവസ്ഥിതി കെട്ടിപ്പടുക്കപ്പെടുമെന്നുമാണ് അതിൽ പ്രതി പാദിച്ചിട്ടുള്ളതു. മുതലാളിത്തം അവസാനിപ്പിക്കുന്നതിനായി ലോകത്തിലെ തൊഴിലാളികൾ യോജിച്ചു പ്രവർത്തിക്കുവാനുള്ള ഒരു ആഹ്വാനവും അതിലുണ്ട്.

യൂറോപ്പിലെങ്ങും താമസിക്കുവാൻ മാർക്സിനു സാധ്യമല്ലാതെ യായിത്തീർന്നു. അതോടുകൂടി അദ്ദേഹം ഇംഗ്ലണ്ടിൽ സ്ഥിരതാമസ മാക്കി അദ്ദേഹത്തിന്റെ ഏററവും മഹത്തായ സംഭാവനയാണ് 'കാപ്പിറൽ' എന്നറിയുന്ന ഗ്രന്ഥം. കമ്മൂണിസത്തിന്റെ പ്രമാണ ഗ്രന്ഥമാണിതു. 1867-ൽ മാർക്സ് അതിന്റെ ഒന്നാംവാല്യം പ്രസിദ്ധപ്പെടുത്തി. രണ്ടും മൂന്നും വാല്യങ്ങളും അദ്ദേഹത്തിന്റെ മരണശേഷം എൻജൽസാണ് പ്രസിദ്ധംചെയ്തതു. മുതലാളിത്തം ബലമുപയോഗിച്ചു അവസാനിപ്പിക്കണമെന്നു അതിൽ മാർക്സ് ആവശ്യപ്പെടുന്നു. തൊഴിലാളികളുടെ ഏകാധിപത്യപരമായ ഒരു ഭരണം അതിനെ തുടർന്നുണ്ടാവുമെങ്കിലും അതിവേഗത്തിൽ അതു സർവ്വജനസുഖത്തിനു ആസ്പദമായവിധം പരിവർത്തനം ചെയ്യപ്പെ ടുമെന്നും ഒടുവിൽ വർഗ്ഗരഹിതമായ ഒരു സമുദായത്തിന്റെ ഉദയ ത്തിൽ കലാശിക്കുമെന്നും അതിൽ മാർക്സ് ദർശനം ചെയ്യുന്നു.

1883-ൽ മാർക്സ് അന്തരിച്ചു. 'ലോകമുള്ള കാലം മുഴുവൻ മാർക്സിന്റെ പേരും അദ്ദേഹത്തിന്റെ കൃതികളും നിലനില്ക്കു'മെന്നു അദ്ദേഹത്തിന്റെ ശവകുടീരത്തിനു മുമ്പിൽ നിന്നുകൊണ്ടു എൻജൽസ് പ്രസ്താവിക്കുകയുണ്ടായി. മാർക്സിന്റെ സമത്വവാദ സിദ്ധാന്തത്തിന്റെ ആദ്യവിജയമാണ് റഷ്യൻവിപ്ലവം. ഇന്നു ലോകമൊട്ടുക്കു കമ്മൂണിസ്റ്റ് ചിന്ത പടർന്നുപിടിച്ചിട്ടുണ്ട്.

5. എഡിസൻ

തോമസ് ആൽവാ എഡിസൻ അമേരിക്കയിലെ മിലാൻ എന്ന സ്ഥലത്തു്, എ. ഡി. 1847-ൽ ജാതനായി. ബാല്യത്തിൽ തന്നെ ഗവേഷണങ്ങളിൽ അയാൾ വലിയ താല്പര്യം പ്രദർശിപ്പിച്ചിരുന്നു. ഒരു ദിവസം ഒരു കോഴിമുട്ടയുടെ മുകളിൽ അയാൾ അനങ്ങാതെ ഇരിക്കുന്നതു കണ്ടു് അയാളുടെ സഹോദരി ചോദിച്ചു, അയാൾ എന്തു ചെയ്യുകയാണെന്നു്. 'കോഴിയെക്കൂടാതെ മുട്ട വിരിക്കുവാൻ കഴിയുമോ എന്നു നോക്കുകയാണു്' എന്നായിരുന്നു എഡിസന്റെ ഉത്തരം.



തോമസ് ആൽവാ എഡിസൻ

സ്കൂളിൽ പഠിക്കുന്നതിനുള്ള ഭാഗ്യം എഡിസനു സിദ്ധിച്ചില്ല. ഏകദേശം 14 വയസ്സായതു മുതൽ നിത്യവൃത്തിക്കുള്ള വകയുണ്ടാക്കുവാനായി അയാൾ ഒരു റെയിൽവണ്ടിയിൽ പത്രവില്പന തുടങ്ങി. ടെയിനിലെ ഒരു മുറിയിൽ ഒരു ചെറിയ അച്ചടിയന്ത്രം ഘടിപ്പിച്ചിട്ടു് സ്വന്തമായി വർത്തമാനക്കടലാസ്സുകൾ അച്ചടിച്ചു വിതരണംചെയ്യുവാനും എഡിസൻ മുതിർന്നു. അതിനിടയിൽ കമ്പിവാർത്തകൾ അയയ്ക്കു

ന്നതിനുള്ള ഒരു ചെറിയ യന്ത്രമുണ്ടാക്കി. ആ മറിയിൽ ഘടിപ്പിച്ചു കൊണ്ട് അയാൾ അതിന്റെ കുറവുകളും കുറവുകളും പരിഹരിക്കുവാനുള്ള പ്രവർത്തനത്തിലുമേർപ്പെട്ടു.

ഏതാണ്ട് 20 വയസ്സുള്ളപ്പോൾ ഒരു ദിവസം അയാൾ ഉദ്യോഗം അന്വേഷിച്ച് ഒരു വലിയ കമ്പനിയിൽ ചെന്നു. കമ്പിവാർത്തകൾ അയയ്ക്കുന്നതിനു് അവിടെ സ്ഥാപിച്ചിരുന്ന യന്ത്രങ്ങൾക്കു തകരാറു പറ്റുകയും അവർ വിഷമിച്ചിരുന്ന സമയമായിരുന്ന അതു്. എഡിസൻ നിഷ്പ്രയാസം അവയെ നന്നാക്കിക്കൊടുത്തു. സന്തുഷ്ടരായ കമ്പനിഅധികൃതർ അയാളെ നല്ല ശമ്പളംകൊടുത്തു് അവിടെ നിയമിച്ചു. കമ്പിവാർത്താവിതരണയന്ത്രത്തിൽ പല പരിഷ്കാരങ്ങളും അയാൾ ഉണ്ടാക്കി. അതിലൊന്നിന്റെ ഫലമായി കമ്പനിക്കു വലിയ ലാഭമുണ്ടാവുകയാൽ അവർ എഡിസനു നല്ല ഒരു തുക പാരിതോഷികമായി നല്കി.

ആവശ്യമുള്ള പണം കിട്ടിയതോടുകൂടി സ്വന്തമായി ഒരു ഗവേഷണശാല നിർമ്മിച്ചു് എഡിസൻ പല പുതിയ കണ്ടുപിടിത്തങ്ങൾക്കുംവേണ്ടി പ്രയത്നിക്കുവാൻ തുടങ്ങി. ഡ്യൂപ്ലിക്കേറർ്, ടൈപ്പ്റൈറ്റർ മുതലായവയിൽ തുടങ്ങി, ടെലിഫോൺവരെയുള്ള പല യന്ത്രങ്ങളിലും വേണ്ട പരിഷ്കാരങ്ങളും അദ്ദേഹം വരുത്തി. അതുകഴിഞ്ഞു് ഫോണോഗ്രാഫ് എന്ന യന്ത്രം കണ്ടുപിടിക്കുകയും അതിനെ പരിഷ്കരിച്ചു് ഗ്രാമഫോൺ ഉണ്ടാക്കുകയുംചെയ്തു. ഇലക്ട്രിക് ബൾബുകളും എഡിസന്റെ വിലയേറിയ കണ്ടുപിടിത്തത്തിന്റെ ഫലമാണു്. അതുപോലെയുള്ള മറെറാരു കണ്ടുപിടിത്തമാണു് സിനിമാ. ചലച്ചിത്രവും ഫോണോഗ്രാഫും പ്രവർത്തിക്കുന്ന സമയത്തിനു് ഐകരൂപ്യംവരുത്തി സംസാരിക്കുന്ന ചിത്രങ്ങളും നമുക്കു് ഉണ്ടാക്കിത്തന്നതും എഡിസനാകുന്നു.

1300-ൽപരം കണ്ടുപിടിത്തങ്ങൾക്ക് അദ്ദേഹത്തിന്റെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടായിരുന്നു. ഇതുപോലെയും അധികം കണ്ടുപിടിത്തങ്ങളും നടത്തിയ മറെറാരു മനുഷ്യനും ഇതുവരെയും ഉണ്ടായിട്ടില്ല. 1927-ൽ അമേരിക്കൻ ശാസ്ത്രീയസംഘത്തിലെ ഒരംഗമായി അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടു. അടുത്ത കൊല്ലം അമേരിക്കൻ ഗവണ്മെൻറ് അദ്ദേഹത്തിനു് ഒരു കീർത്തിമുദ്ര സമ്മാനിച്ചു. "കഴിഞ്ഞ ശതാബ്ദത്തിൽ മനുഷ്യജീവിതത്തെ വിപ്ലവകരമായ വിധം പരിഷ്കൃതമാക്കിത്തീർക്കുന്നതിനുവേണ്ട കണ്ടുപിടിത്തങ്ങൾ"

നടത്തിയതിന്റെ അഭിനന്ദനമായിരുന്നു അത്. എ. ഡി. 1931-ൽ അദ്ദേഹം മരിച്ചു.

6. ടോൾസ്റ്റായി

ടോൾസ്റ്റായി ഒരു ചിന്തകനായിരുന്നു—എളിയ ജീവിതവും ഉന്നതമായ ആദർശവും പുലർത്തി ജീവിച്ച ഒരു വലിയ മഹാൻ.

ലിയോ ടോൾസ്റ്റായി, എ. ഡി. 1828-ൽ റഷ്യയിലെ ഒരു ഉന്നതകുടുംബത്തിൽ ജനിച്ചു—നാല്പത്തിരണ്ടു മുറികളുള്ള ഒരു വലിയ മാളികയിൽ, സമ്പത്തിന്റെ നടുവിൽ, ധൂർത്തു്, ദുരാചാരം, ദുഷ്ടത എന്നിവ കണ്ടുകൊണ്ടു് അദ്ദേഹം വളർന്നു. പക്ഷേ, അതിനിടയിൽ, മനഃസ്വരാശിയുടെ ജീവിതം സന്തുഷ്ടമാക്കുന്നതിനുള്ള രഹസ്യം എന്തെന്നു് അദ്ദേഹം പലപ്പോഴും ചിന്തിച്ചിരുന്നു.

ഉപരിവിദ്യാഭ്യാസത്തിനായി കാസാൻ സർവ്വകലാശാലയിൽ ചെന്നതോടുകൂടി അദ്ദേഹത്തിന്റെ ആശകൾ വികസിച്ചുതുടങ്ങി. ജീവിതം സന്തോഷകരമാക്കുന്നതിനു്, ലളിതവും പാപരഹിതവുമായിരിക്കണമെന്നു് അദ്ദേഹം ചിന്തിച്ചുറച്ചു. നാഗരികതയിൽ നിന്നുമാറി, പ്രകൃതിയോടിണങ്ങി, ലളിതജീവിതം നയിക്കണമെന്നു് ഉപദേശിച്ചിട്ടുള്ള ഒരു ഫ്രഞ്ചുചിന്തകനായ റൂസ്സോവിന്റെ കൃതികൾ അദ്ദേഹം പഠിച്ചു. റൂസ്സോവിനെ തന്റെ ഗുരുവായി സ്വീകരിച്ചുകൊണ്ടു് അദ്ദേഹത്തിന്റെ രൂപംകൊത്തിയ ഒരു മുദ്ര ടോൾസ്റ്റായി അന്നുമുതൽ കഴുത്തിലണിയുകയും ചെയ്തുവത്രെ. ഇങ്ങനെയെല്ലാമായിരുന്നെങ്കിലും, അദ്ദേഹത്തിന്റെ ജീവിതം പരിശുദ്ധമാക്കിത്തീർക്കുവാൻ അന്നു കഴിഞ്ഞിരുന്നില്ല.

വിദ്യാഭ്യാസംകഴിഞ്ഞു് അദ്ദേഹം, റൂസ്സോവിന്റെ ആദർശമനുസരിച്ചു കുടികൾക്കു പരിപൂർണ്ണസ്വാതന്ത്ര്യം അനുവദിച്ചുകൊണ്ടുള്ള ഒരു സ്കൂൾ നടത്തുവാൻതുടങ്ങി. കുറേ കഴിഞ്ഞപ്പോൾ മോസ്കോവിലെ ഒരു വൈദ്യന്റെ മകളെ അദ്ദേഹം വിവാഹം കഴിച്ചു. വളരെ ആനന്ദത്തോടുകൂടി ആരംഭിച്ച ആ ദാമ്പത്യജീവിതം ഒടുവിൽ അദ്ദേഹത്തിനു തീരെ ദുസ്സഹമായിത്തീർന്നു. ആ സ്ത്രീക്കു പണത്തിലും യശസ്സിലും വലിയ ആഗ്രഹമായിരുന്നു; പക്ഷേ കാലംചെല്ലുന്തോറും ടോൾസ്റ്റായിക്കു് പണവും സ്വകാര്യസ്വത്തും പാപമാണെന്നായിരുന്നു വിശ്വാസം. അദ്ദേഹം ഇക്കാലത്തു് അനവധി പുസ്തകങ്ങൾ എഴുതി; അവ ആയിരം ഇഷ്ടംപോലെ അച്ചടി



ലിയോ ടോൾസ്റ്റായി

ക്കാംമെന്ന് അദ്ദേഹം പ്രസ്താവിച്ചുവത്രെ. 'യുദ്ധവും സമാധാനവും' 'അന്നാകരനീനാ' എന്നീ രണ്ടെണ്ണമാണ് ഏറ്റവും പ്രസിദ്ധമായവ. 'ഹൃദയത്തിന്റെ ഉള്ളിൽനിന്നു വരുന്ന വികാരങ്ങളായിരിക്കണം സാഹിത്യകൃതികളിൽ പകർത്തേണ്ടതു്' എന്ന് അദ്ദേഹം കരുതിയിരുന്നു. ലോകത്തിലെ ഏറ്റവും പ്രശസ്തമായ നോവലുകളിൽ പെട്ടതാണിവരണ്ടും.

മനുഷ്യജീവിതം നന്നാക്കുന്നതിനുവേണ്ടി ഒരു പുതിയ മതം പ്രചരിക്കണമെന്ന് ടോൾസ്റ്റായിക്കു തോന്നി. ക്രിസ്തുവിന്റെ ഉപദേശങ്ങളെ ലളിതമായ രീതിയിൽ അദ്ദേഹം വ്യാഖ്യാനിച്ചു. സ്നേഹം അഥവാ അഹിംസ എന്ന തത്വമായിരുന്നു അദ്ദേഹം ഊന്നിപ്പറഞ്ഞതു് 'സ്വർഗ്ഗലോകം നമ്മളിൽതന്നെയാണു്' എന്നു് അദ്ദേഹം എഴുതി. നല്ല ജീവിതംകൊണ്ടു് നമുക്കു സ്വർഗ്ഗസുഖം ലഭിക്കുമെന്നാണ് അതിന്റെ സാരം.


ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും ആളുകൾ ഈ ദിവ്യജ്ഞനെ കാണുവാനും അദ്ദേഹത്തിന്റെ വചനാമൃതം

കൊക്കുവാനായി റഷ്യയിൽ എത്തിയിരുന്നു. പരുപരുത്ത പുസ്തകങ്ങളും സ്വന്തം കൈകൊണ്ടു തുന്നിയ തൊപ്പികളും ധരിച്ചു് ഒരു പാവപ്പെട്ട കൃഷിക്കാരനെപ്പോലെ ജീവിതം നയിച്ചിരുന്ന ഒരാളെയാണു് അവർ കണ്ടതു്. മുറി വൃത്തിയാക്കുക, കിടക്ക വിരിക്കുക മുതലായ എല്ലാ ജോലികളും അദ്ദേഹം തന്നത്താൻ ചെയ്തിരുന്നു. ഒരു മരപ്പാത്രത്തിൽനിന്നു്, മരക്കരണ്ടികൊണ്ടു് അദ്ദേഹം അല്പാല്പമായി ആഹാരംകഴിക്കുന്നതു കണ്ടവർക്കെല്ലാം ക്രിസ്തുദേവനെയാണു് ഓർമ്മവന്നിരുന്നതു്.

ഏ. ഡി. 1910-ൽ ആ ദിവ്യജീവിതം അവസാനിച്ചു. സ്വാതന്ത്ര്യോപായമായ ഭാര്യയോടുള്ള ജീവിതം ഉപേക്ഷിക്കണമെന്നു് അദ്ദേഹത്തിനു തോന്നുകയാൽ ഒരുദിവസം രാത്രി അദ്ദേഹം വീട്ടിൽനിന്നിറങ്ങിപ്പോയി. 82 വയസ്സു പ്രായമായിരുന്നു അന്നു്. ന്യൂമോണിയ പിടിപെട്ടു് ഒരു റെയിൽവേസ്റ്റേഷനിൽവച്ചു് അദ്ദേഹം മരിച്ചു.

൪. മുസ്തഫാ കെമാൽ പാഷാ

മുസ്തഫാ കെമാൽ 1880-ൽ ജാതനായി. പള്ളിക്കൂടത്തിൽ സതീർത്ഥ്യരോടു മാത്രമല്ല, അദ്ധ്യാപകന്മാരോടുപോലും മല്ലിനു ചെല്ലുക കെമാലിന്റെ സ്വഭാവമായിരുന്നു. അക്രമം സഹിക്കുവയ്യാതെ, പതിനൊന്നാമത്തെ വയസ്സിൽ പള്ളിക്കൂടത്തിൽനിന്നു് അയാളെ പിൻവലിച്ചു്, മാതാപിതാക്കന്മാർ ഒരു സൈനികവിദ്യാലയത്തിലാക്കി. 17-ാമത്തെ വയസ്സിൽ ഒരു സബ് ലഫ്റ്റനന്റായി അവിടെനിന്നു പുറത്തിറങ്ങിയ കെമാൽ തുർക്കി രാജ്യത്തിന്റെ തലസ്ഥാനനഗരമായ കാൻസ്റ്റാന്റിനോപ്പിളിലെ സൈനികവിദ്യാലയത്തിലെ ഒരദ്ധ്യാപകനായി നിയമിക്കപ്പെട്ടു. തൊപ്പുക്കാരായ അനവധി സൈനികോദ്യോഗസ്ഥന്മാർ അവിടെയുണ്ടായിരുന്നു തുർക്കിയിലെ സുൽത്താന്റെ ദുർഭരണത്തിൽ അസഹ്യമായ നീരസമുണ്ടായതുനിമിത്തം അവർ രഹസ്യമായി അദ്ദേഹത്തെ എതിർക്കുന്നതിനു് ഒരു സംഘം രൂപീകരിച്ചു. പക്ഷേ, ഈ സംഘടനയുടെ പ്രവർത്തനം സുൽത്താന്റെ ചാരന്മാർ കണ്ടുപിടിക്കയും, കെമാലുൾപ്പെടെ എല്ലാവരും അറസ്റ്റു ചെയ്യപ്പെടുകയും ചെയ്തു. സുൽത്താനു ദയവുതോന്നി അവർക്കു



മുസ്തഫാ കെമാൽ പാഷാ

മാപ്പുകൊടുത്തില്ലായിരുന്നുവെങ്കിൽ അതോടുകൂടി കെമാലിന്റെ കഥ അവസാനിക്കുമായിരുന്നു.

അതിനുശേഷമുള്ള സിറിയയിലേക്കു കെമാൽ സ്ഥലംമാറ്റപ്പെട്ടു. പക്ഷേ, അവിടേയും അയാൾ സുൽത്താന്റെ ദുർഭരണം അവസാനിപ്പിക്കുന്നതിനുള്ള രഹസ്യപ്രവർത്തനം സംഘടിപ്പിച്ചു. മാസിഡോണിയാ ദേശത്തുള്ള സലോണിക്കാ എന്ന സ്ഥലത്തു് ഒരു ദേശീയവിപ്ലവത്തിനുള്ള സാഹചര്യങ്ങൾ ഇക്കാലത്തു കണ്ടുതുടങ്ങി. ഉടനെ കെമാൽ അവിടത്തേക്കു സ്ഥലംമാറ്റം മേടിച്ചു. എൻവർബേയ് എന്നൊരു നേതാവിന്റെ കീഴിൽ സൈനികർ സംഘടിച്ചു് കാൺസ്റ്റാന്റിനോപ്പിളിലേക്കു നീങ്ങിത്തുടങ്ങിയപ്പോൾ ഭയവിഹ്വലനായിത്തീർന്ന സുൽത്താൻ ഒരു ഭരണഘടന പ്രഖ്യാപനം ചെയ്തുകൊണ്ടു് ജനഹിതപ്രകാരം ഭരിക്കുന്നതാണെന്നു വാഗ്ദാനംചെയ്തു രക്തച്ചൊരിച്ചിലില്ലാതെ കഴിച്ചു.

എൻവറിന്റെ വലംകൈയായി കെമാൽ പ്രവർത്തിക്കുകയായിരുന്നു. എൻവറിനേയും കെമാലിനേയും അചിരേണ വിദൂരസ്ഥലങ്ങളിൽ ഓരോ ജോലിക്കായി പറഞ്ഞയച്ചിട്ടു് സുൽത്താൻ വീണ്ടും സ്വേച്ഛാധിപതാരം സ്ഥാപിക്കുവാൻ ഒരുമ്പെട്ടു. ഉടനെ

രണ്ടുപേരും തിരിച്ചെത്തി, സുൽത്താനെ സിംഹാസനഭ്രഷ്ടനാക്കിയശേഷം അദ്ദേഹത്തിന്റെ പുത്രനെ കിരീടം നല്കിയിട്ട് ജനസമ്മതിയുള്ള ഒരു ഭരണം നടപ്പിലാക്കി. എൻവർ രാജ്യത്തിലെ അനിഷേധ്യനേതാവും കെമാൽ അദ്ദേഹത്തിന്റെ ഒരു അനുചരനുമായി കഴിഞ്ഞു.

കെമാലിനു്, ഒരു അനുചരനായി കഴിയുക എളുപ്പമായിരുന്നില്ല. എൻവർ ഒരു ജർമ്മൻസേനാനായകനെ തുർക്കിസൈന്യങ്ങളെ പരിശീലിപ്പിക്കുന്നതിനു നിയോഗിച്ചപ്പോൾ എൻവറിനെ എതിർക്കുവാൻതന്നെ കെമാൽ നിശ്ചയിച്ചു. പക്ഷേ ഈ സമയത്തു് ഒന്നാംലോകമഹായുദ്ധം തുടങ്ങി. ഇംഗ്ലീഷുകാർ തുർക്കിയെ ആക്രമിച്ചു കാൺസ്റ്റാന്റിനോപ്പിൾ പിടിച്ചടക്കുവാൻ ശ്രമിച്ചപ്പോൾ കെമാൽ ആ ജർമ്മൻസേനാനിയുടെ കീഴിൽ പൂർണ്ണസഹകരണംനല്കി സേവനമനുഷ്ഠിക്കുകയും ഇംഗ്ലീഷുകാരെ പരിപൂർണ്ണമായി ഒരു യുദ്ധത്തിൽ തോല്പിച്ചു് പിൻതിരിപ്പിക്കുകയും ചെയ്തു. കെമാലിന്റെ പേരും പെരുമയും അതോടുകൂടി വർദ്ധിച്ചു.

ഒന്നാം ലോകമഹായുദ്ധത്തിൽ ജർമ്മനിയേയും തുർക്കിയേയും ഇംഗ്ലീഷുകാരും അവരുടെ സഖികളുംകൂടി തോല്പിക്കുകയുണ്ടായി. അതു സംഭവിക്കുന്നതിനുമുമ്പു് എൻവർ പലായനം ചെയ്തു. കാൺസ്റ്റാന്റിനോപ്പിൾ ഇംഗ്ലീഷുകാരുടെ അധീനതയിലുമായി. അവരുടെ ഇഷ്ടപ്രകാരം സുൽത്താൻ ഭരണം നടത്തിത്തുടങ്ങി.

ഈ സമയത്തു തുർക്കിയുടെ സ്വാതന്ത്ര്യം സംരക്ഷിക്കുവാനുള്ള ശ്രമം കെമാൽ ആരംഭിച്ചു. അങ്കാറ എന്ന സ്ഥലത്തു പടക്കുട്ടി അദ്ദേഹം തയ്യാറെടുത്തു. അതിനിടയ്ക്കു ഗ്രീക്കുകാർ തുർക്കിയിൽ നിന്നു വളരെ അധികം സ്ഥലം പിടിച്ചെടുത്തുകൊണ്ടു് അങ്കാറയിലോട്ടു പടനീക്കി. അവരെ കെമാൽ തടഞ്ഞുനിറുത്തി; തോല്പിച്ചു; വിരട്ടി ഓടിച്ചുകൊണ്ടു് കാൺസ്റ്റാന്റിനോപ്പിളിലെത്തി. തുർക്കിയുടെ സ്വാതന്ത്ര്യം അതോടുകൂടി സുരക്ഷിതമായിത്തീർന്നു.

തുർക്കിയിലെ സുൽത്താൻ ഇംഗ്ലീഷുകാരുടെകൂടെ രക്ഷപ്രാപിച്ചു. അദ്ദേഹത്തിന്റെ പുത്രനെ ഖലീഫയായി വാഴിച്ചു മുസ്ലീം മതാദ്ധ്യക്ഷൻ എന്ന നിലയിൽ ബഹുമാനിച്ചതല്ലാതെ അദ്ദേഹത്തിനു കിരീടം നല്കുവാൻ കെമാൽ സമ്മതിച്ചില്ല. തുർക്കിയെ ഒരു റിപ്പബ്ലിക്കായി പ്രഖ്യാപിച്ചുകൊണ്ടു കെമാൽ അതിന്റെ ഒന്നാമത്തെ പ്രസിഡന്റുസ്ഥാനം സ്വീകരിച്ചു.

തുർക്കിയെ അത്യശക്തമായ ഒരു രാഷ്ട്രമായി രൂപാന്തരപ്പെടു
ത്തുവാൻ കെമാൽപാഷാ—അദ്ദേഹത്തെ ആളുകൾ അങ്ങനെ
യാണ് ഇപ്പോൾ വിളിച്ചുതുടങ്ങിയതു്—ഉടനെ ശ്രമം തുടങ്ങി.
രാജ്യക്ഷേമത്തിനെതിരായി പ്രവർത്തിച്ചിരുന്ന സുൽത്താന്റെ
ശക്തി ക്ഷയിപ്പിക്കുന്നതിനായി തുർക്കിയെ ഒരു മതേതരരാഷ്ട്രമായി
പ്രഖ്യാപിച്ചുകൊണ്ടു്, 1924-ൽ 'ഖലീഫാ' എന്ന സ്ഥാനം
അദ്ദേഹം അവസാനിപ്പിച്ചു. വേഷം, ആചാരം, ചിന്ത എന്നു
തിലെല്ലാം പരിഷ്കാരം നടപ്പിലാക്കി ഒരു പുതിയ മനുഷ്യവർഗ്ഗ
ത്തെ തുർക്കിയിൽ ഉണ്ടാക്കുന്നതിനായിരുന്നു അദ്ദേഹത്തിന്റെ ചി
ന്നത്തെ ശ്രമം. പുരുഷന്മാരുടെ പാവാടപോലത്തെ ഉടുപ്പിനു
പകരം കോട്ടും ശരായിയും നടപ്പാക്കി; ഫെസ് എന്ന തൊപ്പിക്കു
പകരം ഹാറ്റ് ധരിക്കുവാൻ കല്പന നല്കി; സ്ത്രീകൾ മൂടുപടമുപേ
ക്ഷിച്ചു്, യൂറോപ്യൻ സ്ത്രീകളെപ്പോലെ വസ്ത്രധാരണംചെയ്തു പു
ത്തിറങ്ങി ജോലികളിലേർപ്പെടുവാൻ ഉത്തേജനം നല്കി. ഒരുവനു്
നാലും അഞ്ചും സ്ത്രീകളെ ഭാര്യമാരായി വെയ്ക്കുവാനുള്ള സമ്പ്രദായം
നിറുത്തൽചെയ്തു. അഴിമതിയും കൈക്കൂലിയും നിർമ്മാർജ്ജനം
ചെയ്തു് ഉദ്യോഗസ്ഥമണ്ഡലം ശുദ്ധമാക്കി. ലത്തീൻലിപിയിൽ
എഴുതുന്നതിനു ജനങ്ങളെ അഭ്യസിപ്പിച്ചു. അങ്ങനെ ഒരു
പുതിയ രാഷ്ട്രം ഇങ്ങനെ ജാതമായി. ശക്തമായ ഒരു കര-
കടൽ-വ്യോമ-സേനയും രൂപീകരിച്ചു് ആധുനികരീതിയിൽ അവയ്ക്കു
പരിശീലനം നൽകി നിർത്തി.

1938-ൽ കെമാൽപാഷാ മരിച്ചു. 'അത്താതുർക്ക്' എന്നു
ആളുകൾ അദ്ദേഹത്തെ വാഴ്ത്തി—ഗാന്ധിജിയെ നമ്മുടെ രാഷ്ട്ര
പിതാവു് എന്നു നാം വാഴ്ത്തുന്നതുപോലെ.

8. രവീന്ദ്രനാഥടാഗോർ

ഏ. ഡി. 1861-ൽ രവീന്ദ്രനാഥടാഗോർ കല്ക്കട്ടയിൽ
ജനിച്ചു. ബംഗാളിലെ ഒരു പുരാതനകുടുംബത്തിലെ ഓമനസ
ന്താനമെന്ന നിലയിൽ അദ്ദേഹം താലോലിച്ചു വളർത്തപ്പെട്ടു.
വളരെ ചെറുപ്രായത്തിൽ അമ്മ മരിച്ചു. പിതാവായ ദേവേന്ദ്ര
നാഥടാഗോർ മിക്കവാറും സമയം വീട്ടിലുണ്ടായിരുന്നില്ല. വാത്സ
ല്യക്കാരായിരുന്ന എപ്പോഴും കൂടെ ഉണ്ടായിരുന്നതു്. ബാലനായ

രവീന്ദ്രൻ അവരിൽനിന്നു മാറി, പലപ്പോഴും ജനലിൽക്കൂടെ വെളിയിൽ നോക്കിയിരിക്കും. ഏകാന്തമായി വളരെനേരം ഇങ്ങനെ ഇരുന്ന് ആകാശവും മേഘവും മറ്റു പ്രകൃതിസൌന്ദര്യങ്ങളും അദ്ദേഹം ആസ്വദിച്ചിരുന്നു.


'വീട്ടിൽവച്ച്' അദ്ദേഹത്തിന്റെ വിദ്യാഭ്യാസം തുടങ്ങി. സാഹിത്യവും കലയും ആ വീട്ടിലെ ക്രീഡാപ്രിയങ്ങളായിരുന്നു. പക്ഷേ പള്ളിക്കൂടത്തിലെ അന്തരീക്ഷവും അദ്ധ്യാപകന്മാരുടെ രീതികളുമൊന്നും അദ്ദേഹത്തിനു തീരെ രസിച്ചില്ല. അതുകൊണ്ടു പള്ളിക്കൂടത്തിലേയ്ക്കുള്ള പോക്കു നിറുത്തി, വീട്ടിലിരുന്നുമാത്രം ടാഗോർ പഠിത്തം തുടങ്ങി. കവിതകൾ, നാടകങ്ങൾ, പാട്ടുകൾ, ചിത്രങ്ങൾ ഇവയിലായിരുന്നു അദ്ദേഹത്തിന്റെ ശ്രദ്ധ മുഴുവനും.

ബാല്യത്തിൽതന്നെ അദ്ദേഹം കവിതകളെഴുതിത്തുടങ്ങി ഹിമാലയത്തിലേയ്ക്ക് ഒരു യാത്രപോയി തിരിച്ചുവന്നതോടുകൂടെ പ്രകൃതിസൌന്ദര്യത്തെപ്പറ്റി അദ്ദേഹത്തിന്റെ കവിതകളിൽ കൂടുതൽ കാണുവാൻ തുടങ്ങി. ഭാനുസിംഹൻ എന്ന പേരിലായിരുന്ന ഈ കവിതകൾ പ്രത്യക്ഷപ്പെട്ടതു്.

17 വയസ്സായപ്പോൾ ഇംഗ്ലണ്ടിൽചെന്ന് ലണ്ടൻ സർവ്വകലാശാലയിൽ ചേർന്നെങ്കിലും പഠിത്തം തുടരാതെ വേഗം മടങ്ങുകയാണു ടാഗോർ ചെയ്തതു്. പിതാവിന്റെ സ്വത്തുക്കൾ നോക്കുന്നതിനായി അതിനുശേഷം അദ്ദേഹം നിയോഗിക്കപ്പെട്ടു. ബംഗാളിലെ ഗ്രാമീണരുമായി പരിചയപ്പെടുന്നതിനു് ഇതുപകരിച്ചു.

അനവധി ചെറുകഥകൾ, നോവലുകൾ, കവിതകൾ എന്നിവ ടാഗോർ എഴുതി. ഇവയിൽ പലതും പ്രസിദ്ധമാണു്. 'ഗീതാഞ്ജലി' എന്ന അദ്ദേഹത്തിന്റെ കവിതാകുസുമങ്ങൾക്കു നോബൽസമ്മാനം ലഭിച്ചു. അതു് ലോകത്തിലെ പല ഭാഷകളിലും പരിവർത്തനം ചെയ്യപ്പെട്ടിട്ടുമുണ്ടു്. അദ്ദേഹം രചിച്ച ഒരു ഗാനമാണു് നമ്മുടെ ദേശീയഗാനമായ 'ജനഗണമന.'

ഭാരതത്തിന്റെ ഉത്തമസന്താനങ്ങളിലൊരാളാണു് ടാഗോർ. രാഷ്ട്രഭക്തിയിൽ അദ്ദേഹം ആർക്കും പിന്നിലല്ലായിരുന്നു. പക്ഷേ അദ്ദേഹത്തിന്റെ രാഷ്ട്രഭക്തി സങ്കുചിതമല്ലായിരുന്നു. 'ലോകമേ തറവാടു്' എന്നദ്ദേഹം വിശ്വസിച്ചു. കല്ക്കട്ടയിൽ അദ്ദേഹം 1921-ൽ സ്ഥാപിച്ച സർവ്വകലാശാലയുടെ പേരുതന്നെ



രവീന്ദ്രനാഥടാഗോർ

വിശ്വഭാരതി' എന്നായിരുന്നു. ലോകത്തിന്റെ പല ഭാഗങ്ങളിൽനിന്നും വിദ്യാർത്ഥികൾ അവിടെ എത്താറുണ്ട്.

എ. ഡി. 1915-ൽ ബ്രിട്ടീഷ് ഗവൺമെൻറ് അദ്ദേഹത്തിനു 'സർ' സ്ഥാനം നല്കി. പക്ഷേ 1919-ൽ ബ്രിട്ടീഷുകാർ നടത്തിയ മൃഗീയമായ ക്രൂരകൊലയിൽ പ്രതിഷേധിച്ചുകൊണ്ട്, അദ്ദേഹം ആ ബഹുമതി ഉപേക്ഷിച്ചു. മഹാകവിയെന്നും, ലോകഗുരുവെന്നും, മഹർഷിയെന്നും ജനങ്ങൾ രവീന്ദ്രനാഥടാഗോറിനെ വാഴ്ത്തിയിരുന്നു. എ. ഡി. 1941-ൽ ആ ദിവ്യപുരുഷൻ ദിവംഗതനായി.

ചോദ്യങ്ങൾ:—

1. സോക്രട്ടീസിനു വധശിക്ഷ നല്കിയതിനുള്ള കാരണമെന്ത്? അദ്ദേഹം അതു സ്വീകരിച്ചത് ഏതുവിധമായിരുന്നു?
2. അബ്രഹാംലിങ്കന്റെ മഹത്തായ സേവനമെന്തായിരുന്നു? അദ്ദേഹത്തിന്റെ ജീവചരിത്രം ചുരുക്കി എഴുതുക.
3. ഫ്ലോറൻസ് നൈറ്റിംഗേൽ എവിടെ ജനിച്ചു? ഏതു ഘട്ടത്തിലാണ് അവർ ആതുരസേവനം അനുഷ്ഠിച്ചത്? അവരുടെ സേവനം എന്തായിരുന്നു?
4. കാൾമാർക്സ് പ്രചരിപ്പിച്ച തത്വചിന്ത എന്താണ്? അദ്ദേഹത്തിന്റെ ഏറ്റവും പ്രശസ്തമായ ഗ്രന്ഥത്തിന്റെ പേരെന്തു?
5. എഡിസന്റെ പ്രധാന കണ്ടുപിടിത്തങ്ങളേവ?
6. ടോൾസ്റ്റായി എഴുതിയ രണ്ടു പ്രധാന കൃതികളേവ? അദ്ദേഹത്തിന്റെ ജീവിതാദർശങ്ങളും ജീവിതരീതിയും വിവരിക്കുക.
7. മുസ്തഫാ കെമൽപാഷാ തുർക്കിയിൽ വരുത്തിക്കൂട്ടിയ പരിഷ്കാരങ്ങളെന്തെല്ലാം? അദ്ദേഹം തുർക്കികൾക്കുചെയ്ത സേവനങ്ങൾ കുറിക്കുക.
8. 'ജനഗണമന' എഴുതിയ കവി ആരു? രവീന്ദ്രനാഥടാഗോർ എഴുതിയ ഒരു പ്രധാന കൃതിയുടെ പേർ പറയുക.

അദ്ധ്യായം 7

നാണയവ്യവസ്ഥിതി

1. നാണയത്തിന്റെ കഥ. നിത്യോപയോഗത്തിനു നമുക്കു പല സാധനങ്ങളും ആവശ്യമുണ്ടു്—ആഹാരസാധനം, വസ്ത്രം, എണ്ണ ഇങ്ങനെ പലതും. ഇവയെല്ലാം ഇപ്പോൾ പണം കൊടുത്താണു വാങ്ങാറുള്ളതു് പണവുംകൊണ്ടു ചെന്നാൽ ഏതു സാധനവും നമുക്കു വാങ്ങാമുന്നതേയുള്ളു. നമ്മുടെ പക്കൽ അധികമുള്ള സാധനങ്ങൾ വിറ്റാൽ നമുക്കു പണം കിട്ടുകയും ചെയ്യും.

പണം എന്നൊന്നു് ഇല്ലായിരുന്നുവെങ്കിൽ സാധനങ്ങൾ കൊടുക്കുകയും വാങ്ങുകയും ചെയ്യുന്നതു് എത്ര ക്ലേശകരമായിരിക്കുമായിരുന്നുവെന്നോ! നാണയങ്ങൾ നടപ്പിൽവരുന്നതിനു മുമ്പുള്ള കാലത്തെ അവസ്ഥ എന്തെന്നു നോക്കാം. അന്നു് ഓരോരുത്തന്റെയും സ്വത്തു് അവനവന്റെ അധീനതയിലുള്ള സാധനങ്ങൾ മാത്രമായിരുന്നു. സാധനങ്ങൾക്കുപകരം മറ്റു സാധനങ്ങൾ കൈമാറംചെയ്യുകയായിരുന്നു അന്നത്തെ പതിവു്. ഇതിനു 'ബാർട്ടർ' സമ്പ്രദായം എന്നാണു പേർ. സമുദായത്തിന്റെ ആരംഭദശയിൽ ഈ സാധനകൈമാറസമ്പ്രദായം അഥവാ ബാർട്ടർ നടന്നിട്ടുണ്ടായിരിക്കണം. ആഭ്യന്തരവ്യാപാരികൾ തമ്മിലും കാലാന്തരത്തിൽ രാജ്യങ്ങൾ തമ്മിലും ഈ കൈമാറ്റം ഇടപാടുകൾ നടന്നിട്ടുണ്ടാവും.

മനുഷ്യൻ അപരിഷ്കൃതാവസ്ഥയിൽ കഴിഞ്ഞിരുന്ന കാലത്തു് അവന്റെ ആവശ്യങ്ങൾ പരിമിതമായിരുന്നതുകൊണ്ടു് ഇത്തരം ബാർട്ടർ ഏറ്റുപ്പാടുമുലം കാര്യങ്ങൾ നിർവ്വഹിക്കുവാൻ അവനു കഴിയുമായിരുന്നു. എന്നാൽ സമുദായം പുരോഗമിച്ചതോടെ, പലവിധത്തിലുള്ള സാധനങ്ങൾ വാങ്ങുവാനുള്ള ആവശ്യം അടിക്കടി വന്നുചേർന്നപ്പോൾ ബാർട്ടർസമ്പ്രദായംകൊണ്ടുള്ള വിഷമതകൾ അവനു് അനുഭവപ്പെട്ടുതുടങ്ങി.

രാമനു കുറെ എണ്ണ ആവശ്യമുണ്ടെന്നിരിക്കട്ടെ. പകരം കൊടുക്കുവാൻ അയാളുടെ പക്കൽ നെല്ലും നാളികേരവുമാണുള്ളതു്. മത്തായിയുടെ പക്കൽ കൈമാറംചെയ്യുവാൻ എണ്ണയു

മുംബൈനെ വിചാരിക്കുക. നെല്ലോ നാളികേരമോ മത്തായിക്കാവശ്യമുണ്ടെങ്കിൽ അതു കൊടുത്തിട്ടു പകരം എണ്ണ വാങ്ങുവാൻ രാമനു സാധിക്കും. എന്നാൽ മത്തായിക്കു നെല്ലും തേങ്ങയും സ്വന്തമായിട്ടുണ്ട്. അയാൾക്കാവശ്യം കുറെ കോഴിയാണെന്നിരിക്കട്ടെ. രാമന്റെ നെല്ലോ തേങ്ങയോ വാങ്ങിക്കൊണ്ടു പകരം കോഴിയെ കൊടുക്കുവാൻ തയാറുള്ള മറ്റാരെയെങ്കിലും അയാൾ തേടി കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. സാധനങ്ങളും ചുമന്നുകൊണ്ടു് എവിടെയെല്ലാം പോയി എന്തൊക്കെയെല്ലാം ബുദ്ധിമുട്ടുകൾ സഹിച്ചാലാണു് ഇത്തരം ആവശ്യങ്ങൾ നിറവേറ്റുവാൻ സാധിക്കുന്നതെന്നു നിങ്ങൾക്കു ഊഹിക്കാവുന്നതേയുള്ളൂ.

കാസ്റ്റിമിനു കുറെ കോഴിയെ വാങ്ങണമെന്നുണ്ടു്. പകരം കൊടുക്കുവാൻ അയാളുടെ പക്കലുള്ളതു് ഏതാനും അടുക്കള മാത്രമാണു്. ആടിനെ വാങ്ങിക്കൊണ്ടു് പകരം കോഴിയെ കൊടുക്കുവാൻ അബ്ദുള്ള തയാറാണെന്നു വിചാരിക്കുക. ഒരാടിനു പകരം പത്തു കോഴിയെ കൊടുക്കുകയാണു നിലവിലുള്ള നിരക്കെന്നിരിക്കട്ടെ. മൂന്നു കോഴിയെ മാത്രമാണു് കാസ്റ്റിമിനു് ആവശ്യം. അയാൾ എന്തുചെയ്യും? ആടിനെ മുറിച്ചുകൊടുക്കുക സാദ്ധ്യമല്ല. അയാളുടെ ആവശ്യം നിറവേറ്റാതെ കിടക്കുകയേയുള്ളൂ.

നമ്പൂതിരിപ്പാടു് നല്ല അഭ്യാസിയും ബുദ്ധിമാനുമാണു്. അദ്ദേഹത്തിനു ധാരാളം നെല്ലുകിട്ടും. നിത്യാവശ്യങ്ങൾ എല്ലാം കഴിഞ്ഞാലും വളരെയധികം നെല്ലു് അദ്ദേഹത്തിനു മിച്ചംവരും. ഈ നെല്ലു് അദ്ദേഹം എന്തുചെയ്യും? അറയിൽ സൂക്ഷിച്ചാൽതന്നെ ഒന്നോ രണ്ടോ കൊല്ലം കഴിയുമ്പോൾ അതു ദ്രവിച്ചു നഷ്ടപ്പെട്ടുപോകും. സ്വന്തം സമ്പാദിച്ചു സംഭരിക്കുവാൻ അക്കാലത്തു വളരെ പ്രയാസമുണ്ടായിരുന്നിരിക്കണം.

ഏതെങ്കിലും ഒരു പ്രത്യേകസാധനത്തെ ആസ്പദമാക്കി മറ്റു സാധനങ്ങൾക്കു വിലകല്പിക്കുക എന്ന ഏർപ്പാടു് കാലക്രമേണ നടപ്പിലായി. ഈ അടിസ്ഥാനസാധനം നെല്ലോ, തേങ്ങയോ, പശുവോ ഏതുമായിരുന്നിരിക്കും. ഒരു കോഴിയുടെ വില 1 പറനെല്ലു്, ഒരു പശുവിന്റെ വില 40 പറനെല്ലു്, ഒരാടിന്റെ വില 10 പറനെല്ലു് എന്നിങ്ങനെ സാധനങ്ങളുടെ വില നിശ്ചയിക്കുവാൻ ഈ സമ്പ്രദായം സഹായിച്ചിരുന്നുവെങ്കിലും സാധനങ്ങൾ വാങ്ങേണ്ടിടത്തിലെല്ലാം നെല്ലും ചുമന്നുകൊണ്ടുപോകുവാനുള്ള പ്രയാസവും

കാലപ്പഴക്കംകൊണ്ട് നെല്ല് നശിച്ചുപോകുമെന്നുള്ള വസ്തുതയും പ്രയാസങ്ങളും സൃഷ്ടിച്ചിരുന്നു. അടിസ്ഥാനസാധനത്തിൽ ചില പ്രത്യേക ഗുണങ്ങളും സൗകര്യങ്ങളുമുണ്ടായിരുന്നാൽ മാത്രമേ ഈ തകരാറുകൾ പരിഹരിക്കപ്പെടുകയുള്ളു എന്നു മനുഷ്യൻ അതോടു കൂടി മനസ്സിലാക്കിയിരിക്കണം. അവ താഴെ ചേർക്കുന്നു.

1. അടിസ്ഥാനസാധനം വേഗം നശിക്കാത്തതായിരിക്കണം.
2. പ്രയാസംകൂടാതെ കൊണ്ടുപോകാവുന്നതായിരിക്കണം.
3. കൈമാറ്റം ചെയ്യാൻ സൗകര്യമുള്ളതായിരിക്കണം.
4. ചെറിയ അംശങ്ങളായി വിഭജിക്കാൻ കഴിയുന്നതായിരിക്കണം.
5. ഉപയോഗമുള്ളതായിരിക്കണം.
6. നിഷ്പ്രയാസം എങ്ങുനിന്നും സംഭരിക്കാൻ കഴിയാത്തതായിരിക്കണം.

സ്വർണ്ണം, വെള്ളി, ചെമ്പ് മുതലായ ലോഹങ്ങൾക്ക് ഈ ഗുണങ്ങളെല്ലാം ഏറെക്കുറെ ഉള്ളതുകൊണ്ട് അവയെ അടിസ്ഥാനസാധനങ്ങളായി സ്വീകരിക്കുവാൻ ജനങ്ങൾ തയാറായി. ആവശ്യമനുസരിച്ചു ലോഹങ്ങൾ തൂക്കിക്കൊടുക്കുകയായിരുന്നു ആദ്യമാദ്യം ചെയ്തിരുന്നതു്. കാലാന്തരത്തിൽ നിശ്ചിതതൂക്കമുള്ള നാണയങ്ങൾ ഈ ലോഹങ്ങൾകൊണ്ടുണ്ടാക്കുകയും പ്രചരിപ്പിക്കുകയും ചെയ്തതോടെ സാധനങ്ങളുടെ ക്രയവിക്രയവും സ്വത്തിന്റെ സംഭരണവും സുഗമമായിത്തീർന്നു.

ആദ്യകാലങ്ങളിൽ ഉപയോഗത്തിലിരുന്ന നാണയങ്ങൾക്ക് അവയുടെ ലോഹവിലയും നാണയവിലയും ഏറെക്കുറെ തുല്യമായിരുന്നു. എന്നാൽ ഇപ്പോൾ നാണയങ്ങൾക്കു മുഖവില ലോഹവിലയേക്കാൾ കൂടുതലാണു്. ഉദാഹരണമായി ഇപ്പോഴത്തെ ഒരു രൂപയുടെ നാണയത്തിൽ ഒരു രൂപ വിലയുള്ള വെള്ളി കാണപ്പെടുന്നില്ല. ഇന്നു് എല്ലാ പരിഷ്കൃതരാജ്യങ്ങളിലും കടലാസുനാണയമാണു് നടപ്പിലിരിക്കുന്നതു്. ഇവ സർക്കാരിന്റെ ഉറപ്പിന്മേൽ ജനങ്ങൾ ധനത്തിനുപകരം സ്വീകരിക്കുന്നു. ഒക്കെമാറ്റത്തിനും കൊണ്ടുനടക്കുന്നതിനും കൂടുതൽ സൗകര്യം നോട്ടുകൾതന്നെയാണു്. ഒരു രാജ്യത്തുള്ള നോട്ടുകൾ മറെറാരു രാജ്യത്തു സ്വീകരിക്കുകയില്ല. കാരണം സ്പഷ്ടമാണല്ലൊ. മിക്ക രാജ്യങ്ങളിലേയും നാണയ

ങ്ങൾ തമ്മിലുള്ള ബന്ധം ക്ലിപ്തപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് പരസ്പരം കൈമാറ്റംചെയ്യുന്ന സാധനങ്ങളുടെ വില നിശ്ചയിക്കുവാൻ സാധിക്കുന്നു. കൂടുതലായി കൊടുക്കാനുള്ള വില സാവധാനമായി കൊടുക്കാമെന്നാണ് വ്യവസ്ഥ.

2. ബാങ്കുകൾകൊണ്ടുള്ള ഉപയോഗങ്ങൾ. നാണയങ്ങളുടെ ആവിർഭാവത്തോടുകൂടി ധനം സമ്പാദിക്കുവാനും സംഭരിക്കുവാനും ആളുകൾ ശ്രമിച്ചുതുടങ്ങി. ഇങ്ങനെ ശേഖരിച്ചുവച്ച പണം മറ്റുള്ളവരുടെ ആവശ്യത്തിനുവേണ്ടി കടം കൊടുക്കുകയും തിരിയെ വാങ്ങുകയും ചെയ്യുക സാധാരണമായി. അങ്ങനെ പണമിടപാട് എന്ന പുതിയ പ്രസ്ഥാനം ഉടലെടുത്തു. പണമിറക്കി ഈച്ചവടവും തൊഴിലുകളും ചെയ്തു ധനം വർദ്ധിപ്പിക്കുവാനും ആളുകൾ തയാറായി. സ്വന്തമായി പണമില്ലാത്തവർ മറ്റുള്ളവരുടെ പക്കൽനിന്നു പണം കടമെടുത്തു തൊഴിലുകൾ ചെയ്യാൻ തുടങ്ങി. പണം കൈയിലുള്ളവർ മടിക്കുടാതെ കൊടുക്കുന്നതിനുവേണ്ടി വാങ്ങുന്ന തുകയോടുകൂടി ഒരു ചെറിയ സംഖ്യ പലിശയായി കൊടുക്കുന്ന രീതിയും ആരംഭിച്ചു. ഇതു കൂടുതൽ പണം ശേഖരിച്ചുവയ്ക്കുന്നതിനു് ആളുകളെ പ്രേരിപ്പിച്ചു. പ്രബലന്മാരായ ആളുകളുടെ പക്കൽ ധനം സംരക്ഷിക്കുവാൻ ഏല്പിക്കുകയായിരുന്ന ആദ്യത്തെ പതിവു്. ഈ പ്രബലവ്യക്തികൾ ഇങ്ങനെ വന്നുചേരുന്ന ധനം അന്യർക്കു വായ്പയായി കൊടുക്കുകയും അതിൽനിന്നു കിട്ടുന്ന പലിശയിൽ ഒരംശം ധനമൂടമസ്ഥന്മാർക്കു് നല്കുകയും ചെയ്തതോടുകൂടി ബാങ്കുപ്രവർത്തനത്തിന്റെ പ്രാഥമികാംശങ്ങൾ രൂപമെടുത്തുകഴിഞ്ഞു.

ബാങ്കുകൾ നമുക്കു പലവിധത്തിൽ പ്രയോജനപ്പെടുന്നു. ആവശ്യത്തിലധികമുള്ള പണം അവരവരുടെ വീട്ടിൽ സൂക്ഷിക്കുന്നതു് ഉപയോഗശൂന്യമാണു്. ചിലപ്പോൾ മോഷ്ടിക്കപ്പെട്ടു നഷ്ടപ്പെടാനും ഇടയുണ്ടു്. ഈ രണ്ടു പ്രയാസങ്ങളിൽനിന്നു ബാങ്കുകൾ നമ്മെ രക്ഷിക്കുന്നു. അധികമുള്ള പണം നമുക്കു ബാങ്കുകളിൽ നിക്ഷേപിക്കാം. ആവശ്യമുള്ളപ്പോൾ നിക്ഷേപത്തുക നമുക്കു തിരിച്ചെടുക്കാവുന്നതാണു്. ഈ നിക്ഷേപത്തിനു പ്രതിഫലമായി ബാങ്കുകൾ നമുക്കു പലിശ നല്കുന്നു. പലരിൽനിന്നു

ബാങ്കുകാർക്കുലഭിക്കുന്ന തുക കച്ചവടക്കാർക്കും വ്യവസായികൾക്കും മറ്റും അവർ കടം കൊടുക്കുന്നു. ഇതിനും പുറമേ പണം കൈമാറ്റം ചെയ്യുന്നതിനും ബാങ്കുകൾ സഹായിക്കുന്നു. ഓരോ നിക്ഷേപകനും ബാങ്കിൽനിന്ന് നിക്ഷേപത്തുകയെപ്പറ്റിയുള്ള വിവരങ്ങൾ ഒരു നോട്ടബുക്കിൽ പതിച്ചുകൊടുക്കും. ബാങ്കിന്റെ പേരും മറ്റും ഭംഗിയായി അച്ചടിച്ച കടലാസുകൾ നിറഞ്ഞ ഒരു ചെക്കുബുക്കും കൊടുക്കുന്നു. ഏതെങ്കിലും ഒരാൾക്ക് കുറെ പണം കൊടുക്കണമെങ്കിൽ ഒരു ചെക്കുകടലാസിൽ ആവശ്യമുള്ള തുക എഴുതി, ആൾക്കു കൊടുക്കണമെന്നുള്ള വിവരം കാണിച്ച നിക്ഷേപകൻ ഒപ്പിട്ടുകൊടുത്താൽ മതി. ചെക്കിൽ പറഞ്ഞിട്ടുള്ള തുക ബാങ്കിൽനിന്നു കൊടുക്കും. വലിയ തുകകൾ കൈമാറ്റം ചെയ്യുന്നതിന് ഇതു വളരെ എളുപ്പമായ ഒരു മാർഗ്ഗമാണ്.

ദൂരസ്ഥലങ്ങളിലേക്കു വലിയ തുകകൾ അയയ്ക്കുന്നതിനും ബാങ്കുകൾ വളരെ പ്രയോജനപ്പെടുന്നു. വലിയ തുകകൾ ഒരു സ്ഥലത്തുനിന്നു മറെറാരു സ്ഥലത്തേക്കു പോസ്റ്റാഫീസുമാർഗ്ഗം മണിയാർഡർ ചെയ്യുന്നതിനെക്കാൾ ആദായകരമായി ബാങ്കുകൾ വഴി അയയ്ക്കാവുന്നതാണ്. അന്യദിക്കിലേക്കയയ്ക്കാനുള്ള തുക ഒരു ബാങ്കിൽ ഏല്പിച്ചാൽ ബാങ്കുകാർ 'ഡ്രാഫ്റ്റ്' എന്നു പറയപ്പെടുന്ന ഒരു പ്രത്യേക രസീതുതരും. ഈ ഡ്രാഫ്റ്റ് നാം ഉദ്ദേശിക്കുന്ന ആളിനയച്ചുകൊടുത്താൽ അവിടത്തെ ഒരു ബാങ്കിൽ നിന്ന് അയാൾക്ക് പണം കിട്ടുന്നതാണ്. തുച്ഛമായ ഒരു തുക മാത്രം ബാങ്കിനു പ്രതിഫലം കൊടുത്താൽ മതിയാകും.

കുറഞ്ഞ പലിശനിരക്കിനു പണം കടംകൊടുത്തു ബാങ്കുകൾ ആളുകളെ സഹായിക്കുന്നുണ്ട്. അതിനുപകരം ശരിയായ ഉറപ്പോ, ജാമ്യമോ, പണയമോ കൊടുക്കണമെന്നേയുള്ളൂ. വാണിജ്യകാര്യങ്ങളിലും ബാങ്കുപ്രവർത്തനം വളരെ അധികം പ്രയോജനപ്പെടുന്നു. ഒരു കച്ചവടക്കാരൻ 10000 രൂപയുടെ സാധനങ്ങൾ വരുത്തുന്നുവെന്നിരിക്കട്ടെ. അയാളുടെ കൈവശം 5000 രൂപമാത്രമേയുള്ളൂ. ഈ പരിതഃസ്ഥിതിയിൽ അയാൾക്ക് ആ സാധനങ്ങൾ ബാങ്കിൽ പണയമായി വച്ചിട്ട് വേണ്ടത്ര പണം കടമെടുക്കാവുന്നതാണ്. കുറച്ചുകുറച്ചു പണം ബാങ്കിലടച്ച് സാധനങ്ങൾ എടുത്തു കച്ചവടംചെയ്യാൻ അയാൾക്കു സാധിക്കുന്നു. ആ

സ്വരാജ്യങ്ങളിലെ നാണയങ്ങൾ മാറിക്കൊടുക്കുക എന്ന ജോലി യും ബാങ്കുകാർ നിർവ്വഹിക്കുന്നു. എല്ലാ രാജ്യങ്ങളിലും ഒരേ നാണ യമല്ലല്ലോ നിലവിലിരിക്കുന്നതു. തന്മൂലം വിദേശങ്ങളിലുള്ള കച്ചവടം ചെയ്യുവാൻ ബാങ്കുകൾ കച്ചവടക്കാരെ വളരെയധികം സഹായിക്കുന്നു.

ധനത്തെ പ്രവർത്തനക്ഷമമാക്കുക എന്ന സംഗതിയിലാണു ബാങ്കുകളുടെ പ്രാധാന്യം നിലനില്ക്കുന്നതു്. ധനികന്റെ കൈ യിലുള്ള പണം സാധാരണക്കാരന്റെ ആവശ്യത്തിനു് ഉപയുക്ത മാക്കിത്തീർക്കുന്നതു ബാങ്കുകളാണു്. അല്പാല്പമായ തുകകൾ അല്പ ഴച്ചോൾ ബാങ്കിൽ നിക്ഷേപിച്ചു് ധനം സമ്പാദിച്ചു് മൂതൽക്കൂട്ടു വാൻ സാധാരണക്കാരനെ ബാങ്കുകൾ സഹായിക്കുന്നു. വ്യവസാ യാഭിരുചിയുള്ള ഒരാളിനു് ബാങ്കുകളുടെ സഹായമുണ്ടെങ്കിൽ യാ തൊരു മൂലധനവും മുടക്കാതെ വ്യവസായത്തിലേർപ്പെട്ടു് അഭിവൃ ദ്ധി പ്രാപിക്കുവാൻ കഴിയും. പൊതുവെ പറഞ്ഞാൽ ബാങ്കുക ടെ വിശ്വാസത്തിലും സഹകരണത്തിലുമാണു് ഇന്നത്തെ വാണി ജ്യവ്യവസായപ്രവർത്തനങ്ങൾ പുരോഗമിക്കുന്നതു്.

3. സഹകരണസംഘങ്ങളും അവയുടെ ഉപയോഗവും.

ആളുകൾ ഒറ്റതിരിഞ്ഞു പ്രവർത്തനം നടത്തുന്നതിനേക്കാൾ സം ഘടിതമായ പ്രവർത്തനത്തിനു കൂടുതൽ കഴിവുണ്ടെന്നുള്ള തത്വമാ ണു് സഹകരണപ്രസ്ഥാനത്തിന്റെ അടിസ്ഥാനം. ഏതെങ്കിലും ഒരു പ്രദേശത്തെ ആളുകൾ ചേർന്നു ചെറിയ ഓഹരികൾ പിരിച്ചെ ടുത്തു് ഒരു മൂലധനമുണ്ടാക്കി ഏകോപിച്ചു പ്രവർത്തനം നടത്തി ഇതിൽനിന്നുണ്ടാകുന്ന ലാഭം അംഗങ്ങൾക്കു വീതിക്കുകയാണു് സഹകരണസംഘങ്ങൾ ചെയ്യാറുള്ളതു്.

ബാങ്കുകൾകൊണ്ടുള്ള പ്രയോജനം അധികവും വൻകി ട വ്യവസായികൾക്കും കച്ചവടക്കാർക്കുമാണു്. കൃഷിക്കാർക്കും ചെറുതരം തൊഴിലുകളിൽ ഏർപ്പെടുന്നവർക്കും ബാങ്കുകളിൽ നിന്നു വലിയ സഹായമൊന്നും ലഭിക്കുന്നില്ല. ഗ്രാമപ്രദേശ ങ്ങളിൽ ബാങ്കുകൾ കുറവാണു്. ഇതെല്ലാംകൊണ്ടാണു് സഹകരണസംഘങ്ങൾ രൂപംപ്രാപിക്കാൻ ഇടയായതു്. സഹ കരണബാങ്കുകളും സഹകരണസ്റ്റോറുകളും സാധാരണക്കാരനു

വളരെ പ്രയോജനപ്പെടുന്നു. ഒരു പ്രദേശത്തുള്ള കൃഷിക്കാരോ തൊഴിൽക്കാരോ ചേർന്ന് ചെറിയചെറിയ ഓഹരികൾ പിരിച്ച് ഒരു വലിയ സംഖ്യ ഉണ്ടാക്കുന്നു. ഇതാണ് സഹകരണബാങ്കിന്റെ മൂലധനം. പണം ആവശ്യമുള്ള ഒരു ഓഹരിക്കാരനു് രണ്ടു് ഓഹരിക്കാരുടെ ആൾജാമ്യത്തിൽ ബാങ്കിൽനിന്നു കുറഞ്ഞ പലിശനിരക്കിനു കടം എടുക്കാം. ഈ പലിശയുടെ ഒരു വീതം, ബാങ്കിന്റെ ആദായം ഓഹരിക്കാർക്കു വീതിക്കുമ്പോൾ, അയാൾക്കു കിട്ടുകയും ചെയ്യുന്നു. ഇതുമൂലം ചെറുകിഷ്കർക്കും തൊഴിൽകാർക്കു വലിയ ഋണഭാരം അനുഭവപ്പെടാതെ കഴിഞ്ഞുകൂടാൻ സാധിക്കുന്നു.

സഹകരണസ്റ്റോറുകൾ ഇന്നു പല സ്ഥലത്തും കാണപ്പെടുന്നു. അല്പമായ ലാഭമാത്രമേ ഈ സ്റ്റോറുകൾ എടുക്കുകയുള്ളൂ. ആ ലാഭം ഓഹരിക്കാർക്കു വീതിച്ചുകൊടുക്കുകയും ചെയ്യുന്നു. സഹകരണസ്റ്റോറുകൾ ന്യായവിലയ്ക്കു സാമാനങ്ങൾ വില്ക്കുന്നതു സാധാരണക്കാർക്കു് ഒരു വലിയ അനുഗ്രഹമാണു്. പല വിദ്യാലയങ്ങളിലും സഹകരണസ്റ്റോറുകൾ പ്രവർത്തനം നടത്തുന്നുണ്ടു്. വിദ്യാർത്ഥികൾക്കു് ആവശ്യമുള്ള പുസ്തകങ്ങൾ, പെൻസിൽ, കടലാസു് മുതലായവയെല്ലാം സഹായവിലയ്ക്കു് അവിടെനിന്നു വാങ്ങിക്കുവാൻ കഴിയും. ലാഭവീതം ഓഹരിക്കാരായ വിദ്യാർത്ഥികൾക്കുതന്നെ ലഭിക്കുകയും ചെയ്യുന്നു.

സഹകരണാടിസ്ഥാനത്തിലുള്ള കർഷകസംഘങ്ങളും പല സ്ഥലത്തും കാണപ്പെടുന്നു. ഈ സംഘങ്ങൾ കൃഷിയായുധങ്ങൾ, വിത്തുകൾ, വളങ്ങൾ എന്നിവ സഹായവിലയ്ക്കു വാങ്ങി സംഘാംഗങ്ങൾക്കു നല്കുന്നു. കർഷകരുടെ ഉല്പന്നങ്ങൾ വിലയ്ക്കു വാങ്ങി വില്പനനടത്തുന്ന ജോലിയും ചില സംഘങ്ങൾ ചെയ്യുന്നുണ്ടു്. കൈത്തറിനെയ്ത്തുസംഘങ്ങൾ, പാൽവിതരണസംഘങ്ങൾ മുതലായ സംഘങ്ങളും എല്ലാ സ്ഥലത്തും കാണപ്പെടുന്നു. സംഘാംഗങ്ങൾക്കു് ആവശ്യമുള്ള ഉപകരണങ്ങൾ ന്യായവിലയ്ക്കു വാങ്ങിക്കൊടുക്കുകയും അവർ കൊണ്ടുകൊടുക്കുന്ന സാധനങ്ങൾ ന്യായവിലയ്ക്കു വാങ്ങി ആദായകരമായി വിറ്റഴിക്കുകയും ചെയ്യുന്നു. ഇങ്ങനെ സംഘാംഗങ്ങൾക്കു ന്യായവിലയും ലാഭവീതവും ലഭിക്കുന്നതിനിടയാകുന്നു.

അംഗങ്ങളുടെ സാമ്പത്തികമായ പുരോഗതിക്കു സഹായിക്കുന്നതിനു പുറമേ അവരുടെ നാനാപ്രകാരേണയുള്ള അഭിവൃദ്ധിക്കുവേ

ണ്ടി പ്രവത്തിക്കുന്നതിനും സഹകരണസംഘങ്ങൾക്കു കഴിവുണ്ട്. കൂടാതെ സഹകരണമനോഭാവം സാമാന്യജനങ്ങളുടെയിടയിൽ പ്രചരിപ്പിക്കുന്നതിനും ഈ പ്രസ്ഥാനം പ്രയോജനപ്പെടുന്നു.

ചോദ്യങ്ങൾ:—

1. ബാർട്ടർ എന്നാലെന്ത്? അതുകൊണ്ടുള്ള ദോഷങ്ങൾ എന്തെല്ലാം?
2. കൈമാറ്റസമ്പ്രദായത്തിൽനിന്നു നാണയവ്യവസ്ഥിതിയിലേക്കുള്ള പുരോഗതി വിശദമാക്കുക.
3. ബാങ്കുകളുടെ പ്രയോജനങ്ങളേവ?
4. സഹകരണപ്രസ്ഥാനമെന്നാലെന്ത്? സഹകരണസംഘങ്ങളുടെ പ്രവത്തനം വിവരിക്കുക.
5. നിങ്ങളുടെ സ്കൂളിൽ ഒരു സഹകരണസംഘം സ്ഥാപിക്കുന്നതിനെന്തെല്ലാം ചെയ്യണം?

അദ്ധ്യായം 8

രാഷ്ട്രം—രാജ്യസംരക്ഷകനും നീതിപാലകനുമെന്ന നിലയിൽ

രാഷ്ട്രവും രാജ്യസംരക്ഷണവും

ഒരു രാജ്യത്തെയും, അതിലെ ജനതയേയും ചേർത്ത് രാഷ്ട്രം (സ്റ്റേയിറ്റ്) എന്നു പറയുന്നു. രാഷ്ട്രം പൗരന്മാരുടെ നന്മയ്ക്കുവേണ്ടി പല കാര്യങ്ങളും ചെയ്തുകൊടുക്കുന്നു. പഴയ കാലത്തേക്കാൾ ഇന്ന് സ്റ്റേയിറ്റിന്റെ കർത്തവ്യങ്ങൾ വളരെ വർദ്ധിച്ചു വരുന്നു. ഇന്ന് പല പരിഷ്കൃതരാജ്യങ്ങളും 'ക്ഷേമരാഷ്ട്രം' എന്ന ആദർശം സ്വീകരിച്ചിട്ടുണ്ട്. പൗരനെ സംരക്ഷിച്ചാൽ മാത്രം പോരാ, അയാളെ പരിപൂർണ്ണജീവിതം നയിക്കുന്നതിനു സഹായിക്കുകകൂടി രാഷ്ട്രം ചെയ്യണം

അന്നും ഇന്നും ഒരു രാഷ്ട്രത്തിന്റെ പ്രഥമവും പ്രധാനവുമായ കടമ പൗരന്മാരെ വിദേശീയാക്രമണത്തിൽനിന്നും സംരക്ഷിക്കുകയത്രേ. പുറത്തുനിന്നും ശത്രുക്കളെ തടയുന്നതിന് ഒരു രാഷ്ട്രത്തിനു സാധിച്ചില്ലെങ്കിൽ, ആ രാജ്യം അഭിവൃദ്ധിപ്പെടുകയില്ല. എപ്പോഴും പൗരന്മാർ ഭയത്തോടുകൂടി ജീവിക്കേണ്ടിവരുന്നു. രാജ്യത്തിനകത്തു ക്രമസമാധാനങ്ങൾ പാലിക്കുക എന്നതാണ് രാഷ്ട്രത്തിന്റെ രണ്ടാമത്തെ മൗലികമായ കർത്തവ്യം. പൗരന്മാരുടെ ജീവധനാദികൾ അപകടത്തിലാണെങ്കിൽ, നാട്ടിനകത്തു കൊള്ളയും അക്രമവും നടമാടുകയാണെങ്കിൽ, ആ രാജ്യം എങ്ങനെ പുരോഗതി പ്രാപിക്കാനാണ്? അതുകൊണ്ട് രാജ്യത്തെ ശത്രുക്കളിൽനിന്നു സംരക്ഷിക്കുന്നതിലും, ആഭ്യന്തരസമാധാനം പാലിക്കുന്നതിലും എല്ലാ രാഷ്ട്രങ്ങളും ശ്രദ്ധപതിപ്പിക്കുന്നു.

1. ബാഹ്യസംരക്ഷണം. പുറത്തുനിന്നുമുള്ള ശത്രുക്കളെ തട
യുന്നതിനു രാഷ്ട്രം സൈന്യത്തെ ഏർപ്പെടുത്തുന്നു. മിക്ക രാജ്യങ്ങളും
വരവിൽ, ഭീമമായ ഒരു സംഖ്യ സൈന്യസംരക്ഷണത്തിനു ചിലവി
ടുന്നു. ഭാരതത്തിൽ പഴയകാലത്തു് നാലു വിഭാഗം സൈന്യമാണ
ണ്ടായിരുന്നതു്—ആന, കുതിര, തേരു്, കാലാൾ. എന്നാൽ വെടി
മരുന്നും തോക്കും പ്രയോഗത്തിൽ വന്നതോടുകൂടി പഴയ യുദ്ധമുറ
പാടേ മാറിപ്പോയി. ആറ്റംബോംബിന്റെയും, അസംഖ്യം ന്യൂത
നോപകരണങ്ങളുടേയും കണ്ടുപിടുത്തഫലമായി ഇന്നു യുദ്ധസമ്പ്ര
ദായത്തിൽ പല മാറ്റങ്ങളും വന്നുചേർന്നിട്ടുണ്ടു്. സംഖ്യാബലം
കൊണ്ടു മാത്രം ആധുനികകാലത്തു് യുദ്ധങ്ങൾ ജയിക്കുക സാധ്യ
മല്ല. നാം ഒരു യന്ത്രയുഗത്തിലാണു്—ആറ്റംബോംബിന്റെയും
ഹൈഡ്രജൻബോംബിന്റെയും യുഗത്തിലാണു ജീവിക്കുന്നതു്. ഇന്നു ടെന്മാർ കുതിരയ്ക്കും രഥത്തിനും പകരം മോട്ടോർസൈക്കിളും,
ജീപ്പു്, ലോറികളും, ടാങ്കുകളും മുതലായവ ഉപയോഗിക്കുന്നു. പഴയ
തരം തോക്കുകൾക്കു പകരം ഇന്നു് യന്ത്രത്തോക്കുകളാണു്. ക്രമേണ
ആകാശവിമാനങ്ങളും, ബോംബറുകളും, അന്തർവാഹിനിക്കപ്പലു
കളും മുതലായവ ആധുനികയുദ്ധങ്ങളിൽ വലിയ പങ്കുവഹിക്കുന്നു.

ഇന്ത്യയെ മുമ്പു് പല വിദേശികളും ആക്രമിച്ചു കീഴടക്കിയി
ട്ടുണ്ടു്: മേലാൽ ഇങ്ങനെയുള്ള ആക്രമണങ്ങളും തടയാനായി ആധു
നികരീതിയിലുള്ള സൈന്യവിഭാഗങ്ങളും, സ്വതന്ത്രഇന്ത്യ ഏർപ്പെടു
ത്തിയിട്ടുണ്ടു്. കര, കടൽ, ആകാശം എന്നീ മൂന്നു മാർഗ്ഗങ്ങളിൽക്കൂ
ടിയുള്ള ആക്രമണം തടയുന്നതിനു പ്രത്യേകം സേനാവിഭാഗങ്ങളും
സപ്ലൈസൈന്യാധിപന്മാരുമുണ്ടു്. പ്രതിരോധവകുപ്പുമന്ത്രിയുടെ (ഡി
ഫൻസ്‌വകുപ്പു്) കീഴിൽ ഇവയെല്ലാം വർത്തിക്കുന്നു. ഈ മൂന്നു വ
കുപ്പുകൾക്കും പ്രത്യേകം രീതിയിലുള്ള വേഷസമ്പ്രദായങ്ങളുമുണ്ടു്.
സൈനികപരിശീലനം നൽകുന്നതിനായി പ്രത്യേകം വിദ്യാലയങ്ങ
ളും കേന്ദ്രഗവണ്മെൻറ് നടത്തിവരുന്നു. (ഉദാ: ഡെറാഡൂൺ, പൂ
നായ്ക്കടുത്തുള്ള ഘടകവാസ്സ). കൊച്ചിയിലുള്ള നാവികവിദ്യാലയ
ത്തെപ്പറ്റി നിങ്ങൾ കേട്ടിരിക്കുമല്ലോ.

ഇന്ത്യ പല രാജ്യങ്ങളിലും പൗരന്മാർക്കും സൈനികപരിശീലനം നല്കിവരുന്നു. യുദ്ധം മുതലായ അടിയന്തിരഘട്ടങ്ങളിൽ നിർബ്ബന്ധിത സൈനികസേവനവുമുണ്ട്. പൗരന്മാർക്ക് സൈനികപരിശീലനം നല്കിക്കൊണ്ട് ദേശീയസേന (ടെറിട്ടോറിയൽ സൈന്യം); സഹായസേന (ഓക്സിലിയറി കോർ) എന്നിവ രണ്ടു വിഭാഗങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് സൈനികമായ അച്ചടക്കവും പ്രായോഗികപരിശീലനവും നല്കുന്നതിനായുള്ള എൻ. സി. സി-യും, എ. സി. സി. യും ഇന്ത്യ പല വിദ്യാലയങ്ങളിലും സ്ഥാപിച്ചിട്ടുണ്ട്. അവരുടെ വേഷം, പദവി, സല്യൂട്ട് മുതലായവ നിങ്ങൾ കാണേണ്ടതാണ്.

രാജ്യരക്ഷാവകുപ്പ് കേന്ദ്രഗവണ്മെന്റിന്റെ കീഴിലാണ്. അതിന്റെ ഏറ്റവും ഉയർന്ന അധികാരി രാഷ്ട്രപതിയാണ്.

2. ആഭ്യന്തരസംരക്ഷണം: രാഷ്ട്രത്തിന്റെ രണ്ടാമത്തെ പ്രധാനകർത്തവ്യം, രാജ്യത്തിനുള്ളിൽ ക്രമസമാധാനങ്ങൾ പാലിക്കുകയത്രെ. ഇതിലേക്ക് പോലീസ്, നീതിന്യായം എന്നീ രണ്ടു വകുപ്പുകളുണ്ട്, ഈ രണ്ടു വകുപ്പുകൾക്കും നിയമങ്ങൾ പ്രവർത്തനത്തിൽ വരുത്തുന്നതിനും, അനുസരിപ്പിക്കുന്നതിനും ആവശ്യമാണ്.

രാജ്യത്തിനുള്ളിൽ നടക്കുന്ന കവർച്ച, കലാപം, അക്രമപ്രവൃത്തികൾ ഇവ അമർച്ചചെയ്യുന്ന കൃത്യം പോലീസിന്റേതാണ്. സാധാരണപോലീസുകാർ, ലാത്തി എന്ന വടിയല്ലാതെ ആയുധങ്ങൾ ഉപയോഗിക്കാറില്ല. പട്ടാളക്കാരെപ്പോലെ പോലീസുകാർക്കും പ്രത്യേകം വേഷവിധാനങ്ങളുള്ളതു നിങ്ങൾ കണ്ടിട്ടുണ്ടല്ലോ. പോലീസുകാർ വാസ്തവത്തിൽ ജനങ്ങളുടെ മിത്രങ്ങളാണ്. പെരുമാറ്റത്തിൽ മര്യാദയും, പ്രവർത്തനത്തിൽ ശക്തിയും അവരുടെ ആദർശങ്ങളാണ്. കലാപങ്ങളും, മോഷണങ്ങളും, അടിപിടി മുതലായവ അവർ തടയുന്നു. ഏറ്റവും കുറഞ്ഞ ബലം പ്രയോഗിച്ച് അവർ സമാധാനം പാലിക്കുന്നു. അടിയന്തിരസന്ദർഭങ്ങളിൽ ഉപയോഗിക്കുന്നതിനു സായുധപോലീസുകാരുണ്ട്. ഇവർക്ക് തോക്ക് ഉപയോഗിക്കാം.

ലോകത്തിൽ മാതൃകാപരമായ പോലീസ് സംഘടിപ്പിച്ചതു് ഇംഗ്ലണ്ടാണു്. 'ലണ്ടൻപോലീസ്' ജനങ്ങളുടെ യജമാനന്മാരല്ല, പൊതുജനസേവന്മാരാണു്. അവർ പൗരന്മാരെ സഹായിക്കാൻ സദാ സന്നദ്ധരാണു്.

മാരോ സംസ്ഥാനത്തിലും (സ്റ്റെയിറ്റ്) ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് എന്ന ഉദ്യോഗസ്ഥന്റെ കീഴിലാണു് പോലീസ് സൈന്യം. ഇദ്ദേഹത്തിന്റെ കീഴിൽ ഡി എസ്. പി., എ. എസ്. പി., ഇൻസ്പെക്ടർ, ഹെഡ്കാൺസ്റ്റബിൾ, കാൺസ്റ്റബിൾ തുടങ്ങി അനേകം ഉദ്യോഗസ്ഥന്മാരുണ്ടു്. രാജ്യത്തു നിയമലംഘനം ഉണ്ടാകാതെ, ഇവർ നോക്കുന്നു. കുറ്റങ്ങളെപ്പറ്റിയും മറ്റും രഹസ്യമായി അന്വേഷണം നടത്താൻ സി. ഐ. ഡി. വകുപ്പും, ഗതാഗത നിയന്ത്രണത്തിനു ട്രാഫിക്പോലീസും ഉണ്ടു്.

3. നീതിന്യായപാലനം: നിയമങ്ങൾ പാലിക്കേണ്ടതു് പൗരന്റെ ചുമതലയാണു്. എന്നാൽ എല്ലാവരും അങ്ങനെ ചെയ്യുന്നില്ല. നിയമങ്ങൾ ലംഘിക്കുന്നവരെ ശിക്ഷിക്കുന്നതിലേയ്ക്കു് കോടതികൾ എല്ലാ രാജ്യങ്ങളിലുമുണ്ടു്. ഇതിനുപുറമേ, പൗരന്റെ മൗലികാവകാശങ്ങൾ സംരക്ഷിക്കുന്നതും കോടതികളാകുന്നു.

ഇന്ത്യൻയൂണിയനിൽപ്പെട്ട ഓരോ സ്റ്റെയിറ്റിലും ഓരോ ഹൈക്കോടതിയും, അതിനുകീഴിൽ, പല കീഴ്ക്കോടതികളുമുണ്ടു്. കേരള സംസ്ഥാനത്തിലെ ഹൈക്കോടതി എറണാകുളത്താണു്. ഹൈക്കോടതിയിലെ ജഡ്ജിമാരെ നിയമിക്കുന്നതു് ഇന്ത്യൻപ്രസിഡന്റാണു്. ഹൈക്കോടതിയുടെ കീഴിൽ സെഷൻസ്കോടതികളും. ഡിസ്ട്രിക്ട് കോടതികളും, മജിസ്ട്രേട്ടുകോടതികളും മുൻസിഫ്കോടതികളുമുണ്ടു്. ഇവയിൽ ഡിസ്ട്രിക്ട്കോടതികളും മുൻസിഫ്കോടതികളും സിവിൽ കേസുകളും, മജിസ്ട്രേട്ടുകോടതികളും, സെഷൻസുകോടതികളും ക്രിമിനൽകേസുകളും കൈകാര്യംചെയ്യുന്നു. നിയമലംഘനം, മോഷണം മുതലായവ ക്രിമിനൽവിഭാഗത്തിലും, പണസംബന്ധമായ വഴക്കു

കും. സിവിൽ വിഭാഗത്തിലും പെടുന്നു. കീഴ്ക്കോടതികളിൽനിന്നു ഹൈക്കോടതിയിലേയ്ക്ക് അപ്പീൽ കൊടുക്കാം.

ജനകീയഭരണമുള്ള എല്ലാ രാജ്യങ്ങളിലും, കോടതികളുടെ അധികാരത്തിൽ ഗവണ്മെൻറ് ഇടപെടാറില്ല. ഇന്ത്യൻ ഭരണഘടന അനുസരിച്ച് നീതിന്യായവകുപ്പിനു പരിപൂർണ്ണസ്വാതന്ത്ര്യവും വലിയ അധികാരങ്ങളുമുണ്ട്. ഇന്ത്യയ്ക്കു പൊതുവായി ഒരു സുപ്രീം കോടതിയുമുണ്ട്. ഇന്ത്യൻ രാഷ്ട്രപതിയാണ് ഇതിലെ ജഡ്ജിമാരെ നിയമിക്കുന്നതു്. കോടതികളിൽ കേസ്സുകളും വാദിക്കുന്നതു് വക്കീലന്മാരാണ്. അവരുടെ വാദങ്ങളും കേട്ട ജഡ്ജിമാർ കുറെ വാളികളുംകൂടി ശിക്ഷ നൽകുന്നു.

നിർഭയമായും കാര്യക്ഷമമായും പ്രവർത്തിക്കുന്ന കോടതികളും ഒരു രാഷ്ട്രത്തിന്റെ നിലനില്പിനു് അത്യാവശ്യമാണ്.

ചോദ്യങ്ങൾ:—

1. ഒരു രാഷ്ട്രത്തിന്റെ പ്രാഥമികകൃത്യങ്ങൾ ഏവ?
2. പോലീസും, സൈന്യവും രാജ്യസംരക്ഷണത്തിൽ വഹിക്കുന്ന പങ്കു് വിശദീകരിക്കുക.
3. കോടതികളുടെ പ്രയോജനങ്ങൾ ഏവ?

അദ്ധ്യായം 9

ക്ഷേമരാഷ്ട്രസിദ്ധാന്തം

രാജ്യത്തെ ബാഹ്യശത്രുക്കളിൽനിന്നും സംരക്ഷിക്കുകയും, രാജ്യത്തിൽ ക്രമസമാധാനങ്ങളും പാലിക്കുകയുമാണല്ലോ ഒരു രാഷ്ട്രത്തിന്റെ പ്രധാന കൃത്യങ്ങൾ. എന്നാൽ ജനകീയഭരണം നിലവിൽ വന്നതോടുകൂടി ഈ ആശയത്തിനു മാറ്റംവന്നു. മുൻപറഞ്ഞ

യുങ്ങൾ മാത്രം നിറവേറുന്ന രാഷ്ട്രത്തെ 'പോലീസ് സ്റ്റെയിറ്റ്' എന്നു പറയുന്നു. പൗരന്മാരുടെ ജീവനും സ്വത്തും സുരക്ഷിതമാക്കിയാൽ മാത്രം പോരാ; രാജ്യത്തിലുള്ള അജ്ഞത, ദാരിദ്ര്യം, അസമത്വങ്ങൾ, അനാരോഗ്യം ഇവയെ ഇല്ലായ്മചെയ്യുന്നതിനും രാഷ്ട്രം ശ്രമിക്കണം എന്നു ആശയത്തിനു്, സിദ്ധാന്തത്തിനു്, ഇന്നു് എല്ലാ പരിഷ്കൃതരാജ്യങ്ങളിലും പ്രാബല്യം സിദ്ധിച്ചിരിക്കുന്നു. അനീതികളും അസമത്വങ്ങളും നശിപ്പിച്ചു്, സുഖസമൃദ്ധിയോടുകൂടിയ ഒരു രാഷ്ട്രം കെട്ടിപ്പടുക്കണമെന്നതാണു് ഇന്നത്തെ ആദർശം. പൗരന്മാരുടെ സർവ്വതോമുഖമായ പുരോഗതിയാണു് ക്ഷേമരാഷ്ട്രത്തിന്റെ ആശയം.

രാജാക്കന്മാരും പ്രഭുക്കന്മാരും ഭരിച്ചുവന്നിരുന്ന കാലത്തു്, ഭരണാധികാരികൾ ആദർശസമ്പന്നരല്ലാതിരുന്ന അവസരങ്ങളിൽ, സാധാരണ പൗരന്മാർക്കു് പലവിധ അസൗകര്യങ്ങളും അസമത്വങ്ങളുമുണ്ടായിരുന്നു. ഇന്ത്യയ്ക്കു പലവിധ നന്മകൾ ചെയ്തിട്ടുണ്ടെങ്കിലും ബ്രിട്ടീഷുകാരുടെ ഭരണവും ചൂഷണത്തിൽ അധിഷ്ഠിതമായിരുന്നു. ഇന്ത്യയിലെ ജനങ്ങളോടു് അവർക്കു് ഉത്തരവാദിത്വം ഉണ്ടായിരുന്നില്ല. സാമ്പത്തികമായ ചൂഷണം, അധികാരിവർഗ്ഗങ്ങളായ ബ്രിട്ടീഷുകാർക്കുള്ള പ്രത്യേകാവകാശങ്ങൾ ഇവ തള്ളിനോക്കിയാൽ, ബ്രിട്ടീഷ് ഭരണമാണു് ഇന്ത്യയെ ഏകീകരിച്ചതും, ആധുനീകരിച്ചതും.

ബ്രിട്ടീഷ് ഭരണാവസാനത്തിനുശേഷം, 1950 ജനുവരി 26-നു- ഭാരതം ഒരു പരമാധികാരറിപ്പബ്ലിക്കായി. ഇതനുസരിച്ചു് ഭരണത്തിന്റെ അധികാരം രാജ്യത്തിലെ ഓരോ പൗരനിലും സ്ഥിതിചെയ്യുന്നു. പ്രായപൂർത്തിവോട്ടവകാശം പൗരന്മാർക്കു സിദ്ധിച്ചു. ഭരണാധികാരികളെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം പൗരന്മാർക്കു ലഭിച്ചു. സാധാരണജനങ്ങളുടെ ക്ഷേമം മുൻനിർത്തിക്കൊണ്ടു്, 'സോഷ്യലിസ്റ്റ് മാതൃക'യിലുള്ള ക്ഷേമരാഷ്ട്രം പണിചെയ്യുക എന്നുള്ളതായി ഗവണ്മെന്റിന്റെ ലക്ഷ്യം.

ഇന്ത്യൻ ഭരണഘടനയിലെ അടിസ്ഥാനസിദ്ധാന്തങ്ങളിൽ ക്ഷേമരാഷ്ട്രം എന്ന ആശയം ഉൾക്കൊള്ളുന്നു. സാധാരണക്കാരുടെ ജീവിതത്തിനു് ഉയർത്തുക, സാമ്പത്തികവും സാമൂഹ്യവുമായ അസമത്വങ്ങൾ പരിഹരിക്കുക, എല്ലാവർക്കും തുല്യസ്വാതന്ത്ര്യവും സേവനസമത്വവും നൽകുക, തൊഴിലില്ലായ്മ രോഗം ഇവ അകറ്റുക, പതിനാലു വയസ്സുവരെ എല്ലാ കുട്ടികൾക്കും

നിർബ്ബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസം നൽകുക തുടങ്ങിയുള്ള വകുപ്പുകളും ക്ഷേമരാഷ്ട്രസിദ്ധാന്തത്തിന്റെ ചുണ്ടുപലകകളായി പരിഗണിക്കാം. ചുരുക്കത്തിൽ, സാധാരണക്കാരുടെ—ഒരു പ്രത്യേക ജനവിഭാഗത്തിന്റെ മാത്രമല്ല—ക്ഷേമവും ഐശ്വര്യവുമാണ് ക്ഷേമരാഷ്ട്രത്തിന്റെ ലക്ഷ്യം. ഇന്ത്യയിലെ രണ്ടു പഞ്ചവത്സരപദ്ധതികളും, ദേശീയവികസനപദ്ധതികളും, സാമൂഹ്യവികസനപദ്ധതികളും ഇവയെല്ലാം ഈ ലക്ഷ്യപ്രാപ്തിക്കായാണു മിനഞ്ഞെടുത്തിട്ടുള്ളതു്.

1. രാഷ്ട്രം നിർമ്മാതാവെന്ന നിലയിൽ—(The State as Builder)

പൊതുമരാമത്തു്. രാഷ്ട്രനിർമ്മാണപ്രവർത്തനങ്ങളിൽ, പൊതുമരാമത്തുകൾക്കു് ഉന്നതമായ സ്ഥാനമുണ്ടു്. ഒരു രാജ്യത്തിന്റെ നാനാവിധമായ നന്മയ്ക്കു് നല്ല ഗതാഗതമാർഗ്ഗങ്ങൾ ക്രിയേ തീരു. എല്ലാ സ്റ്റെയിറ്റിലും പൊതുമരാമത്തുവകുപ്പുണ്ടു്. ഈ ഡിപ്പാർട്ടുമെൻറിന്റെ മേധാവി ചീഫ് എൻജിനിയരാണു്. അദ്ദേഹത്തിന്റെ കീഴിൽ അസംഖ്യം ഉദ്യോഗസ്ഥന്മാർ പ്രവൃത്തിയെടുക്കുന്നു, തോട്ടുകൾ, റോഡുകൾ, അണക്കെട്ടുകൾ, ഗവണ്മെൻറുകെട്ടിടങ്ങൾ, വിദ്യാലയങ്ങൾ, ആസ്പത്രികൾ ഇവയുടെയെല്ലാം നിർമ്മാണവും, അവയുടെ അറ്റകുറ്റപ്പണികളും ഈ ഡിപ്പാർട്ടുമെൻറിന്റെ ചുമതലയിൽ നടത്തിവരുന്നു. ഇന്ത്യയ്ക്കു പൊതുവായി ഒരു കേന്ദ്രപൊതുമരാമത്തുവകുപ്പുണ്ടു്. വലിയ തോട്ടുകൾ, അണക്കെട്ടുകൾ, നാഷണൽ ഹൈവേകൾ, വൈദ്യുതപദ്ധതികൾ ഇവ ഈ വകുപ്പുമുഖാന്തിരം നടത്തിവരുന്നു.

ഇന്ത്യയുടെ രണ്ടാംപഞ്ചവത്സരപദ്ധതിയിൽ വ്യവസായവികസനത്തിനാണു് പ്രാധാന്യം. പൊതുമരാമത്തുവേലകൾ നമ്മുടെ രാജ്യം വ്യാവസായികമായി വളരുന്നതിനു് ആവശ്യമാണു് ഇതിലേയ്ക്കു് അനേകം പുതിയ ഫാക്ടറികൾ സ്ഥാപിക്കയും, വിദേശങ്ങളിൽനിന്നും വിദഗ്ദ്ധരായ എൻജിനീയർമാരെ നിയമിക്കയും ചെയ്തിട്ടുണ്ടു് എന്നു നിങ്ങൾ പഠിച്ചുവല്ലൊ.

കൃഷി വ്യവസായങ്ങളുടെ അഭിവൃദ്ധി. ഇന്ത്യ പ്രധാനമായി ഒരു കർഷകരാജ്യമാണു്. ജനങ്ങൾ അധികവും ഗ്രാമപ്രദേശങ്ങളിൽ

താമസിച്ചു കൃഷിക്കൊണ്ടു് ഉപജീവനം നേടുന്നു. നമുക്കു് ആവശ്യമുള്ള ആഹാരസാധനങ്ങളും മുഴുവൻ ഇവിടെ വിളയുന്നില്ല. നെല്ലു്, ഗോതമ്പു് ഇവയാണു് ഭാരതീയരുടെ മുഖ്യമായ ആഹാരസാധനങ്ങളും. ഇവയ്ക്കു് അന്യരാജ്യങ്ങളെ നാം ആശ്രയിക്കുന്നു മൺസൂൺ കാലവർഷത്തെ ആസ്പദമാക്കിയാണു് വിളവു്. മഴ കുറവായാൽ വിളവു മോശമാകുന്നു കട്ടം കൃഷി, ജഡ്ഡാൻതീതിയിലുള്ളനെൽകൃഷി, ജലസേചനപദ്ധതികളും മുതലായവയുടെ ഫലമായി ഒന്നാംപഞ്ചവത്സരപദ്ധതിയുടെ അവസാനത്തിൽ ഭക്ഷ്യധാന്യങ്ങളുടെ ഉത്പാദനം വളരെ വർദ്ധിച്ചിട്ടുണ്ടു്. എന്നാൽ ജനസംഖ്യയുടെ വർദ്ധനവു മൂലം, നമ്മുടെ ഭക്ഷ്യപ്രശ്നം ഇന്നും നമ്മെ അലട്ടിക്കൊണ്ടിരിക്കുന്നു. പഞ്ചവത്സരപദ്ധതിയുടെ ഫലമായി പഞ്ഞി, ചണം തുടങ്ങിയ അസംസ്കൃതപദാർത്ഥങ്ങളുടെ ഉല്പാദനവും വർദ്ധിച്ചിട്ടുണ്ടു്.

വ്യവസായമേഖലയിലും ഇന്ത്യ സ്വാതന്ത്ര്യം പ്രാപിച്ചശേഷം വലിയ പുരോഗതി ഉണ്ടായിട്ടുണ്ടു്. ജാംഷഡ്പൂരിലും, ബംഗാളിലും, മൈസൂറിലുമുള്ള ഉരുക്കുവ്യവസായശാലകളിൽനിന്നും ഉത്പാദനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഇന്ത്യാ സമ്പന്നമാകണമെങ്കിൽ, വ്യവസായീകരണം ആവശ്യമാണു്. ഈ ശാസ്ത്രീയയുഗത്തിൽ, കൃഷിക്കൊണ്ടുമാത്രം ഒരു രാജ്യത്തിനു് ഉയരാൻ സാദ്ധ്യമല്ല വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ പരിഹരിക്കാനും, ജനങ്ങളുടെ ജീവിതത്തോതു് ഉയർത്താനും, വ്യവസായീകരണം ആവശ്യമാണു്. രണ്ടാം പഞ്ചവത്സരപദ്ധതി പ്രകാരം, ഗവണ്മെൻറു വ്യവസായങ്ങൾ തുടങ്ങുക മാത്രമല്ല, സ്വകാര്യവ്യവസായങ്ങളെ സഹായിക്കുന്നതിനും മുൻപോട്ടു വന്നിട്ടുണ്ടു്. ആകെക്കൂടി രണ്ടാംപഞ്ചവത്സരപദ്ധതി അവസാനിക്കുമ്പോൾ, വമ്പിച്ച ഘനവ്യവസായ സ്ഥാപനങ്ങളും, വ്യവസായശാലകളും ഇന്ത്യയിലുണ്ടാകും. പലതരം ചെറുകിടവ്യവസായങ്ങളും ഗവണ്മെൻറിൻെറ കീഴിലും, സ്വതന്ത്രമായും അഭിവൃദ്ധിയിൽ വരുന്നു.

തൊഴിൽശാലകളെ സംബന്ധിച്ചുള്ള നിയമങ്ങൾ.

പലവിധ യന്ത്രോപകരണങ്ങളുടെ കണ്ടുപിടിത്തഫലമായി പരിഷ്കൃതരാജ്യങ്ങളിൽ വ്യവസായശാലകൾ ഉത്ഭവിച്ചു. സമ്പന്നന്മാരായ മുതലാളിമാരായിരുന്നു അവയുടെ ഉടമക്കാർ. ലാഭം ഉണ്ടാക്കണ

മെന്ന മാത്രമായിരുന്ന അവരുടെ ആഗ്രഹം. വ്യവസായശാലകളിൽ, വിയർപ്പു ചിന്തി വേലയെടുക്കുകയും, മുതലാളിമാക്ക് വമ്പിച്ച ലാഭം ഉണ്ടാക്കിക്കൊടുക്കുകയും ചെയ്ത തൊഴിലാളികളുടെ സ്ഥിതി വളരെ കഷ്ടമായിരുന്നു. ക്രൂരമായിരുന്നു. ജോലിസമയത്തിനു ക്രിപ്ത തയില്ല. ശരിയായ കൂലി കൊടുക്കാതെ, ലാഭത്തെക്കരുതി, സ്ത്രീകളേയും കുട്ടികളേയും ജോലിക്കു നിയമിച്ചു. തൊഴിലാളികളുടെ അവശതകൾ പരിഹരിക്കാനായി, ഒടുവിൽ ഗവണ്മെൻറതന്നെ ചില നിയമങ്ങൾ നിർമ്മിക്കാൻ നിർബന്ധിതമായി. ഇവയത്രേ തൊഴിൽ നിയമങ്ങൾ (Factory Acts).

ഇരുപതാംനൂറ്റാണ്ടിന്റെ ഉദയത്തിൽ ഇന്ത്യയിൽ പല വ്യവസായശാലകളും നിർമ്മിക്കപ്പെട്ടു. സ്വാതന്ത്ര്യലബ്ധിക്കുശേഷം. ഗവണ്മെൻറ് തൊഴിലാളികളുടെ താല്പര്യങ്ങൾ സംരക്ഷിക്കാനായി ഒരു തൊഴിൽവകുപ്പും, അസംഖ്യം ഫാക്ടറിനിയമങ്ങളും നടപ്പാക്കി. അവ അനുസരിച്ച് 14 വയസ്സിനുതാഴെയുള്ള കുട്ടികളെ തൊഴിൽശാലകളിൽ ജോലിക്കാക്കരുത്. സ്ത്രീകളുടെ ജോലിസമയവും ക്രിപ്തപ്പെടുത്തി. പുരുഷന്മാക്ക് 8 മണിക്കൂറാണ് ജോലിസമയം. വ്യവസായശാലകളിൽ കൂലിനിരക്കു നിശ്ചയിക്കുകയും, തൊഴിലാളികൾക്ക് ആദായവീതം (ബോണസ്) നല്കാൻ വ്യവസ്ഥ ചെയ്യുകയും ചെയ്തിട്ടുണ്ട്. നീതിരഹിതമായ പിരിച്ചുവിടൽ തടയാനും, ജോലിചെയ്യുമ്പോൾ അപായംവന്നാൽ നഷ്ടപരിഹാരത്തിനും ഫാക്ടറിനിയമങ്ങളുണ്ട്. സോഷ്യലിസ്റ്റ് വ്യവസ്ഥിതി സ്വീകരിച്ചിരിക്കുന്ന ഇന്ത്യ. തൊഴിലാളികളെ ഫാക്ടറികളുടെ പങ്കാളികളാക്കാനും പദ്ധതികൾ രൂപീകരിച്ചിരിക്കുന്നു. പ്രധാനവ്യവസായങ്ങൾ ഗവണ്മെൻറ് നേരിട്ടു തുടങ്ങുകയും ചെയ്തിട്ടുണ്ട്. തൊഴിലാളികളുടെ ക്ഷേമം, ഒരു രാജ്യത്തിന്റെ വളർച്ചയ്ക്കും വികാസത്തിനും ആവശ്യമാണ്.

2. രാഷ്ട്രം സന്ദേശവാഹകനെന്ന നിലയിൽ

തപാലും കമ്പിത്തപാലും: ഗതാഗതമാർഗ്ഗങ്ങളെപ്പോലെതന്നെ

പ്രാധാന്യമർഹിക്കുന്നതും, ഒരു രാജ്യത്തിന്റെ അടിവേരിളക്ക് ആവശ്യമായതുമായ ഒരു വകുപ്പാണ് പോസ്റ്റൽഡിപ്പാർട്ട്മെൻറ്. മുൻക

3352

ലങ്ങളിൽ, ഒരു സ്ഥലത്തുനിന്നും മറെറാരു സ്ഥലത്തേക്ക് ഒരു വിവരം അറിയിക്കുക എന്നതു് വളരെ വിഷമകരമായിരുന്ന ഇന്നു് എല്ലാ പ്രധാനസ്ഥലങ്ങളിലും തപാലാഫീസുകളുണ്ടു്. എഴുത്തയയ്ക്കുന്നതിനും മണിയാർഡറായി പണം അയയ്ക്കുന്നതിനുമുള്ള സൗകര്യങ്ങൾക്കുപുറമേ, പണം നിക്ഷേപിക്കുന്നതിനുള്ള സൗകര്യവും മിക്ക തപാലാഫിസുകളിലുമുണ്ടു്. ഇവകൂടാതെ കമ്പിത്തപാൽ, ടെലിഫോൺ എന്നിവയും, വിദേശരാജ്യങ്ങളുമായി ആശയം കൈമാറാൻ കേബിളും എന്നാ കമ്പിത്തപാലുമുണ്ടു്. 2000 ആളുകളും അധിവസിക്കുന്ന ഓരോ സ്ഥലത്തും ഓരോ പോസ്റ്റാഫീസു് സ്ഥാപിക്കാൻ ഗവണ്മെൻറിനുദ്ദേശമുണ്ടു്. തപാലും കമ്പിത്തപാലും കേന്ദ്രഗവണ്മെൻറിൻെറ കീഴിലാണു്. കച്ചവടനിലവാരം, ബാങ്കുസംബന്ധമായ കാര്യങ്ങളും, കാലാവസ്ഥാമുതലായവയ്ക്കും കമ്പിത്തപാൽ, ഫോൺ മുതലായവ ഉപയോഗപ്പെടുന്നു. വിദേശീയസമ്പർക്കത്തിനും ഈ വാർത്താവിനിമയോപകരണങ്ങളും പ്രയോജനകീഭവിക്കുന്നു.

3. വിദ്യാഭ്യാസവും പൊതുജനാരോഗ്യവും

ഒരു പൗരനു് അയാളുടെ മുഴുതലകളും ശരിയായി നിറവേറാൻ വിദ്യാഭ്യാസം അത്യന്താപേക്ഷിതമാണു്. ഇന്ത്യയിൽ ഇന്നു പ്രായപൂർത്തിവോട്ടവകാശമുണ്ടല്ലോ. ജനകീയഭരണത്തിൻെറ വിജയത്തിനും ഗവണ്മെൻറിൻെറ വികസനപദ്ധതികളും പൂർണ്ണഫലത്തിലെത്തുന്നതിനും സാമൂഹ്യമായ വളർച്ചയ്ക്കുമെല്ലാം അഭ്യസ്തവിദ്യരായ പൗരന്മാർ വേണം. എന്നാൽ ഇന്ത്യയിലെ ജനങ്ങളിൽ ബഹുഭൂരിപക്ഷത്തിനും സാക്ഷരതപോലുമില്ല. അഭ്യസ്തവിദ്യരുടെ ശതമാനം പതിനഞ്ചത്രേ. ഈ ദുഃസ്ഥിതി പരിഹരിക്കാൻ കേന്ദ്ര-സ്റ്റേറഗവണ്മെൻറുകളും നടപടികളും എടുത്തുവരുന്നു. തൊഴിലിനു പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ബേസിക്പദ്ധതിയാണു്, വിദ്യാഭ്യാസത്തിൻെറ പ്രൈമറി-സെക്കൻഡറിഘട്ടങ്ങളിൽ ഏറ്റെടുത്തുന്നതു്. തൊഴിൽപരിശീലനംവഴി വിദ്യാഭ്യാസം നടത്തുകയാണു് ബേസിക്പദ്ധതിയുടെ രീതി. മഹാത്മാഗാന്ധിയാണു് ഈ പദ്ധതിയുടെ ഉപജ്ഞാതാവു്. പ്രാഥമികവിദ്യാ

ലയങ്ങളെ ഇപ്പോൾ അടിസ്ഥാനവിദ്യാലയങ്ങളായി രൂപാന്തരപ്പെടുത്തിവരുന്നു. പ്രായമായവർക്ക് വിദ്യാഭ്യാസംനല്കുന്നതിനു സാമൂഹ്യവിദ്യാഭ്യാസകേന്ദ്രങ്ങളും സ്ഥാപിച്ചിട്ടുണ്ട്. വിദ്യാഭ്യാസപുരോഗതിക്കു ഗവണ്മെൻറ് വേറെയും പല പദ്ധതികളും പരിഷ്കാരങ്ങളും ഏർപ്പെടുത്തിവരുന്നു.

വിദ്യാഭ്യാസം മാനസികമായി നമ്മെ ആരോഗ്യമുള്ളവരാക്കുന്നു. ശാരീരികമായ ആരോഗ്യവും, ഒരു ക്ഷേമരാഷ്ട്രത്തിലെ ഓരോ പൗരനും ഉണ്ടായിരിക്കണം, രാജ്യത്തിൻെറ അടിവിദ്ധിക്ക്. ആരോഗ്യസ്ഥിതി മോശമാണെങ്കിൽ, ആ രാജ്യത്തെ ജനസമൂഹം കാലക്രമത്തിൽ അധഃപതിക്കും. പാശ്ചാത്യരാജ്യങ്ങളിൽ മനുഷ്യൻെറ ശരാശരി ആയുസ്സ് അറുപതു വയസ്സാണ്. ഇന്ത്യയിലാകട്ടെ മുപ്പത്തിരണ്ടുവയസ്സ്. മലമ്പനി ക്ഷയം, സാക്രമികരോഗങ്ങൾ ഇവ പിടിപെട്ട് ആണ്ടുതോറും വലിയ ഒരു സംഖ്യ ചരമമടയുന്നു. പോഷകാഹാരത്തിൻെറ കുറവ്- ദാരിദ്ര്യം ആരോഗ്യനിയമങ്ങളെപ്പറ്റിയുള്ള അജ്ഞത, ആസ്പത്രികളുടെയും ഡാക്ടർമാരുടെയും കുറവ് മുതലായവയാണ് ഈ ദുരവസ്ഥയുടെ കാരണം. കുടിക്കാൻ ശുദ്ധജലത്തിനു കിണറുകൾ കുഴിപ്പിക്കുക, മലിനജലം കളയുന്നതിനുള്ള ഡ്രെയ്നേജ്, ഓടകളും കക്കൂസുകളും നിർമ്മിക്കുക, കുത്തിവെയ്പ്പ് നടത്തുക, ക്ലൃത്തൽ ആശുപത്രികൾ സ്ഥാപിക്കുക എന്നീ മാർഗ്ഗങ്ങളിലൂടെ ആരോഗദൃഢഗാത്രന്മാരായ പൗരന്മാരെ സൃഷ്ടിക്കാൻ ഗവണ്മെൻറ് ഉത്സാഹിക്കുന്നു. അലോപ്പതിയോടൊപ്പം, നാട്ടുചികിത്സയേയും നമ്മുടെ ഗവണ്മെൻറ് പ്രോത്സാഹിപ്പിക്കുന്നു. ആരോഗ്യവകുപ്പിനു മന്ത്രിയും, പൊതുജനാരോഗ്യത്തിനു ഒരു ഡിപ്പാർട്ടുമെൻറുമുണ്ട്.

4. പഞ്ചവത്സരപദ്ധതി

മുൻകഴിഞ്ഞ ഖണ്ഡികകളിൽ പലേടത്തും പഞ്ചവത്സരപദ്ധതിയെപ്പറ്റി പരാമർശിച്ചിട്ടുണ്ട്. എന്താണ് ഈ പഞ്ചവത്സരപദ്ധതി? ഒരു നിശ്ചിതകാലയളവിൽ—അഞ്ചുവർഷത്തിനുള്ളിൽ—നടപ്പാക്കേണ്ട സാമ്പത്തികപരിപാടികളാണ് പഞ്ചവത്സരപദ്ധതി. റഷ്യയാണ് ആദ്യമായി പഞ്ചവത്സരപദ്ധതി ആവിഷ്കരിച്ചതു്. ഏ

ന്നാൽ ഇന്ത്യയിലെ പഞ്ചവത്സരപദ്ധതി, റഷ്യൻ പദ്ധതിയുടെ കുണ്ണമടച്ചുള്ള ഒരു അനുകരണമല്ല. ഇന്ത്യൻസംസ്കാരത്തിനും, അന്തരീക്ഷത്തിനും അനുയോജ്യമായി, ദാരിദ്ര്യം, ചൂഷണം, തൊഴിലില്ലായ്മ ഇവ പരിഹരിക്കുന്നതിലേയ്ക്കും, രക്തം ചിന്താതെ സോഷ്യലിസ്റ്റ് മാതൃകയിലുള്ള ഒരു സമുദായസൃഷ്ടിക്കും വേണ്ടിയാണ് ഇപ്പോടത്തെ പഞ്ചവത്സരപദ്ധതികൾ. ഒന്നാം പഞ്ചവത്സരപദ്ധതി 1951-ൽ ആരംഭിച്ചു. അഞ്ചു വർഷത്തിനുള്ളിൽ പൂർത്തിയാക്കി. 1956-ൽ രണ്ടാംപഞ്ചവത്സരപദ്ധതി തുടങ്ങി.

ഇന്ത്യയിലെ ഭക്ഷ്യപ്രശ്നത്തിനു പരിഹാരമുണ്ടാക്കുക ആയിരുന്നു ഒന്നാംപഞ്ചവത്സരപദ്ധതിയുടെ മുഖ്യലക്ഷ്യം. ഇതിലേയ്ക്കായി നടപ്പാക്കിയ ജലസേചനപദ്ധതികളെപ്പറ്റി മുൻപു പഠിച്ചുകഴിഞ്ഞല്ലോ. ചില നദീതടപദ്ധതികളും ജലസേചനത്തിനെന്നപോലെ, വിദ്യുച്ഛക്തി ഉല്പാദിപ്പിക്കുന്നതിനും വേണ്ടിയായിരുന്നു. ഒന്നാം പഞ്ചവത്സരപദ്ധതിയുടെ ഫലമായി നമ്മുടെ കാർഷികവിഭവങ്ങൾ വർദ്ധിക്കുകയുണ്ടായി. കൂടാതെ സാമൂഹ്യവികസനത്തിനു കമ്മ്യൂണിറ്റിപ്രോജക്ട്കളും, നാഷണൽ എക്സ്റ്റൻഷൻ സർവ്വീസും ആരംഭിച്ചു. ഒന്നാംപദ്ധതിയിൽ, വ്യവസായവികസനത്തിന് എട്ടു ശതമാനം ചിലവഴിച്ചു.

ഒന്നാമത്തെ പഞ്ചവത്സരപദ്ധതിയുടെ വിജയം രണ്ടാംപദ്ധതി തുടങ്ങുന്നതിനു പ്രചോദനം നല്കി. രണ്ടാം പഞ്ചവത്സരപദ്ധതിയിൽ, വ്യവസായങ്ങൾക്കാണു പ്രാധാന്യം നല്കിയിരിക്കുന്നതു്. ഇന്ത്യയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും, ജീവിതത്തോതു് ഉയർത്തുന്നതിനും, സാമ്പത്തികാസമത്വങ്ങൾ പരിഹരിക്കുന്നതിനുമുള്ള പരിപാടികളും ഈ പദ്ധതിയിലുണ്ടു്. ഗവണ്മെൻറു നേരിട്ടു് ഘനവ്യവസായശാലകൾ സ്ഥാപിച്ചു നടത്തുന്നതും, രക്ഷാഭോഗം (ഇൻഷ്വറൻസ്) ദേശസാല്ക്കരിച്ചതും സോഷ്യലിസ്റ്റുവ്യവസ്ഥിതിയിലേയ്ക്കുള്ള കാൽവെയ്പുകളാണു്. രണ്ടാം പഞ്ചവത്സരപദ്ധതി അവസാനിക്കുമ്പോൾ, ഇരുമ്പും ഉരുക്കും ധാരാളം ഉല്പാദിപ്പിക്കുന്നതിനു് ഇന്ത്യയ്ക്കു സാധിക്കും. ലാഭമുണ്ടാക്കുക, എന്നതിനെക്കാൾ, തൊഴിലില്ലായ്മ പരിഹരിക്കുക, കൂടുതൽ

വിഭവങ്ങൾ ഉല്പാദിപ്പിക്കുക ഇവയാണ് നമ്മുടെ പഞ്ചവത്സരപദ്ധതികൾ ലക്ഷ്യമായി സ്വീകരിച്ചിട്ടുള്ളത്.

ചോദ്യങ്ങൾ:—

1. ക്ഷേമരാഷ്ട്രത്തിന്റെ അടിസ്ഥാനആശയങ്ങൾ ഏവ?

2. രാഷ്ട്രനിർമ്മാണത്തിൽ പൊതുമരാമത്തുവകുപ്പിനുള്ള പ്രാധാന്യം എന്ത്?

3. തൊഴിലാളികളുടെ നില നന്നാക്കാനായി ഗവണ്മെൻറ് നടപ്പാക്കിയിട്ടുള്ള പ്രധാനനിയമങ്ങൾ ഏവ?

4. ഒന്നാം പഞ്ചവത്സരപദ്ധതിയും രണ്ടാം പഞ്ചവത്സരപദ്ധതിയും താരതമ്യപ്പെടുത്തുക.

5. ആശയവിനിമയത്തിനുള്ള പ്രധാനഏർപ്പാടുകൾ ഏവ?

3352

COVER PRINTED BY THE S. G. P. AT THE GOVERNMENT PRESS, TRIVANDRUM